# ആത്മപ്രകാശിനി

## 2008 സെപ്റ്റംബർ

ആത്മപ്രകാശിനി പി. ഡി. എഫ്. ആയി താങ്കൾക്ക് എത്തിക്കുന്നതിൽ ഞങ്ങൾക്ക് വളരെ സന്തോഷം ഉണ്ട്. വരിസംഖ്യകൊണ്ടു മാത്രം നടത്തപ്പെടുന്ന ഈ ശുശ്രൂഷ ഇനിയും മുമ്പോട്ട് കൊണ്ടുപൊകണമെങ്കിൽ വായനക്കാരുടെ സഹകരണം ആവശ്യമാണ്. ആത്മപ്രകാശിനി പി. ഡി. എഫ്. ആയി ലഭിക്കുന്നവർ ഈ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുകയും ഇതിന്റെ സുഗമമായ നടത്തിപ്പിനായി വർഷത്തിൽ ഒരിക്കലെങ്കിലും സാമ്പത്തികമായി സഹകരിക്കുകയും ചെയ്യേണ്ടതാണ്.

**Please send your gift as a DD to:**

**The Manager**
**Athmaprakashini**
**P.B. No. 10**
**Kumbanad**
**Pathanamthitta Dist.**
**Kerala-689 547**
**India**

**Please see the details:**

**Bank: Indian Overseas Bank**
**Branch: Kumbanad**
**SB account no: 1492**
**DD should be in favour of “Athmaprakashini, Kumbanad”.**

# അകത്താളുകളിൽ


**ദൈവത്തെ അനുകരിപ്പീൻ**
ഡോ. ഒ.എം. ശമുവേൽ .................... 3

**നമ്മുടെ ഞായറാഴ്ചകൾ**
എം.ഇ. ചെറിയാൻ ................................ 4

**അപ്പൊസ്തലന്മാരുടെ പ്രവൃത്തി . . . .**
വി.പി. ജേക്കബ് .................................. 6

**പരിണാമ സൃഷ്ടി വിവാദം . . . .**
ഡോ. ജോൺസൺ ജോർജ്ജ് ........ 8

**ആരാധന പുതിയനിയമത്തിൽ**
എസ്. ജി. ഗിൽബർട്ട് ........................ 9

**ആ കാലത്ത്**
ഗോഡ്ലി പി.എസ്സ് ............................ 11

**ഒരു എളിയ ദൈവദാസന്റെ . . . . .**
പി.എ. ഏബ്രഹാം .............................. 12

**ഓർമ്മയിൽ നിന്നും മായാതെ. . . . .**
കെ.പി. ജോർജ്ജ് ................................ 13

**മാളികമുറി പ്രഭാഷണം**
ഡോ. ഒ.എം. സാമുവേൽ ................. 14

**അനന്യാസ് കൊടുത്ത ലേസർ. . . . .**
കെ.എ. ഏബ്രഹാം ............................ 15

**തിമൊഥെയൊസിന് എഴുതിയ . . . . .**
ജേക്കബ് തോമസ് .............................. 17

**യഥാർത്ഥ അനുഗ്രഹം**
കുഞ്ഞമ്മ ചാക്കോ ............................. 18

**ബൈബിൾ പ്രശ്നാവലി .................** 19

**വാർത്തകളും, കുറിപ്പുകളും** 21


### *വരിക്കാരുടെ ശ്രദ്ധയ്ക്ക്*

*മാസിക സംബന്ധമായ എല്ലാ എഴുത്തുകുത്തുകളിലും നിങ്ങളുടെ മേൽവിലാസത്തോടൊപ്പം കാണുന്ന രജിസ്റ്റർ നമ്പർകൂടികാണിക്കണം.*

*നിങ്ങളുടെ മേൽവിലാസം മാറുമ്പോൾ പുതിയ വിലാസത്തൊടൊപ്പം പഴയ വിലാസവും ഞങ്ങളെ അറിയിക്കുക. വാർഷിക വരിസംഖ്യ അയച്ചുതരുവാൻ മറക്കരുത്.*

*എല്ലാ മാസവും 10 നു മാസിക തപാലിൽ അയയ്ക്കുന്നു. ഒരാഴ്ചയ്ക്കുള്ളിലും ലഭിച്ചില്ലെങ്കിൽ പോസ്റ്റോഫീസിൽ അന്വേഷിച്ചശേഷം ദയവായി ഞങ്ങളെ അറിയിക്കുക.*


# ആത്മപ്രകാശിനി

**Vol. XXVII** **No.9**

## 2008 സെപ്റ്റംബർ

***പത്രാധിപസമിതി***
കെ. എ. ഫിലിപ്പ്
ഡോ. ഓ.എം. ശാമുവേൽ
ഡോ. കെ.സി. ജോൺസൺ

***പബ്ലിഷർ & മാനേജർ***
സി. എ. ജോർജ്ജ്

***ഡി.റ്റി.പി.***
**നെല്ലിമല** ഓഫ്സെറ്റ് പ്രിന്റേഴ്സ്, കുമ്പനാട്
ഫോൺ : 0469 2663308, 94476 00308

***പ്രിന്റിങ്***
എക്സൽ ഓഫ്സെറ്റ് പ്രിന്റേഴ്സ്, ഓമല്ലൂർ
ഫോൺ: 0468 2 350320

**വാർഷിക വരിസംഖ്യ**
ഇന്ത്യയിൽ : 50 രൂപ (മുൻകൂർ)
വിദേശത്ത് : 500 രൂപ (മുൻകൂർ)

***ലേഖനങ്ങൾ അയയ്ക്കേണ്ട വിലാസം***
ഡോ.ഓ. എം. ശാമുവേൽ
പി.ബി.നമ്പർ - 46
സുവിശേഷാലയം
പത്തനംതിട്ട - 689 645
ഫോൺ: 0468 2 224045

**വാർത്തകൾ, വിലാസമാറ്റം, വരിസംഖ്യ സംഭാവന, മാസിക സംബന്ധിച്ച എഴുത്തുകൾ എന്നിവ അയയ്ക്കേണ്ട വിലാസം**

മാനേജർ
**ആത്മപ്രകാശിനി**
പി.ബി.നമ്പർ : 10
കുമ്പനാട് 689 547
ഫോൺ : 0469 2664314 (O)
0469 2664925 (R)

www.athmaprakashini.com
kcjohnson3000@gmail.com

# "ദൈവത്തെ അനുകരിപ്പിൻ" (എഫെ. 5:1)

ഡോ. ഒ.എം. സാമുവേൽ

അപ്പൊസ്തലനായ പൗലൊസ് എഫെസൊസിലെ വിശ്വാസികൾക്ക് നൽകുന്ന ഈ ആഹ്വാനം വളരെ ചിന്തനീയമാണ്. വിശ്വാസികൾ ദൈവത്തിന്റെ പ്രിയമക്കൾ ആണ്. യേശുക്രിസ്തുവിനോടുള്ള ബന്ധത്തിൽ പിതാവിന്റെ വാക്കുകൾ ഇതുപോലുള്ള ഒന്നായിരുന്നല്ലോ: "ഇവൻ എന്റെ പ്രിയ പുത്രൻ". ഇതുപോലെ വിശ്വാസികളും ദൈവത്തിന്റെ പ്രിയ മക്കൾ ആണ്. അങ്ങനെയുള്ള പ്രിയ മക്കളോടുള്ള ആഹ്വാനമാണ് ദൈവത്തെ അനുകരിക്കുക എന്നുള്ളത്. മഹാപരിശുദ്ധനും കരുണാസമ്പന്നനും സ്നേഹ നിധിയുമായ ദൈവത്തെ എങ്ങനെയാണ് കേവലം മനുഷ്യരായ വിശ്വാസികൾക്ക് അനുകരിക്കുവാൻ സാധിക്കുക? അർത്ഥവത്തായ ഒരു ചോദ്യം തന്നെ.

അപ്പൊസ്തലനായ യോഹന്നാന്റെ എഴുത്തുകളിൽ ദൈവത്തെക്കുറിച്ചുള്ള ചില നിർവ്വചനങ്ങൾ നമുക്കു കാണാം. അവയിൽ ഒന്നാണ് ദൈവം സ്നേഹം തന്നെ എന്നുള്ളത് (1 യോഹ. 4:9). ദൈവത്തെ അനുകരിപ്പിൻ എന്ന ആഹ്വാനം കഴിഞ്ഞ് അടുത്ത വാക്യത്തിൽ നാം വായിക്കുന്നത് സ്നേഹത്തിൽ നടപ്പിൻ എന്നാണ്. വിശ്വാസികൾക്ക് സ്നേഹത്തിൽ നടക്കാൻ സാധിച്ചാൽ ദൈവത്തെ അനുകരിപ്പാനും സാധിക്കും. നാം വീണ്ടുംജനനം പ്രാപിക്കുമ്പോൾ ദിവ്യസ്വഭാവത്തിന് കൂട്ടവകാശികളായിത്തീരുന്നു എന്നാണല്ലോ പത്രൊസ് തന്റെ ലേഖനത്തിൽ പറയുന്നത് (2 പത്രൊ. 1:4). ദൈവത്തിന്റെ ദിവ്യസ്വഭാവ മാണല്ലോ സ്നേഹം എന്നുള്ളത്. ആ ദിവ്യസ്വഭാവത്തിന്റെ കൂട്ടവകാശികളായിത്തീരുമ്പോൾ സ്നേഹ ത്തിൽ നടക്കുക എന്നുള്ളത് ഒരു വിശ്വാസിക്ക് സുസാദ്ധ്യമായ ഒരു ജീവിതശൈലിയായിത്തീരും. മാത്ര വുമല്ല വീണ്ടെടുക്കപ്പെട്ട ഒരു വിശ്വാസിയിൽ ദൈവസ്നേഹം പരിശുദ്ധാത്മാവിനാൽ പകർന്നിരിക്കുക യാണെന്ന് റോമർ 5:5 ൽ നാം വായിക്കുന്നു. ദൈവത്തിന്റെ സ്നേഹം ഹൃദയങ്ങളിൽ പകരപ്പെട്ട വിശ്വാ സികൾക്ക് സ്നേഹത്തിൽ നടന്ന് ദൈവത്തെ അനുകരിക്കുവാൻ കഴിയുമല്ലോ. ദൈവസ്നേഹത്തിന്റെ മാഹാത്മ്യം ആർക്ക് വർണ്ണിക്കുവാൻ കഴിയും! മാനുഷിക സ്നേഹത്തിന് അതിന്റേതായ പരിമിതികളു ണ്ട്. എന്നാൽ ദൈവസ്നേഹം നിത്യമായ ഒന്നാണ്. അതുകൊണ്ടാണ് നിത്യസ്നേഹത്താൽ ദൈവം നമ്മെ സ്നേഹിച്ചു എന്നു പറയുന്നത്. ആ നിത്യസ്നേഹമാണ് നമ്മിലും പകർന്നിരിക്കുന്നത്. മനുഷ്യ സ്നേഹത്തിന് മരണത്തിനപ്പുറത്തേക്ക് പ്രവേശനമില്ല. എന്നാൽ നമുക്ക് ലഭിച്ചിരിക്കുന്ന ദൈവസ്നേഹം നിത്യതവരെ നിലനിൽക്കുന്ന അതുല്യമായ നിസ്വാർത്ഥ സ്നേഹമാണ്. ഡോ. എസ്. രാധാകൃഷ്ണൻ ഇങ്ങനെ പറഞ്ഞിട്ടുണ്ട്. Christians are ordinary people who claim extra ordinary things. അസാധാ രണ കാര്യങ്ങൾ അവകാശപ്പെടുന്ന സാധാരണക്കാരാണ് ക്രിസ്ത്യാനികൾ. സ്നേഹത്തിലുള്ള നമ്മുടെ നടപ്പിലൂടെ അസാധാരണമായ ദൈവസ്നേഹത്തെ നമുക്ക് പ്രദർശിപ്പിക്കാം.

ദൈവത്തെക്കുറിച്ചുള്ള മറ്റൊരു നിർവ്വചനമാണ് ദൈവം വെളിച്ചമാകുന്നു എന്നുള്ളത് (1 യോഹ. 1:5). ദൈവത്തെ അനുകരിക്കുന്നതിനോടുള്ള ബന്ധത്തിൽ എഫെ. 5:9 ൽ വെളിച്ചത്തിലുള്ളവരായി നട ന്നുകൊൾവിൻ എന്നാണ് അപ്പൊസ്തലൻ ആവശ്യപ്പെടുന്നത്. ഇരുട്ട് പാപത്തിന്റെ കറുത്ത ചിത്രമാ ണ്. ഒരു കാലത്ത് നാം ഇരുട്ടിൽ പാപാന്ധകാരത്തിൽ കിടന്നവരായിരുന്നു. അല്ല നാം ഇരുട്ടുതന്നെയാ യിരുന്നു. അതിൽനിന്നും നാം മോചിതരായിരിക്കുകയാണ്. ഇന്ന് നാം വെളിച്ചത്തിന്റെ മക്കൾ ആണ്, നാം വെളിച്ചത്തിൽ നടക്കേണ്ടുന്നവരാണ്. സമാഗമനകൂടാരത്തിൽ ശുശ്രൂഷ ചെയ്യുന്ന പുരോഹിതൻ വിശുദ്ധ സ്ഥലത്തെ കവരവിളക്കിന്റെ പ്രകാശത്തിലാണല്ലോ ശുശ്രൂഷിക്കുന്നത്. നാമും ദൈവത്തിന്റെ പുരോഹിതവർഗ്ഗമാണ്. കവരവിളക്ക് യേശുക്രിസ്തുവിന്റെ നിഴലാണല്ലോ. നാമും ഇതുപോലെ വെളി ച്ചത്തിൽ നടക്കണം. നാംതന്നെ ലോകത്തിന്റെ വെളിച്ചങ്ങളായി പ്രകാശിക്കേണ്ടുന്നവരാണ്.

ദൈവത്തെ അനുകരിക്കുന്നതിനെപ്പറ്റി പറയുമ്പോൾ എഫെ. 5-ാം അദ്ധ്യായത്തിൽ അപ്പൊസ്ത ലൻ പറയുന്നത് ജ്ഞാനികളായിട്ട് നടക്കാനാണ്. യേശുക്രിസ്തുവിന്റെ ഒരു അവകാശ വാദമാണ് താൻ സത്യമാണ് എന്നുള്ളത്. കർത്താവ് സത്യമായിരിക്കുന്നതുകൊണ്ട് നാമും സത്യത്തിൽ നടക്ക ണം. വിശ്വാസികൾ സത്യത്തിൽ നടന്നാൽ എത്രയോ അനുഗ്രഹീതമായ മാതൃകയായിരിക്കും നാം കാണിക്കുന്നത്. യോസേഫിന്റെ സഹോദരന്മാർ അവർ വിറ്റുകളഞ്ഞ അവരുടെ സഹോദരന്റെ മുമ്പാകെ നിൽക്കുന്ന രംഗം നമുക്ക് പരിചിതമാണല്ലോ. അവർ പറഞ്ഞത് അവർ "പരമാർത്ഥികൾ" ആണ് എന്നാ ണ്. അവരുടെ സഹോദരന്മാരിൽ ഒരാൾ ഇപ്പോൾ ഇല്ല എന്നു പറയുന്നത് യോസേഫിന്റെ മുമ്പിൽ നിന്നുകൊണ്ടാണെന്നുള്ളത് നാം മറക്കരുത്. വിശ്വാസികൾ സത്യത്തിന് സാക്ഷികളായി നിൽക്കേണ്ട വരാണ്. അല്ലാതെ യോസേഫിന്റെ സഹോദരന്മാർ ചെയ്തതുപോലെ അസത്യത്തിന് സാക്ഷി നിൽക്കു

# നമ്മുടെ ഞായറാഴ്ചകൾ

**എം.ഇ. ചെറിയാൻ**

ശബ്ബത്തു നമുക്കില്ല. "ശബ്ബത്തു നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക" ആ കല്പന നമുക്കു ബാധകമല്ല. അത് ന്യായപ്രമാണമാണ്. നാം ന്യായപ്രമാണത്തിൽ നിന്ന് വിടുതൽ പ്രാപിച്ചവരാണ്. ഞായറാഴ്ച ശബ്ബത്തല്ല. ശബ്ബത്ത് ശനിയാഴ്ചയാണ്. നാം ഞായറാഴ്ച ശബ്ബത്തായി കരുതുന്നില്ല. കർത്താവ് ഉയിർത്തെഴുന്നേറ്റ ദിവസം അവനെ ആരാധിക്കാൻ നാം കൂടിവരുന്നെന്നേയുള്ളൂ. ആണ്ടിന്റെ ഒരു ദിവസവും നമുക്ക് പ്രത്യേകമല്ല. എല്ലാ ദിവസവും ഒരുപോലെ. ദുഃഖവെള്ളിയാഴ്ചയോ ഉയിർപ്പിൻ പെരുനാളോ ക്രിസ്തുമസ്സോ ഒന്നും നമുക്കു വേണ്ടാ. എല്ലാ കർമ്മാചാരങ്ങളിൽ നിന്നും നാം വിടുതൽ പ്രാപിച്ചിരിക്കുന്നു. ഭക്ഷണപാനങ്ങൾ, പെരുനാൾ, വാവ്, ശബ്ബത്ത് എന്നീ കാര്യത്തിൽ ആരും നമ്മെ വിധിക്കരുത്. അവ വരുവാനിരുന്നവയുടെ നിഴലത്രേ.

നല്ല ഉപദേശം. പഥ്യോപദേശം. അടിസ്ഥാനോപദേശം. അതുതന്നെയാണ് നാം പിൻപറ്റേണ്ടത്. നിഴലുകൾ നമുക്കു വേണ്ട. അവയുടെ കാലം കഴിഞ്ഞു. പക്ഷേ ഇവിടെ ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. നിഴലുകൾ വരുവാനിരുന്ന പൊരുളുകളുടെ നിഴലുകൾ ആയിരുന്നു. എന്താണ് ആ പൊരുളുകൾ? വളയത്തിൽക്കൂടെ ചാടിയവൻ വളയം ചുരുക്കിചുരുക്കി ഒടുവിൽ വളയം കൂടാതെ ചാടിയതുപോലെ നിഴലുകൾ വേണ്ടെന്നു വെയ്ക്കുന്നവർ ഒടുവിൽ നിഴലും പൊരുളും ഒന്നും വേണ്ടെന്നു വെയ്ക്കുന്ന ദുരവസ്ഥയിൽ നാം പതിക്കരുത്.

ശബ്ബത്തു നാളിനെ ശുദ്ധീകരിക്കുക എന്ന ആചാരത്തിന്റെ പിന്നിലുള്ള പൊരുൾ എന്താണ്? ആത്മീകാർത്ഥം എന്താണ്? ആറു ദിവസം അദ്ധ്വാനിച്ച് നിന്റെ വേല ചെയ്യുക. ഏഴാം ദിവസം നിന്റെ ദൈവമായ യഹോവയുടെ ശബ്ബത്ത് ആകുന്നു. ആറു ദിവസം നമ്മുടെ ഭൗമീകാവശ്യങ്ങൾക്കായി അദ്ധ്വാനിക്കുക. ഒരു ദിവസം ദൈവത്തിനായി വേർതിരിക്കുക. നമ്മുടെ സമയം മുഴുവൻ സ്വന്ത കാര്യങ്ങൾക്കായി ചെലവിടാതെ അതിന്റെ ഒരു ഭാഗം ദൈവത്തിനു നൽകുക. അതുകൊണ്ടല്ലേ ശബ്ബത്തു നാളിനെ ശുദ്ധീകരിക്കുക എന്ന് ദൈവം കല്പിച്ചത്. യഹൂദൻ ആ ദിവസം മറ്റെല്ലാ ജോലികളും നിറുത്തി വെച്ച് ദൈവാരാധനയ്ക്കും വേദ

---

കയല്ല വേണ്ടത്. നാം സത്യം അറിയുകയും ആ സത്യത്തിൽ നടക്കുകയും വേണം. ഏതു സത്യമാണോ അറിഞ്ഞിരിക്കുന്നത് ആ സത്യത്തിനുവേണ്ടി നിലനിൽക്കുകയും വേണം. നമ്മുടെ കുഞ്ഞുങ്ങൾ സത്യത്തിൽ നടക്കുന്നു എന്നറിയുന്നത് എത്രയോ അഭിമാനാർഹമായ ഒരു കാര്യമാണ്.

എഫെ. 5 ൽ ദൈവത്തെ അനുകരിക്കുന്നതിനോടുള്ള ബന്ധത്തിൽ അപ്പൊസ്തലൻ മറ്റൊരു സത്യംകൂടി അനുസ്മരിപ്പിക്കുന്നുണ്ട്. ആത്മാവിൽ നിറഞ്ഞവരാകുവിൻ എന്ന ആഹ്വാനം. ദൈവം ആത്മാവാണെന്ന് യോഹന്നാന്റെ സുവിശേഷത്തിൽ നാം വായിക്കുന്നുണ്ട്. ആത്മാവാകുന്ന ദൈവത്തെ അനുകരിക്കുന്നവർ അവന്റെ ആത്മാവിൽ നിറഞ്ഞവരാകണം. ഇത് ബഹുവചന രൂപത്തിലാണ് പറഞ്ഞിരിക്കുന്നത്. വിശ്വാസികൾ എല്ലാവർക്കും സാദ്ധ്യമാകുന്ന ഒരു ആത്മീയ അനുഭവമാണ് ആത്മാവിൽ നിറയുക എന്നുള്ളത്. അതുപോലെ ഇത് തുടർച്ചായി നമുക്കു കൈവരുന്ന ഒരനുഭവവും ആണ് എന്താണ് ആത്മാവിൽ നിറയുക എന്നു പറഞ്ഞാൽ? ആത്മാവിന്റെ സമ്പൂർണ്ണ നിയന്ത്രണത്തിൽ ആവുക എന്നാണർത്ഥം. വീഞ്ഞ് കുടിച്ച് മത്തരാകുന്നവർ വീഞ്ഞിന്റെ ലഹരിക്ക് അടിമകളായിത്തീരുന്നു. വിശ്വാസികൾ ആത്മാവിന്റെ നിയന്ത്രണത്തിൽ ആവുക എന്നുള്ളത് അനുഗ്രഹീതമായ ഒരു അനുഭവ സമ്പത്താണ്. ആത്മനിറവിനാൽ പാടുവാൻ കഴിയും. പാട്ട് സന്തോഷത്തിന്റെ ബഹിർപ്രകടനമാണല്ലോ. ക്രിസ്തീയജിവിതം സംഗീതസാന്ദ്രമാണ് എന്നു പറഞ്ഞാൽ അത് സത്യമായിരിക്കും. ആത്മാവിൽ നിറയുമ്പോൾ എല്ലാറ്റിനും എല്ലായ്പ്പോഴും സ്തോത്രം ചെയ്യുവാൻ കഴിയും വല്ലപ്പോഴും ഉള്ള അനുഭവമല്ല. എല്ലാ സമയത്തും സ്തോത്രത്തിന്റെ ബഹിർ പ്രകടനം നമ്മിൽ ഉണ്ടാകണം. ആത്മനിറവിന്റെ മറ്റൊരു സാദ്ധ്യതയാണ് അന്യോന്യം കീഴ്പ്പെടുക എന്നുള്ളത്. ഇതിന്റെ അടിസ്ഥാനത്തിലാണ് കുടുംബജീവിതത്തിൽ ഭാര്യ ഭർത്താവിന് കീഴടങ്ങിയിരിക്കുക എന്നു പറയുന്നത്. ആത്മാവിന്റെ നിറവിൽ നിന്നുയരുന്ന ഈ ഗുണഗണങ്ങൾ എത്രയോ അനുഗ്രഹ സമ്പൂർണ്ണങ്ങളാണ്. ആത്മനിറവിനായും നാം നമ്മെത്തന്നെ കർത്തൃകരങ്ങളിൽ ഭരമേല്പിക്കണം. ആത്മനിറവ് ആത്മസ്നാനം പോലെ ചരിത്രത്തിൽ ഒരിക്കൽ മാത്രം നടന്ന ഒന്നല്ല, ജീവിതാന്ത്യം വരെ അനസ്യൂതമായി നമ്മുടെ ജീവിതത്തിൽ അനുഭവവേദ്യമാകുന്ന ഒന്നാണ്.

ദൈവത്തെ അനുകരിക്കുവാൻ സാധിക്കുന്ന ചില കാര്യങ്ങളാണ് നാം ചിന്തിച്ചത്. സ്നേഹത്തിൽ നടക്കുക, വെളിച്ചത്തിൽ നടക്കുക, സത്യത്തിൽ നടക്കുക, ആത്മാവിൽ നിറഞ്ഞവരാകുക എന്നെല്ലാം ഈ ദൃശ്യപ്രത്യേകതകളാൽ പ്രശോഭിതമായ ഒരു ജീവിതശൈലി നമുക്കുണ്ടാകട്ടെ. അങ്ങനെ നമുക്ക് ദൈവത്തിന്റെ അനുകാരികളായിത്തീരാൻ കർത്താവു സഹായിക്കട്ടെ. ●

വായനയ്ക്കും വേർതിരിച്ചു. ഇന്നും യഹൂദൻ ശബ്ബത്താചരിക്കുന്നതിൽ വളരെ നിഷ്ഠയുള്ളവനാണ്.

പുതിയനിയമ വിശ്വാസികൾ ശബ്ബത്താചരിച്ചിരുന്നില്ല. യഹൂദമതത്തിൽ നിന്നു വന്ന ന്യായപ്രമാണപ്രിയരായ ചില വിശ്വാസികൾക്ക് ശബ്ബത്തു മുതലായ ചില പ്രമാണങ്ങൾ സഭയിലും തുടരണമെന്ന് താല്പര്യമുണ്ടായിരുന്നു. ഗലാത്യസഭയിൽ അങ്ങനെ ചിലർ എഴുന്നേറ്റു. അവർ ദിവസങ്ങളും മാസങ്ങളും കാലങ്ങളും ഒക്കെ ആചരിക്കാൻ തുടങ്ങി. പൗലൊസ് അവരെ ശാസിച്ചു. ''ഞാൻ നിങ്ങൾക്കുവേണ്ടി അദ്ധ്വാനിച്ചത് വെറുതെയായി എന്ന് ഞാൻ ഭയപ്പെടുന്നു'' എന്ന് അവൻ അവർക്കെഴുതി ഗലാ. 4:10-11.

എന്നാൽ ശബ്ബത്തു വേണ്ടെന്നു വെച്ച പുതിയ നിയമ വിശ്വാസികൾ ആഴ്ചയിൽ ഒരു ദിവസം കർത്താവിനായി വേർതിരിക്കാതിരുന്നില്ല. അതിന് കർത്താവ് പുനരുത്ഥാനം പ്രാപിച്ച ദിവസം അവർ തിരഞ്ഞെടുത്തു. കർത്തൃദിവസം എന്ന് അതിന്ന് അവർ പേരിട്ടു. ആഴ്ചവട്ടത്തിന്റെ ആ ഒന്നാംദിവസംതോറും അവർ കൂടി വന്നു. അപ്പൊ. 20:7; 1. കൊരി. 16:2; വെളി 1:10. അന്ന് കൂട്ടായ്മ ആചരിച്ചും ദൈവത്തെ ആരാധിച്ചും പോന്നു. ശബ്ബത്താചാരം കൊണ്ട് ദൈവം എന്ത് ഉദ്ദേശിച്ചുവോ അക്കാര്യം അവർ കർത്തൃദിവസംകൊണ്ട് നിറവേറ്റി.

ഈ ബോധം ഞായറാഴ്ചകളെപ്പറ്റി-കർത്തൃദിവസങ്ങളെപ്പറ്റി -ഇന്നത്തെ വിശ്വാസികൾക്കുണ്ടോ എന്നു നാം ആഴമായി ചിന്തിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ഞായറാഴ്ചകൾ നാം എങ്ങനെയാണ് വിനിയോഗിക്കുന്നത്. അതു നമുക്ക് കർത്തൃദിവസമാണോ? ആറു ദിവസം സ്വന്തജോലികൾ നോക്കിയ നാം ഏഴാം ദിവസം-ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ പൂർണ്ണമായും കർത്താവിനു വിട്ടുകൊടുത്തിരിക്കയാണോ? ഞായറാഴ്ച നമുക്ക് സണ്ടേസ്കൂളും സഭായോഗവും ഉണ്ട്. സഭയിൽ പലർക്കും സണ്ടേസ്കൂൾ സേവനത്തിന് സമയമില്ല. ചുരുക്കം ചിലരേ അതിന് ഏർപ്പെടുന്നുള്ളൂ. നടത്താൻ ആൾ ഇല്ലാത്തതിനാൽ സണ്ടേസ്കൂൾ ഇല്ലാത്ത സഭകളും ഉണ്ട്. സഭായോഗത്തിനു മിക്കവരും വരും. അത് പലർക്കും നിർബന്ധമാണ്. എന്നാൽ ചിലർ കഷ്ടിച്ച് കർത്തൃമേശയ്ക്ക് മാത്രം സംബന്ധിക്കും. അതു കഴിഞ്ഞാലുടൻ സ്ഥലം വിടും. അവരെ കാണാൻ ചിലർ വീട്ടിൽ വരുന്നുണ്ട്. അല്ലെങ്കിൽ ചിലരെ കാണാൻ അവർക്കു പോകേണ്ടതുണ്ട്. ഞായറാഴ്ച അവധി ദിവസമായതുകൊണ്ട് അന്നുമാത്രം സാധിക്കാവുന്ന ജോലികൾ പലതാണ്. ആശുപത്രിയിൽ ഒരു പരിശോധനയ്ക്ക് അന്നാണ് പോകേണ്ടത്. മകന്റെ കല്യാണക്കാര്യം ഒന്നു തിരക്കാൻ അന്നേയുള്ളൂ നേരം. നൂറു കൂട്ടം കാര്യങ്ങളാണ് ഞായറാഴ്ചത്തേയ്ക്ക് മാറ്റി വെച്ചിരിക്കുന്നത്. അതിനിടയ്ക്ക് സഭായോഗത്തിന് ഒന്നു പോകയും വേണം. യോഗം 10 മിനിറ്റ് നീണ്ടു പോയെങ്കിൽ വാച്ചുനോട്ടം, ചൊമ, കൊര ഒക്കെയായി. ചിലർ പ്രതിഷേധം പ്രകടിപ്പിച്ച് ഇറങ്ങിപ്പോകും. ഞായറാഴ്ച കർത്താവിന്റെ ദിവസം. അന്ന് കർത്താവിനു കൊടുക്കാൻ അവർക്ക് 2 മണിക്കൂറിൽ കൂടുതൽ ഇല്ല. ദയനീയമാണിത്. ആഴ്ചയിൽ ഒരു ദിവസമാണ് കർത്താവിനായി വേർതിരിക്കാൻ നമുക്കുള്ളത്. ഇടദിവസങ്ങളിൽ പല സ്ഥലങ്ങളിലും കൂടി വരവുകൾ ഇല്ല. ഉണ്ടെങ്കിലും കൂടിവരുന്നവർ വളരെ ചുരുക്കം. ജോലിത്തിരക്കാണ്. ഞായറാഴ്ചയെങ്കിലും കുറേ സമയം തിരുവചന ധ്യാനത്തിനും പഠനത്തിനും കർത്തൃശുശ്രൂഷയ്ക്കും എടുക്കേണ്ടേ? ഞായറാഴ്ചയോഗത്തിൽ ആരാധനയ്ക്ക് മാത്രമല്ല, വചന ശുശ്രൂഷയ്ക്കും കാര്യമായ സ്ഥാനമുണ്ടായിരിക്കേണ്ടേ? ആഴ്ചയിലൊരിക്കലെങ്കിലും ദൈവവചനം കേൾക്കുവാൻ ലഭിക്കുന്ന സമയം മുഴുവനായും വിശ്വാസികൾ ഉപയോഗിക്കേണ്ടതല്ലേ? ഞായറാഴ്ച ഉച്ചതിരിഞ്ഞ് ഒരു വെളിയോഗം, രാത്രി സുവിശേഷയോഗം ഇതൊക്കെ നടക്കുന്നുണ്ടോ?

വിശ്വാസികൾ തമ്മിൽ കാണുന്നതിനും ക്രിസ്തുയേശുവിൽ തങ്ങൾക്കുള്ള കൂട്ടായ്മയും സ്നേഹവും ഒന്നുകൂടെ ഓർക്കുന്നതിനും പുതുക്കുന്നതിനുമുള്ള സന്ദർഭങ്ങളും ഞായറാഴ്ചകളാണ്. പല സ്ഥലങ്ങളിലും സഭായോഗം പിരിഞ്ഞ് ഒരു മിനിറ്റിനകം സഭാ ഹോൾ കാലിയാകും. സൈക്കിളിൽ, സ്കൂട്ടറിൽ, കാറിൽ എല്ലാവരും ഉടനെ സ്ഥലം വിട്ടുകഴിഞ്ഞു. തമ്മിലൊന്നു മിണ്ടാൻ നേരമില്ല. സഭായോഗത്തിനായി ഒന്നരയോ രണ്ടോ മണിക്കൂർ എടുത്തതുതന്നെ കൂടിപ്പോയി. അത്രയ്ക്കു ജോലിത്തിരക്കുകളാണ്. പ്രിയ വിശ്വാസീ ഞായറാഴ്ചകൾ നിനക്കു കർത്തൃദിവസങ്ങളാണോ? എങ്കിൽ അന്ന് എത്ര മണിക്കൂർ കർത്താവിനായി കിട്ടുന്നുണ്ട്. "യഹോവ വീടു പണിയാതിരുന്നാൽ പണിയുന്നവർ വൃഥാജാഗരിക്കുന്നു" എന്ന് ഓർത്തുകൊൾക. മുമ്പേ ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിക്കാതെ ദൈവത്തിനുള്ളതു ദൈവത്തിനു കൊടുക്കാതെ നീ അഹോരാത്രം ബന്ധപ്പെടുന്നതുകൊണ്ട് നിരാശയും നെടുവീർപ്പുമേ മിച്ചമാകു. മനസ്സിലാക്കുക.

(കടപ്പാട് സുവിശേഷകൻ നവം. 88.)

**മാന്യ മാസികാ മിത്രങ്ങളുടെ ശ്രദ്ധയ്ക്ക്**

ആത്മപ്രകാശിനിയുടെ വായനക്കാരിൽ പലരും വരിസംഖ്യ കുടിശ്ശികക്കാരാണ്. അറിയിപ്പുകൾ പ്രതീക്ഷിക്കാതെ വരിസംഖ്യ ദയവായി അയച്ചുതന്ന് ആ ആത്മീയശുശ്രൂഷയിൽ സഹകരിച്ചാലും.

# "അപ്പൊസ്തലന്മാരുടെ പ്രവൃത്തി"കളിലെ സ്വർണ്ണമണികൾ-20

## 13. പൗലൊസ് അപ്പൊസ്തലന്റെ ഗിരിപ്രഭാഷണം (തുടർച്ച)

വി.പി. ജേക്കബ്

**പൗ**ലൊസ് അപ്പൊസ്തലന്റെ ഗിരിപ്രഭാഷണം അവസാനിച്ചു. കേൾവിക്കാർ 3ആയി തിരിഞ്ഞു. "മരിച്ചവരുടെ പുനരുത്ഥാനത്തെക്കുറിച്ച് കേട്ടിട്ട് ചിലർ പരിഹസിച്ചു" (17:32). ഒന്നമാമത്തെ കൂട്ടർ പരിഹാസികളാണ്. കാൽവറികുന്നിൽ പരിഹാസികൾ ഉണ്ടായിരുന്നെങ്കിൽ അരയോപകകുന്നിലും പരിഹാസികൾ ഉണ്ടായതിൽ ഒട്ടും അത്ഭുതപ്പെടാനില്ല. പരമദുഷ്ടനും വേദന അനുഭവിക്കുന്നതു കാണുമ്പോൾ കാണികൾക്ക് സഹതാപം ഉണ്ടാകയെന്നത് മനുഷ്യസഹജമാണ്. അത്തരം ഒരു മനുഷ്യനും വേദന അനുഭവിക്കുമ്പോൾ അവനെ പരിഹസിക്കാൻ ഒരുമ്പെടുന്നവർ വളരെ ചുരുക്കമായിരിക്കും. മിക്കവാറും ഇല്ലെന്നു തന്നെ പറയാം. എന്നാൽ നന്മ മാത്രം ചെയ്തവനും യാതൊരു പാപവും ചെയ്യാത്തവനുമായ യേശുക്രിസ്തു മനുഷ്യരുടെ പാപപരിഹാരത്തിനുവേണ്ടി കാൽവറിക്രൂശിൽ ഏറ്റവും ഭയങ്കരമായ വേദന അനുഭവിച്ചുകൊണ്ട് കിടന്ന വേളയിലും അവനെ ക്രൂരമായും മൃഗീയമായും അകാരണമായും പരിഹസിക്കുന്നതിന് ആളുകൾ ഉണ്ടായിരുന്നു എന്നത് മനുഷ്യത്വത്തോടുള്ള ഒരു കടുത്ത വെല്ലുവിളിയായി ചരിത്രത്തിൽ അവശേഷിക്കുന്നു. അമ്പമ്പോ! എന്റെ സമസൃഷ്ടികൾ ഇത്രത്തോളം അധഃപതിച്ചു പോയല്ലോ എന്ന് ചിന്തിച്ച് ഞാൻ ലജ്ജിച്ച് തല താഴ്ത്തുകയും ആത്മാർത്ഥമായി ഖേദിക്കുകയും ചെയ്യുന്നു. പരിഹാസവും നിന്ദയും അങ്ങേഅറ്റം വരെ അനുഭവിച്ചവനായ യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി അംഗീകരിച്ച ക്രിസ്ത്യാനികളെ ലോകക്കാർ പരിഹസിക്കുമെന്നതിൽ ലവലേശം അത്ഭുതത്തിന് കാരണമില്ല. പരിഹാസികൾ എല്ലാ കാലത്തും ലോകത്തിൽ ഉണ്ടായിരിക്കും. അന്ത്യകാലത്ത് പരിഹാസികൾ വർദ്ധിക്കുകയേ ഉള്ളൂ എന്ന് തിരുവെഴുത്തുകൾ സ്പഷ്ടമായി പറയുന്നു.

ഇനിയും നമുക്ക് രണ്ടാമത്തെ കൂട്ടരെ സംബന്ധിച്ച് ചിന്തിക്കാം. "മറ്റു ചിലർ ഞങ്ങൾ ഇതിനെപ്പറ്റി പിന്നെയും നിന്റെ പ്രസംഗം കേൾക്കാം എന്ന് പറഞ്ഞു". "എന്നാൽ അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണമെന്ന് മനുഷ്യരോടു കല്പിക്കുന്നു". ദൈവം "ഇപ്പോൾ" എന്ന് കല്പിക്കുമ്പോൾ "പിന്നെ" എന്ന് പറയുന്നവരാണ് രണ്ടാമത്തെ കൂട്ടർ. ഏതു കാരണം ചൊല്ലിയും നീട്ടിവയ്ക്കുന്നവരാണ് ഇവർ. പാപിയായ മനുഷ്യൻ മാനസാന്തരപ്പെടേണ്ടതിന് ദൈവം നിശ്ചയിച്ചിരിക്കുന്ന സമയം "ഇപ്പോൾ" ആണ്. "ഇപ്പോളാകുന്നു സുപ്രസാദകാലം; ഇപ്പോൾ ആകുന്നു രക്ഷാദിവസം" (2 കൊരി. 6:3) ഈ ബന്ധത്തിൽ ഒരിക്കൽ പൗലൊസ് അപ്പൊസ്തലന്റെ പ്രസംഗം കേട്ട ഫേലിക്സിന്റെ കാര്യമാണ് പെട്ടെന്ന് എന്റെ ഓർമ്മയിൽ വരുന്നത്. പ്രസ്തുത സംഭവം പ്രവൃ. 24:24-27 വരെയുള്ള വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത് വായിച്ചു നോക്കുക. "എന്നാൽ അവൻ നീതി, ഇന്ദ്രിയജയം, വരുവാനുള്ള ന്യായവിധി എന്നിവയെക്കുറിച്ച് സംസാരിക്കുമ്പോൾ ഫേലിക്സ് ഭയപരവശനായി: തൽക്കാലം പോകാം. അവസരം ഉള്ളപ്പോൾ നിന്നെ വിളിപ്പിക്കാം എന്നു പറഞ്ഞു" (വാ. 25). ഫേലിക്സിന്റെ സഹധർമ്മിണി ദ്രുസില്ലയുടെ പ്രതികരണം എന്തായിരുന്നു എന്ന് തിരുവെഴുത്തിൽ രേഖയില്ല. പൗലൊസിന്റെ പ്രസംഗം ആകാശവാണം പോലെ ശക്തിയും വീര്യവുമുള്ളതായിരുന്നു. കേൾവിക്കാർ ഭയപരവശരായതിൽ ഒട്ടും അത്ഭുതപ്പെടാനില്ല. ജോർജ്ജ് വിറ്റ്ഫീൽഡിന്റെ പ്രസംഗം കേൾക്കുമ്പോൾ ശ്രോതാക്കൾ ഭയപരവശരായി ഇരിപ്പിടങ്ങളിൽ നിന്ന് മറിഞ്ഞ് താഴെ വീഴുമായിരുന്നു എന്ന് ഞാൻ ഏതോ പുസ്തകത്തിൽ വായിച്ചിട്ടുണ്ട്. "അവസരം ഉള്ളപ്പോൾ നിന്നെ വിളിപ്പിക്കാം". അങ്ങനെ ഒരു അവസരം ഫേലിക്സിന്റെ ജീവിതത്തിൽ ഉണ്ടായില്ല. ഉണ്ടാവുകയുമില്ല. മനുഷ്യജീവിതത്തിലുള്ള അനവധി കാര്യങ്ങൾ നീട്ടിവയ്ക്കുന്നതുമൂലം ഉണ്ടാകുന്ന നഷ്ടം തുച്ഛമാണ്. എന്നാൽ ആത്മരക്ഷയുടെ കാര്യം നീട്ടിവയ്ക്കുന്നതുമൂലം ഉണ്ടാകുന്നത് തീരാനഷ്ടമാണ്. പ്രിയ വായനക്കാരാ നിങ്ങൾ ഇപ്പോൾ തന്നെ കർത്താവായ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി അംഗീകരിച്ച് നിത്യജീവനും പാപമോചനവും സൗജന്യമായി പ്രാപിച്ചു കൊള്ളുക.

ഇനിയും നമുക്ക് അഥേനാ സദസ്സിലെ മൂന്നാം വിഭാഗത്തെക്കുറിച്ച് ചിന്തിക്കാം. "ചില പുരുഷന്മാർ അവനോടു ചേർന്നു വിശ്വസിച്ചു" ഇതാണ് മൂന്നാമത്തെ കൂട്ടം. അതായത് വിശ്വസിക്കുന്നവരുടെ കൂട്ടം. ഈ കൂട്ടം എപ്പോഴും ന്യൂനപക്ഷമായിരിക്കും. "ഇടുക്കുവാതിലിലൂടെ അകത്തു കടപ്പിൻ; നാശത്തിലേക്ക് പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽക്കൂടി കടക്കുന്നവർ അനേകരും ആകുന്നു. ജീവങ്കലേക്കുപോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളത്. അതു കണ്ടെത്തുന്നവർ ചുരുക്കമത്രേ" (മത്തായി 7:13-14) "ചെറിയ ആട്ടിൻകൂട്ടമേ, ഭയപ്പെടരുത്; നിങ്ങളുടെ പിതാവ് രാജ്യം നിങ്ങൾക്കു നൽകുവാൻ പ്രസാദിച്ചിരിക്കുന്നു" (ലൂക്കൊസ് 2:32).

നിത്യജീവൻ കണ്ടെത്തുന്നവർ ചുരുക്കം എന്ന് കർത്താവ് അരുളിച്ചെയ്തു. ഏതു കാര്യത്തിനും ഭൂരിപക്ഷം എന്നത് ലോകത്തിന്റെ പ്രമാണമാണ്.

ഈ ബന്ധത്തിൽ തീവണ്ടിയിലുണ്ടായ ഒരു സംഭാഷണത്തെക്കുറിച്ച് ഞാൻ കേട്ടത് എന്റെ സ്മരണയിൽ വരുന്നു. തീവണ്ടി യാത്രയിൽ സംഭാഷണത്തിനും ചർച്ചയ്ക്കും പറ്റിയ അവസരങ്ങൾ ധാരാളം ലഭിക്കും. ദീർഘയാത്രയാണെങ്കിൽ പറ കയും വേണ്ട. പ്രസ്തുത ചർച്ചകൾ യാത്രയുടെ മുഷിച്ചിലിന് ഒരളവിൽ പരിഹാരമായിരിക്കും. അന്നത്തെ ചർച്ചാ വലയത്തിൽ ഒരു റോമൻ കത്തോലിക്കാ അച്ചൻ, കുറച്ചു റോമൻ കത്തോലിക്കർ, കുറച്ച് പ്രൊട്ടസ്റ്റന്റുകാർ, കുറച്ച് അക്രൈസ്തവർ എന്നിവർ ഉണ്ടായിരുന്നു. സഭാപരമായ കാര്യങ്ങളെ ആസ്പദമാക്കിയായിരുന്നു അന്നത്തെ സംഭാഷണം, "ലോകത്തിൽ റോമൻ കത്തോലിക്കർക്കാണ് ഭൂരിപക്ഷം അതുകൊണ്ട് റോമൻ കത്തോലിക്കാ സഭയാണ് സത്യ സഭ" എന്ന് അച്ചൻ ഒരു വാദം ഉന്നയിച്ചു. കുറച്ചുനേരം മൗനം ഉണ്ടായി. പ്രൊട്ടസ്റ്റന്റുകാരും മൗനം അവലംബിച്ചു. അക്കൂട്ടത്തിൽ ബഹുമാന്യനായ ഒരു ഈഴവസ്നേഹിതൻ ഉണ്ടായിരുന്നു. "അച്ചോ എനിക്ക് ഒരു ചോദ്യം ചോദിക്കാമോ? എന്ന് പ്രസ്തുത വ്യക്തി ചോദിച്ചതിന് അച്ചൻ അനുവാദം കൊടുത്തു. ഹൈന്ദവ സ്നേഹിതൻ താഴെ കാണുംവണ്ണം സംഭാഷണം തുടർന്നു. "യേശുക്രിസ്തു ജീവിച്ചിരുന്ന കാലത്ത് ക്രിസ്തുവും പന്ത്രണ്ട് അപ്പൊസ്തലന്മാരും ഒരു ഭാഗത്തും ബഹുഭൂരിപക്ഷം ജനങ്ങളും മറുഭാഗത്തും ആയിരുന്നല്ലോ, അച്ചോ അന്ന് സത്യം ഏതുഭാഗത്തായിരുന്നു എന്ന് ദയവായി ഉത്തരം പറയണമെ". അച്ചൻ മൗനം അവലംബിച്ചു. അങ്ങനെ സംഭാഷണം അവസാനിക്കുകയും ചെയ്തു. പ്രൊട്ടസ്റ്റന്റുകാർക്ക് അല്പം വിടുതലും ആശ്വാസവും ഉണ്ടായി. ഇന്നാണെങ്കിൽ ലോകജനസംഖ്യയിൽ റോമൻ കത്തോലിക്കരേക്കാൾ കൂടുതൽ മഹമ്മദീയരാണ്. അതുകൊണ്ട് സത്യം ഇസ്ലാംമതത്തിലാണ് എന്ന് റോമൻ കത്തോലിക്കർ സമ്മതിക്കുമോ? ഒരിക്കലുമില്ല. ഭൂരിപക്ഷത്തിന്റെ ഭാഗത്താണ് സത്യം എന്നത് ബാലിശവും നിരർത്ഥകവുമായ ഒരു സിദ്ധാന്തം ആണ്. ദൈവം ഒരിക്കലും ആൾപ്പെരുപ്പത്തെ അംഗീകരിക്കുന്നില്ല. ജനക്കൂട്ടത്തിന്റെ എണ്ണവും വണ്ണവും കണ്ട് ഭ്രമിച്ചുപോകാതെ ദൈവത്തിന്റെയും ദൈവജനത്തിന്റെയും ഭാഗത്ത് സത്യത്തിനുവേണ്ടി എള്ളളവും കുലുങ്ങാതെ അടിയുറച്ചു നിൽപ്പാൻ തക്കവണ്ണം കർത്താവ് കൃപ ചെയ്യട്ടെ. "One with God is always the majority" എന്നത് നമ്മുടെ മുദ്രാവാക്യം ആയിരിക്കട്ടെ.

ഒരു ദൃഷ്ടാന്തത്തോടെ ലേഖനം അവസാനിപ്പിക്കാം. ഇംഗ്ലണ്ടും തൊട്ടടുത്തുള്ള ഒരു രാജ്യവുമായി യുദ്ധം നടന്നുകൊണ്ടിരിക്കുന്ന ഒരു കാലമായിരുന്നു അത്. ഒരു പ്രത്യേക സ്ഥലത്ത് യുദ്ധത്തിനു പോകുവാൻ ചുമതലപ്പെട്ട ഒരു ക്യാപ്റ്റൻ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ കീഴിലുള്ള സൈന്യം തീരെ ചെറുതായിപ്പോയി എന്ന ആത്മവിശ്വാസക്കുറവു നിമിത്തം അദ്ദേഹം ഇംഗ്ലണ്ടിന്റെ സർവ്വസൈന്യാധിപനായിരുന്ന വെല്ലിംഗ്ടൺ പ്രഭുവിനെ സമീപിച്ച് പരാതി സമർപ്പിച്ചു. ക്യാപ്റ്റന്റെ കീഴിൽ എത്ര പടയാളികൾ ഉണ്ട് എന്ന് ഇരുമ്പ് പ്രഭു അദ്ദേഹത്തോട് ചോദിച്ചു. അദ്ദേഹം പട്ടാളക്കാരുടെ എണ്ണം കൃത്യമായി പ്രഭുവിനെ അറിയിച്ചു. "എന്നെ എത്ര പേരായിട്ടാണ് നിങ്ങൾ കണക്കുകൂട്ടിയിരിക്കുന്നത്?" എന്ന് വെല്ലിംഗ്ടൺ പരാതിക്കാരനായ സൈന്യാധിപനോട് ചോദിച്ചു. അപ്പോഴായിരുന്നു പരാതിക്കാരനായ ക്യാപ്റ്റന് കാര്യം മനസ്സിലായത്. സൈന്യം എത്ര ചെറുതാണെങ്കിലും വലിയവനായ വെല്ലിംഗ്ടൺ പ്രഭു സൈന്യത്തെ നടത്താനുണ്ടെങ്കിൽ ജയം നിശ്ചയം. പാവം! ക്യാപ്റ്റന്റെ പരാതിയെല്ലാം പമ്പ കടന്നു.

പ്രിയ വായനക്കാരാ, വെല്ലിംഗ്ടൺ പ്രഭുവിന്റെ സ്രഷ്ടാവും കർത്താവുമായ യേശുക്രിസ്തു സൈന്യത്തെ നടത്തുവാനുണ്ടെങ്കിൽ നമ്മുടെ അന്തിമ വിജയം സുനിശ്ചയമാണ്. കർത്താവായ യേശുക്രിസ്തുവിന്റെ വലിപ്പം വേണ്ടതുപോലെ മനസ്സിലാക്കുമ്പോൾ നമ്മുടെ പേടിയും പരാതിയും ആത്മവിശ്വാസക്കുറവുമെല്ലാം ഒറ്റ അടിക്ക് പമ്പ കടക്കും. സിംഹക്കുട്ടികളെപ്പോലെ സുവിശേഷയുദ്ധത്തിൽ മുന്നേറുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ. (തുടരും)

## പുസ്തക പരിചയം

**ആരാധന തിരുവചന വെളിച്ചത്തിൽ :** പല ഉപദേശവിഷയങ്ങളിലും ഭിന്നാഭിപ്രായങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ആരാധന വിഷയത്തിൽ ബ്രദറൺ വിശ്വാസികൾ ഏകാഭിപ്രായമുള്ളവരായിരുന്നു. വേർപെട്ട വിശുദ്ധന്മാർ സഭയായി കൂടിവന്ന് ആത്മാവിലും സത്യത്തിലും നീതിയിലും വിശുദ്ധിയിലും ഒരുമനപ്പെട്ട് ദൈവത്തെ ആരാധിക്കുന്നതിനെ അലങ്കോലപ്പെടുത്തി വികലമാക്കിത്തീർക്കുന്നതിന് ചില തന്ത്രങ്ങൾ ദൈവജനത്തിന്റെ ഇടയിൽ പ്രചരിപ്പിക്കുന്നത് നാം കണ്ടുവരുന്നുണ്ടല്ലോ. ആരാധനാ സംബന്ധിയായ വിവാദങ്ങൾക്ക് ഈ പുസ്തകത്തിലൂടെ ബ്രദ. കെ.സി. മാത്യു മറുപടി നൽകുന്നുണ്ട്. 56 പേജുകളുള്ള പുസ്തകവില 30/- രൂപ എല്ലാ വിശ്വാസികളും വായിച്ചിരിക്കേണ്ട ചെറു പുസ്തകം കെ.സി. മാത്യു ഹൈറേഞ്ച് എക്കോ പബ്ലിക്കേഷൻസ് പി.ബി. നമ്പർ -8 പാമ്പാടി 686502 എന്ന വിലാസത്തിൽ നിന്നും ലഭ്യമാണ്. (CAG.)

# പരിണാമ സൃഷ്ടി വിവാദം : ഒരു പുനഃപരിശോധന - 25

DR. JOHNSON GEORGE, TORONTO, CANADA

**അദ്ധ്യായം 19. ജലപ്രളയത്തെ ശരിയായി വ്യാഖ്യാനിക്കുമ്പോൾ ലഭിക്കുന്ന നിഗമനങ്ങൾ Part III**

ഈ പാഠങ്ങളെക്കുറിച്ച് വിശദമായി നമുക്ക് താഴെ ചിന്തിക്കാം.

1. ഇന്ന് ലോകമെമ്പാടും അംഗീകരിക്കപ്പെട്ടിരിക്കുന്ന ഏകരൂപവാദം (uniformitarianism) ശരിയല്ല. 1788ൽ - ജെയിംസ് ഹട്ടൺ (James Hutton) എന്ന ശാസ്ത്രജ്ഞനാണ് ഈ വാദം കൊണ്ടുവന്നത്. ഈ വാദം അനുസരിച്ച് ഇന്ന് നടക്കുന്നതുപോലെ പ്രകൃതി നിയമങ്ങൾ അനുസരിച്ചുള്ള ചെറിയ മാറ്റങ്ങൾ മാത്രമെ ഭൂമിയിൽ ആദിമുതൽ സംഭവിച്ചിട്ടുള്ളൂ. അതായത് ഭൂമി ആദിമുതലെ ഒരുപോലെ അല്ലെങ്കിൽ ഏകരൂപം (uniform) ആയി പ്രകൃതിനിയമങ്ങൾക്ക് അനുസൃതമായി തുടരുന്നു. ഇക്കാരണത്താൽ ഭൂമിയിൽ പ്രകൃത്യാതീതമായി (supernaturally) ഒന്നും സംഭവിച്ചിട്ടില്ല. അതുകൊണ്ട് ഇന്ന് ഭൂമിയിൽ കാണുന്ന പ്രതിഭാസങ്ങളെല്ലാം പ്രകൃതിപരമായ കാരണങ്ങളാൽ തനിയെ ഉണ്ടായവയാണ്. ഈ വാദത്താൽ സ്വാധീനിക്കപ്പെട്ട ചാൾസ് ഡാർവ്വിൻ ഒടുവിൽ പ്രകൃതിയിൽ കാണുന്ന മറ്റു മാറ്റങ്ങളെപ്പോലെ തന്നെ ഇന്നു കാണുന്ന ജീവജാലങ്ങളും തനിയെ പരിണമിച്ചുണ്ടായതാണ് എന്ന ആശയം കൊണ്ടുവന്നു. അങ്ങനെ ഏകരൂപവാദം പരിണാമവാദത്തിന് പ്രേരകമായിത്തീർന്നു. ഇന്ന് ഭൂമിയിൽ ദൈവിക ഇടപെടലുകൾ നേരിട്ട് നാം കാണാത്തതുപോലെ ആദിമുതലേ ദൈവിക ഇടപെടലുകൾ ഇല്ലാതെയാണ് ഭൂമിപരിണമിച്ചുണ്ടായതെന്ന് ഏകരൂപവാദം പഠിപ്പിക്കുന്നു. അതുകൊണ്ട് ഏകരൂപവാദത്തിൽ വിശ്വസിച്ചിരിക്കുന്ന ഇന്നത്തെ ലോകം, ബൈബിളിലെ 2 പ്രധാന ദൈവിക ഇടപെടലുകളെ അതായത് സൃഷ്ടിയെയും ജലപ്രളയത്തെയും സൗകര്യംപോലെ വ്യാഖ്യാനിച്ച് തള്ളിക്കളഞ്ഞിരിക്കുന്നു. ഇന്ന് ഇത് സംഭവിക്കുമെന്ന് പത്രൊസ് അപ്പൊസ്തലൻ അതിശയകരമാം വിധത്തിൽ കൃത്യമായി ഏകദേശം 2000 വർഷങ്ങൾക്കു മുമ്പ് പ്രവചിച്ചിരുന്നു. (2 പത്രൊസ്. 3:3-6) ആകാശവും ഭൂമിയും പണ്ട് ദൈവത്തിന്റെ വചനത്താൽ ഉണ്ടായതിനെയും (സൃഷ്ടി), അന്നുള്ള ലോകം ജലപ്രളയത്തിൽ മുങ്ങി നശിച്ചതിനെയും (നോഹയുടെ കാലത്തെ ജലപ്രളയം), ഇന്നത്തെ ലോകം ചോദ്യം ചെയ്യും എന്ന് എത്ര കൃത്യമായി പത്രൊസ് അപ്പൊസ്തലൻ പ്രവചിച്ചിരിക്കുന്നു. അതുകൊണ്ട് ഇന്നത്തെ ലോകം ഏകരൂപവാദത്തിന്റെയും പരിണാമവാദത്തിന്റെയും പിടിയിൽ അമർന്നിരിക്കുന്നതിൽ നമുക്ക് അതിശയിക്കാനൊന്നുമില്ല. ഇത് അന്ത്യകാല ലക്ഷണങ്ങളിൽ ഒന്നു മാത്രം. എങ്കിലും ഭൂമിയിൽ ദൈവിക ഇടപെടലുകൾ (പ്രധാനമായും സൃഷ്ടിയും പ്രളയവും) ഉണ്ടായിട്ടുണ്ടെന്നും അതുകൊണ്ട് ഏകരൂപവാദം തെറ്റാണെന്നും ബൈബിൾ വിശ്വാസികൾ സ്പഷ്ടമായി മനസ്സിലാക്കിയിരിക്കുന്നു. ഏകരൂപവാദം തെറ്റായതുകൊണ്ട് അതിന്റെ സന്താനമായ പരിണാമവാദവും തെറ്റാണെന്ന് തെളിയുന്നു.

2. ഊറൽ പാറകൾ വേഗത്തിൽ ഒരു വർഷത്തിനുള്ളിൽ അടിഞ്ഞവ ആയതുകൊണ്ട് ഭൂമിയുടെ മുകൾപ്പരപ്പിന് കോടിക്കണക്കിന് വർഷങ്ങൾ പഴക്കം ഇല്ല. ഊറൽപാറകൾ സാവധാനമായി പല യുഗങ്ങളിലൂടെ അടിഞ്ഞുകൊണ്ടിരുന്നു എന്ന വിശ്വാസം മൂലമാണ് ഭൂമിക്ക് കോടിക്കണക്കിന് വർഷങ്ങൾ ആയുസ്സ് കൊടുക്കുവാൻ ഇന്ന് ശാസ്ത്രജ്ഞന്മാർ നിർബന്ധിതരായിത്തീർന്നിരിക്കുന്നത്. പക്ഷേ നോഹയുടെ കാലത്തെ ജലപ്രളയത്തിൽ ഊറൽപാറകൾ ഒരു വർഷത്തിനുള്ളിൽ അടിഞ്ഞവയാണെന്ന് നമുക്ക് ശാസ്ത്രീയമായി വിശ്വസിക്കുവാൻ തെളിവുകളുള്ളതുകൊണ്ട് ബൈബിളിലെ കാലക്രമം (chronology) നമുക്ക് ആക്ഷരികമായി വിശ്വസിക്കാവുന്നതാണ്. അതുകൊണ്ട് ഉല്പത്തി പുസ്തകത്തിലെ 6 ദിവസങ്ങളിലെ സൃഷ്ടിക്ക് ശേഷം ഇന്നത്തേയ്ക്ക് ഏകദേശം 6000 വർഷങ്ങൾ കഴിഞ്ഞിട്ടേ ഉള്ളൂ. പല കോടി വർഷങ്ങൾ കഴിഞ്ഞിട്ടില്ല. ജലപ്രളയത്തിന്റെ ഒരു വർഷത്തെ നാം കോടിക്കണക്കിനു വർഷങ്ങളായി വലിച്ചു നീട്ടിയെങ്കിൽ മാത്രമേ നമുക്ക് ഭൂമിയുടെ മുകൾപ്പരപ്പിന് കോടിക്കണക്കിന് വർഷങ്ങൾ പഴക്കം കൊടുക്കുവാൻ സാധിക്കൂ. ഇങ്ങനെ നമുക്ക് വിശ്വസിക്കുവാൻ സാധിക്കുമോ? ഇങ്ങനെ നാം വിശ്വസിക്കുന്നുവെങ്കിൽ പരോക്ഷമായി (indirectly) നോഹയുടെ കാലത്ത് ഒരു ആഗോള ജലപ്രളയം ഉണ്ടായിട്ടില്ല എന്ന് പരിണാമവാദികളോടൊപ്പം നാമും സമ്മതിക്കുകയാണ്. ചില വേദപണ്ഡിതന്മാരും പരിണാമവാദികളുടെ കെണിയിൽ വീണുപോയിരിക്കുന്നു. പരിണാമവാദികൾ പറയുന്നത്രയും പ്രായം ഭൂമിക്കുണ്ടെന്ന് ചിന്തിച്ചുകൊണ്ട് സൃഷ്ടി കഴിഞ്ഞിട്ട് കോടിക്കണക്കിന് വർഷങ്ങൾ കഴിഞ്ഞിട്ടുണ്ട് എന്ന് തെളിയിക്കുവാൻ വേണ്ടി സൃഷ്ടിയുടെ ഓരോ ദിവസവും ഓരോ യുഗമായിരുന്നു എന്ന് വാദിക്കുന്ന വേദപണ്ഡിതന്മാർ ഉണ്ട്. പക്ഷേ ഇത് ഒരു പാഴ്ശ്രമമാണ്. കാരണം സൃഷ്ടിയുടെ ദിവസങ്ങളെ നാം യുഗങ്ങളാക്കി മാറ്റുന്നുവോ എന്നതിൽ അല്ല പരിണാമവാദികൾക്ക് താല്പര്യം. നോഹയുടെ ജല

# ആരാധന പുതിയ നിയമത്തിൽ (തുടർച്ച)

**എസ്. ജി. ഗിൽബർട്ട്, ആറാമട**

**B. ക്രിസ്തുവിന്റെ ക്രൂശ് മരണത്തിനു ശേഷം**

യേശു ക്രിസ്തുവിന്റെ ഐഹിക കാലഘട്ടത്തിൽ അനേകർ ക്രിസ്തുവിനെ നമസ്കരിച്ചിട്ടുണ്ട് (ആരാധിച്ചിട്ടുണ്ട്). അവരെ ആരെയും ആരാധിക്കരുതെന്നു പറഞ്ഞ് നിരസ്സിച്ചിട്ടില്ല. എല്ലാവരുടേയും ആരാധന നേരിട്ട് സ്വീകരിച്ചിരുന്നു. അങ്ങനെ പിതാവിനൊപ്പം പുത്രനും ആരാധന സ്വീകരിച്ചിരുന്നു. ക്രിസ്തുവിന്റെ ക്രൂശ്മരണത്തോട് അനുബന്ധിച്ച് എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്‌വിൻ എന്നു പറഞ്ഞു. ഓർമ്മയുടെ ശുശ്രൂഷ ചെയ്യുവാൻ ശിഷ്യന്മാരെ ഏല്പിക്കുന്നു.

"പിന്നെ അപ്പം എടുത്തു വാഴ്ത്തി നുറുക്കി അവർക്കു കൊടുത്തു. ഇത് നിങ്ങൾക്കുവേണ്ടി നൽകുന്ന എന്റെ ശരീരം. എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്‌വിൻ എന്നു പറഞ്ഞു. അവ്വണ്ണം തന്നേ അത്താഴം കഴിഞ്ഞ ശേഷം അവൻ പാനപാത്രവും കൊടുത്തു. ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചൊരിയുന്ന എന്റെ രക്തത്തിലെ പുതിയനിയമം ആകുന്നു" (ലൂക്കൊസ് 22:19–20). ഈ വിഷയത്തെക്കുറിച്ച് പൗലൊസ് 1 കൊരി 11:23–28 വരെ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. "ഇതു കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മയ്ക്കായി ചെയ്‌വിൻ എന്നു പറഞ്ഞു" (1 കൊരി. 11:25). ക്രിസ്തുവിന്റെ ക്രൂശുമരണം ഓർക്കാതെ പുതിയ നിയമത്തിൽ ആരാധന പൂർണ്ണമാകയില്ല.

1. ആരാധനയ്ക്കായി കൂടി വരേണ്ട സമയം

സഭയുടെ പ്രാരംഭ നാളുകളിൽ "ദിനംപ്രതി ദൈവാലയത്തിൽ കൂടിവരികയും വീട്ടിൽ അപ്പം നുറുക്കിക്കൊണ്ട് ഉല്ലാസവും..." (അപ്പൊ. 2:46). നാളുകൾ കഴിഞ്ഞപ്പോൾ എല്ലാ ദിവസവും കൂടി വരുന്ന രീതി മാറി. ആദിമസഭ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ആരാധനയ്ക്കായി കൂടി വന്നു. "ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ ഞങ്ങൾ അപ്പം നുറുക്കുവാൻ കൂടിവന്നപ്പോൾ....." (അപ്പൊ.

---

പ്രളയത്തിന്റെ ഒരു വർഷത്തെ കോടിക്കണക്കിന് വർഷങ്ങളായി വലിച്ചു നീട്ടുവാൻ നാം തയ്യാറാണോ എന്നതാണ് അവരുടെ ചോദ്യം. അതുകൊണ്ട് സൃഷ്ടിയുടെ ദിവസങ്ങളെ ഇന്നത്തെ പരിണാമ ആശയങ്ങൾ അനുസരിച്ച് പല യുഗങ്ങൾ ആക്കുവാൻ നാം ശ്രമിക്കാതിരിക്കുന്നതാണ് നല്ലത്. ഭൂമിക്ക് എന്ത് പ്രായം ഉണ്ടെന്ന് ബൈബിൾ പറയുന്നില്ല. പക്ഷേ ആദാം മുതൽ വംശാവലിയിലുള്ള ആളുകളുടെ പ്രായദൈർഘ്യം കണക്കുകൂട്ടുമ്പോൾ 6 ദിവസങ്ങളിലെ സൃഷ്ടിക്ക് ശേഷമുള്ള ഭൂമിയുടെ മുകൾപ്പരപ്പിന് ഏകദേശം 6000 വർഷങ്ങൾ മാത്രമേ പഴക്കം ഉള്ളൂ.

3. ഊറൽ പാറകളിൽ കാണുന്ന ജീവാശ്മങ്ങൾ (fossils) പ്രളയത്തിൽ നടന്ന വിനാശത്തെയാണ് കാണിക്കുന്നത്, പരിണാമത്തെയല്ല. ഊറൽപാറകളിൽ ജീവാശ്മങ്ങൾ സാധാരണ മുകളിലേക്ക് കൂടുന്ന സങ്കീർണ്ണതയിൽ (in increasing complexity) കാണപ്പെടുന്നതുകൊണ്ട്, ലളിതമായ ജീവികളിൽ നിന്ന് സങ്കീർണ്ണമായ ജീവികളിലേക്ക് നടന്ന പരിണാമത്തെയാണ് ഇത് കാണിക്കുന്നത്. എന്ന് പരിണാമവാദികൾ പറയുന്നു. പക്ഷേ ഊറൽ പാറകൾ വേഗത്തിൽ അടിഞ്ഞവയാണെന്ന് നമുക്ക് തെളിവുകൾ ഉള്ളതുകൊണ്ട്, പരിണാമം നടക്കുവാനുള്ള സമയം ഭൂമിയുടെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല എന്ന് നമുക്ക് ഉറപ്പായി വിശ്വസിക്കാവുന്നതാണ്. അതുകൊണ്ട് ഊറൽ പാറകളിൽ നാം കാണുന്നത് പരിണാമത്തിന്റെ ചരിത്രം അല്ല. ഊറൽ പാറകളിൽ ജീവാശ്മങ്ങൾ മുകളിലേക്ക് കൂടുന്ന സങ്കീർണ്ണതയിൽ കാണപ്പെടുന്നത്, ജീവികൾ പ്രളയത്തിൽ വിവിധ സമയങ്ങളിൽ ചത്ത് വിവിധ ഉയരങ്ങളിൽ ഉള്ള ഊറലിൽ അടിഞ്ഞതുകൊണ്ടാണെന്ന് സൃഷ്ടിവാദികൾ വിശദീകരിക്കുന്നു. ജീവാശ്മരേഖ (fossil record) പരിണാമത്തിൽ വിശ്വസിക്കുവാൻ നമ്മെ നിർബന്ധിക്കുന്നില്ലെങ്കിൽ പിന്നെ പരിണാമം നടന്നിട്ടുണ്ടെന്ന് നമ്മെ ബോദ്ധ്യപ്പെടുത്തുവാൻ മതിയായ തെളിവുകൾ ഒന്നും ഇല്ല.

4. കഴിഞ്ഞ കാലത്ത് ദൈവം ലോകത്തെ ന്യായം വിധിക്കുവാനായി ഒരു ജലപ്രളയത്തെ അയച്ചു എന്ന് തെളിഞ്ഞിരിക്കയാൽ, ഭാവിയിൽ ദൈവം ഒരിക്കൽക്കൂടി ലോകത്തെ ന്യായം വിധിക്കുവാൻ പോകുന്നു എന്ന ബൈബിൾ പ്രവചനങ്ങൾക്ക് ഉറപ്പ് വന്നിരിക്കുന്നു. നോഹയുടെ കാലത്തെ ജലപ്രളയവുമായി കർത്താവിന്റെ പുനരാഗമനത്തെയും (മത്തായി 24:37–39) ഭൂമിയുടെ അഗ്നി പ്രളയത്തെയും (2 പത്രൊസ് 3:6–7) ഉപമിച്ചിരിക്കുന്നതിനാൽ ഇന്നത്തെ ലോകം വരുവാൻ പോകുന്ന ഈ രണ്ടു സംഭവങ്ങളെയും ഗൗരവമായി എടുക്കേണ്ടതാണ്. "നോഹയുടെ കാലം പോലെ തന്നേ മനുഷ്യപുത്രന്റെ വരവും ആകും" (മത്തായി 24:37)പക്ഷേ ഇന്ന് ഏകരൂപവാദം (uniformitarianism) എന്ന ഭോഷ്കിൽ വിശ്വസിച്ച് ലോകം കർത്താവിന്റെ വരവിന് യാതൊരു പ്രാധാന്യവും കൊടുക്കാതെ മുമ്പോട്ടു പോകുന്നു. ഇന്ന് ലോകം ഏകരൂപവാദത്തിൽ വിശ്വസിച്ചിരിക്കുന്നത് ഒരു പ്രവചന നിവൃത്തിയാണ് (2 പത്രൊസ് 3:3–4). ഇതൊക്കെ കാണുമ്പോൾ ദൈവമക്കളായ നാം തലകളെ ഉയർത്തി കർത്താവിന്റെ വരവിനായി ഒരുങ്ങേണ്ടതാണ്. (തുടരും)

20:7). ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ തോറും സഭ കൂടി കർത്തൃമേശ ആചരിച്ചതായി പല വേദഭാഗങ്ങളിൽ വ്യക്തമായ സൂചനയുണ്ട് (1 കൊരി. 16:1–3; വെളി 1:10; അപ്പൊ. 21:4; 28:14). പഴയനിയമത്തിൽ 7–ാം ദിവസം ശബ്ബത്തായി ആചരിക്കണം. അതു കല്പനയായിരുന്നു. അത് ദൈവത്തിനായി മാത്രം വേർതിരിക്കേണ്ട ദിവസം ആയിരുന്നു. പുതിയ നിയമത്തിൽ വിശ്വാസികൾ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ കർത്താവ് ഉയിർത്ത ദിനത്തിൽ കർത്തൃമേശയ്ക്കായി കൂടിയിരുന്നു. മറ്റൊരു ദിവസം അവർ കർത്തൃമേശക്കായി കൂടിയിരുന്നില്ല.

2. സഭ കൂടിവരുമ്പോൾ എന്തു ചെയ്തു?

"ഇതു കുടിക്കുമ്പോളൊക്കെയും എന്റെ ഓർമ്മയ്ക്കായി ചെയ്‌വിൻ" (1 കൊരി. 11:25). കർത്താവിന്റെ ഈ കല്പന അവർ കൃത്യമായി ആചരിച്ചിരുന്നു. കർത്താവ് പറഞ്ഞതുപോലെ അവർ അവനെ ഓർത്തു പിതാവായ ദൈവത്തെ ആരാധിച്ചിരുന്നു. എന്റെ ഓർമ്മയ്ക്കായി അഥവാ എന്നെ ഓർക്കണം എന്നു പറഞ്ഞിരിക്കുന്നത് എന്തിനെയാണ്? കർത്താവിനെ ആരാധിക്കാൻ കൂടുമ്പോൾ മുഖ്യമായി നമ്മുടെ മനോദർപ്പണത്തിൽ ഓടിയെത്തേണ്ടത് 2 വസ്തുതയാണ്.

a) യേശുക്രിസ്തുവിന്റെ ദൈവത്വവും അവന്റെ മഹത്വവും

b) അവന്റെ താഴ്ചയും മനുഷ്യന്റെ രക്ഷയ്ക്കുവേണ്ടിയുള്ള ക്രൂശ് മരണവും

ഈ രണ്ടു വസ്തുതകൾ ഓർമ്മിപ്പിക്കുന്ന ഓർമ്മയുടെ ശുശ്രൂഷ ആചരിച്ച് കർത്താവായ യേശുക്രിസ്തുവിൽക്കൂടി പിതാവായ ദൈവത്തെ ആരാധിച്ച് മഹത്വപ്പെടുത്തുവാനായിരുന്നു ആദിമ സഭ കൂടിയിരുന്നത്.

a) യേശുക്രിസ്തുവിന്റെ ദൈവത്വവും അവന്റെ മഹത്വവും

ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ അപ്പം നുറുക്കുവാൻ വേണ്ടി ഒന്നാം നൂറ്റാണ്ടിൽ കൂടിയിരുന്ന ദൈവജനത്തിന്റെ മനസ്സിൽ മുകളിൽ പറഞ്ഞ 2 ചിന്തകളാണ് മുന്നിട്ടു നിന്നത്. ആ ലക്ഷ്യം മാത്രമാണ് അതിനുള്ളത്. യേശുക്രിസ്തു ദൈവമാണ്. അവൻ സാക്ഷാൽ ദൈവം തന്നെയാണ്. പിതാവായ ദൈവത്തിന്റെ മടിയിൽ തുല്യപദവിയിൽ പരിലസിച്ചിരുന്നവനായിരുന്നു." അവൻ ദൈവത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചു കൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപമെടുത്തു മനുഷ്യ സാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നേ അനുസരണമുള്ളവനായി ത്തീർന്നു" (ഫിലി. 2:6–8).

ദൈവത്വത്തിൽ വസിച്ചിരുന്ന ഉന്നതനായ കർത്താവിന്റെ ദൈവത്വത്തെ നാം ഓർക്കണം. പിതാവിന് തുല്യനാണ് എന്നും ഓർക്കണം. അവൻ മനുഷ്യനായി അവതരിച്ചതുകൊണ്ട് തന്റെ മഹത്വത്തിന് യാതൊരു കോട്ടവും സംഭവിച്ചിട്ടില്ല എന്ന നിലയിൽ ഓർത്ത് മഹത്വം നൽകണം.

b) അവന്റെ താഴ്ചയും മനുഷ്യന്റെ രക്ഷയ്ക്കുവേണ്ടിയുള്ള ക്രൂശ്മരണവും

ആരാധകന്റെ മനസ്സിൽ നിറഞ്ഞു നിൽക്കേണ്ട രണ്ടാമത്തെ ചിന്തയാണ് മുകളിൽ കാണിച്ചിരിക്കുന്നത്. കർത്താവ് നമുക്കുവേണ്ടി തന്നെത്താൻ താഴ്ത്തപ്പെട്ട അവസ്ഥ ഓർക്കണം. ലോകത്തിലെ ഒരു മനുഷ്യനും പരിധിവിട്ട് താണിറങ്ങുകയില്ല. അതിൽ നിന്നും തികച്ചും വ്യത്യസ്തനാണ് കർത്താവ്. നമ്മെ സ്നേഹിച്ചതുനിമിത്തം തന്റെ ദൈവത്വത്തിലെ സമത്വം താല്ക്കാലികമായി മാറ്റി വെച്ചു. അവൻ ദാസരൂപം ധരിച്ചു. ക്രൂശ്മരണം വരെ നമ്മെ രക്ഷിക്കാൻ കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനായിത്തീർന്നു. ഈ ക്രൂശ്മരണം എനിക്കുവേണ്ടിയാണ് സഹിച്ചത് എന്ന് വീണ്ടെടുക്കപ്പെട്ട ഏവരും ഓർക്കണം. ക്രൂശ്മരണം ഓർത്ത് എത്ര വലിയ വിലയാണ് എനിക്കുവേണ്ടി കർത്താവ് കാൽവറി ക്രൂശിൽ കൊടുത്തത് എന്നു പറഞ്ഞ് അവന്റെ പാദപീഠത്തിൽ നമസ്കരിക്കണം. അപ്പോൾ കർത്താവായ യേശുക്രിസ്തുവിൽക്കൂടെ പിതാവായ ദൈവം മഹത്വപ്പെടും.

കർത്താവിന്റെ ക്രൂശ് മരണം ഓർക്കുന്ന വേളയിൽ സഭയ്ക്ക് ചെയ്യുവാനായി തന്നിരിക്കുന്ന കർമ്മമാണ് കർത്തൃമേശ. അത് അവനെ ഓർക്കുന്ന സന്ദർഭത്തിൽ ആചരിച്ച് കർത്താവിനെ ആരാധിക്കാനാണ് വ്യവസ്ഥ. കർത്തൃമേശ കൂടാതെ സഭയായിട്ടുള്ള ആരാധന പൂർണ്ണമാകുന്നില്ല. കർത്തൃമേശ കൂടാതെ സ്തുതി സ്തോത്രങ്ങൾ മാത്രം ചെയ്തു നിറുത്തിയാൽ ഉപ്പില്ലാത്ത കഞ്ഞിപോലെയിരിക്കും. പുതിയനിയമ സഭ എവിടെ ആരാധനയ്ക്കായി കൂടിയിട്ടുണ്ടോ അവിടെ കർത്തൃമേശയും കാണാം.

കർത്താവിനെ ഓർക്കാതെ ആർക്കാണ് പിതാവായ ദൈവത്തെ ആരാധിക്കാൻ സാധിക്കുന്നത്. കർത്താവിനെ ഒരുവൻ ഓർത്ത് ആരാധിക്കുകയാണെങ്കിൽ അവൻ പറഞ്ഞതുപോലെ എന്റെ ഓർമ്മയ്ക്കായി ചെയ്ത് അവനെ ആരാധിക്കണം. കർത്തൃമേശകൂടാതെ നടത്തുന്ന ആരാധനയൊന്നും പുതിയനിയമ മാതൃകയിലുള്ള ആരാധനയായി ഗണിക്കാവുന്നതല്ല. നമ്മുടെ എല്ലാ യോഗങ്ങളിലും സ്തുതിയും സ്തോത്രവും ദൈവത്തിന് അർപ്പിക്കുന്നുണ്ട്. അത് നാം ദൈവനാമ മഹത്വത്തിനായി ചെയ്യണം. എന്നാൽ അതുമാത്രം ചെയ്തതുകൊണ്ട് ആരാധന പൂർണ്ണമാകുന്നില്ല. അത് ആരാധനയുടെ ഒരു ഭാഗം മാത്രമേ ആകുന്നുള്ളൂ.

സഭ കൂടി വന്ന് കർത്തൃദിവസത്തിൽ കർത്താവിനെ സ്തുതിച്ച് കർത്തൃമേശയിലൂടെ അവനെ ആരാധിച്ച് പ്രബോധനം സ്വീകരിച്ച് പോകുന്നതാണ് ശരിയായ സഭാപരമായ ആരാധന.

# ആ കാലത്ത്

ഗോഡ്ലി പി.എസ്സ്., ബഹ്റൈൻ

**2. ദർശനത്തിന്റെ ആവർത്തനം (1 ശമൂ. 3:2,3,21)**

ആ കാലത്ത്, ദൈവാലയ ശുശ്രൂഷകനായിരുന്ന ശമുവേലിനു ദൈവത്തിന്റെ ദർശനമുണ്ടായി; വീണ്ടും വീണ്ടും ഉണ്ടായി (വാ. 2, 3, 21). ഈ ഭാഗത്തിന്റെ പശ്ചാത്തലം വിസ്മരണീയം തന്നെ. ദൈവസന്നിധിയിൽ ന്യായമായും നീതിയോടെയും നടക്കേണ്ടുന്ന ഏലിയുടെ പുത്രന്മാർ തങ്ങൾ ചെയ്യുന്ന പാതകത്തിന്റെ പരിണിത ഫലം മനസ്സിലാക്കാതെ, ആത്മീയ അന്ധതയിലാണ്ടുകിടക്കെ, പാപങ്ങൾ വർദ്ധിച്ച് ദൈവസന്നിധി മലിനമാക്കി ദൈവത്തിൽ നിന്ന് അകന്നുകൊണ്ടിരുന്ന കാലം. പുരോഹിതന്റെ മക്കൾ ഇപ്രകാരം പ്രവർത്തിച്ചെങ്കിൽ സാധാരണ യിസ്രായേൽ ജനത്തെക്കുറിച്ച് സൂചിപ്പിക്കാതെതന്നെ മനസ്സിലാകുമല്ലോ. അവർ തങ്ങൾക്ക് തോന്നിയതുപോലെ പ്രവർത്തിച്ചു. അവരുടെ ഇടയിൽ അന്യദേവന്മാർ വളർന്ന് പൗരോഹിത്യത്തിന്റേയും ദൈവാലയത്തിന്റേയും കാവൽക്കാർ അനീതിയുടെയും അസന്മാർഗ്ഗികതയുടേയും മല്ലന്മാരായി. ഇങ്ങനെ ദർശനമില്ലാതെ, ദൈവവചനത്തിന്റെ ദുർലഭ കുഴിയിൽ മുങ്ങിത്താണുകൊണ്ടിരുന്ന ദൈവജനത്തെ തന്റെ വചനത്തിലേക്ക് മടക്കി കൊണ്ടുവരുവാൻ ദൈവം ശമുവേൽ എന്ന തന്റെ ആലയ ശുശ്രൂഷക്കാരനു ദർശനങ്ങൾ നൽകി. അദൃശ്യനായ ദൈവം മനുഷ്യനു നൽകിയ ദർശനം. ഭാവികാര്യങ്ങളെകുറിച്ച്, മനുഷ്യന്റെ ദൈവിക അകൽച്ചയെകുറിച്ച്, ഉണ്ടായ സ്വർഗ്ഗീയ പ്രതികരണം. ഇത് മാനുഷികമല്ല ദൈവികമാണ്, മിത്ഥ്യയല്ല സത്യമാണ്, ശമുവേൽ ദൈവത്തിന്റെ വകയായതുകൊണ്ട്, ദൈവത്തോടുള്ള ഉണ്മയായ തന്റെ സ്നേഹവും സേവനവും ദൈവിക ദർശനത്തിനു മുഖാന്തിരമായിരിക്കാം. ശമുവേലിന്റെ യോഗ്യതകൾ എന്താണെന്നുള്ളത് അവിടെ വ്യക്തമായി കാണാം.

1. യഹോവയിൽ നിന്നും അപേക്ഷിച്ചു വാങ്ങിച്ചവൻ (1 ശമൂ. 1:20).
2. യഹോവയ്ക്ക് നിവേദിക്കപ്പെട്ടവൻ (1 ശമൂ. 1:28).
3. യഹോവയുടെ സന്നിധിയിൽ ശുശ്രൂഷ ചെയ്തവൻ (1 ശമൂ. 2:18).
4. യഹോവയുടെ സന്നിധിയിൽ വളർന്നു വന്നവൻ (1 ശമൂ. 2:21).
5. യഹോവയ്ക്കും മനുഷ്യർക്കും പ്രീതിയുള്ളവൻ (1 ശമൂ. 2:26).
6. യഹോവയുടെ വിശ്വസ്ത പ്രവാചകൻ (1 ശമൂ. 3:20).

ദൈവിക ദർശനത്തിനായുള്ള യോഗ്യത ദൈവത്തോടുള്ള വാസമാണ്. പുതിയനിയമ വിശ്വാസികളായ നമ്മെ സംബന്ധിച്ചിടത്തോളം ദൈവിക സാന്നിദ്ധ്യവും സാമീപ്യവും അനുഭവിച്ച്, ആസ്വദിക്കുന്ന പക്ഷം തീർച്ചയായും ദൈവവചനത്തിൽ നിന്നുള്ള ദർശനം ലഭിക്കും. ഹാഗറിനെ കുറിച്ച് ചിന്തിക്കുമ്പോൾ മനസ്സിലാകുന്നത് നിരുറവ അവളുടെ അരികത്തുണ്ടായിരുന്നു, എന്നാൽ അവൾ കണ്ടില്ല. അവളുടെ കണ്ണ് ദൈവം തുറന്നു (ഉല്പത്തി 21:19). അവൾ നീരുറവ കണ്ടു, ദൈവജനമേ, നമ്മുടെ സമീപേ ദൈവത്തിന്റെ വചനമാകുന്ന ജീവനുള്ള നീരുറവയുണ്ട്. പക്ഷെ നമ്മുടെ കണ്ണ് അന്ധമായിരിക്കുന്നു. നമ്മുടെ ആത്മീയ കണ്ണുകൾ തുറക്കാം. നാം നമ്മെത്തന്നെ സമർപ്പിക്കുന്ന പക്ഷം വചനം വെളിപ്പെടുത്തുവാൻ ദൈവം നമുക്കായി കാത്തിരിക്കയാണ്. നമ്മുടെ ഹൃദയ കവാടം നമുക്ക് തുറക്കാം. ഒരു വ്യക്തിയിലുണ്ടായ ദൈവിക ദർശനം, ആ കാലത്തെ സ്വാധീനിച്ചു. ശേഷം, ആ കാലത്ത് വീണ്ടും വീണ്ടും ദർശനമുണ്ടായി. ഇന്നും ഒരുവനിൽ ദൈവവചനത്താലുണ്ടാകുന്ന ചലനം ഒരു കുടുംബത്തെ, ഒരു സഭയെ, ഒരു സമൂഹത്തെ രൂപാന്തരപ്പെടുത്താൻ മുഖാന്തരമാണ്. നാം/ഞാൻ ജീവിച്ചാൽ ക്രിസ്തുവിന്നായ് എന്നൊരു തീരുമാനമെടുക്കുമെങ്കിൽ! അതിനായി കർത്താവ് അനുവാചകരെ സഹായിക്കട്ടെ. പ്രവാചക വാക്കുകൾ ഉദ്ധരിച്ച് ചുരുക്കട്ടെ, *'ദർശനം ഇല്ലായ്കയാൽ എന്റെ ജനം നശിച്ചു പോകുന്നു.'* ദൈവവചനത്താലുള്ള ആത്മിക ദർശനത്താൽ ആ കാലത്ത് എന്നപോലെ ഈ കാലത്തും കണ്ണു തുറന്ന് കാഴ്ചപ്പാടുള്ള ജീവിതം നയിക്കുവാൻ സർവ്വകൃപാലുവായ ദൈവം ഏവരേയും സഹായിക്കുമാറാകട്ടെ. ●

---

## പുസ്തക പരിചയം

**ദൈവസഭ സത്യങ്ങളും തത്വങ്ങളും**

രചന : ഫ്രാങ്ക്ളിൻ ഫെർഗ്യൂസൺ, ന്യൂസിലണ്ട്

തർജ്ജമ : ജി. സുശീലൻ

അടിസ്ഥാനോപദേശങ്ങളടങ്ങിയ ഈ പുസ്തകം 1948 ആയപ്പോഴേക്കും 16 പ്രാവശ്യം പുനഃപ്രസിദ്ധീകരണം നടത്തിക്കഴിഞ്ഞു എന്നതിൽ നിന്നും ഈ ഗ്രന്ഥത്തിന്റെ പ്രസക്തി ദൈവജനത്തിന്റെ മാദ്ധ്യത്തിൽ എത്രമാത്രമെന്ന് ഊഹിക്കാമല്ലോ. 96 പേജുകളുള്ള പുസ്തകവില Rs. 25/- മാത്രം. തിരുവനന്തപുരത്ത് ഇ.ജെ.മാത്യു, ജോർജ്ജ് സി. വർഗീസ്, ഇവാഞ്ചലിക്കൽ ലിറ്ററേച്ചർ സർവ്വീസ് എന്നിവിടങ്ങളിൽ നിന്നും പ്രീമിയർ ബൈബിൾ പബ്ലിക്കേഷൻസ് അങ്കമാലിയിൽ നിന്നും പുസ്തകം ലഭ്യമാണ്. (CAG.)

# ഒരു എളിയ ദൈവദാസന്റെ ജീവിതാഭിലാഷങ്ങൾ

പി.എ. ഏബ്രഹാം, മാലം

സർവ്വശക്തനും സർവ്വജ്ഞാനിയും സർവ്വവ്യാപിയും സർവ്വത്തിന്റേയും സൃഷ്ടിതാവുമായ ദൈവമേ, അങ്ങ് എന്റെ സൃഷ്ടിതാവ് എന്ന നിലയ്ക്ക് സൃഷ്ടിയായ എന്നിൽ നിന്ന് അങ്ങേയ്ക്ക് ലഭിക്കേണ്ടതായ സർവ്വ നന്മകളും തരുവാൻ എന്നെ പ്രാപ്തനാക്കണമെന്ന് എന്റെ ഹൃദയത്തിന്റെ ആഴത്തിന്റെ ആഴത്തിൽ നിന്ന് അങ്ങയോട് അപേക്ഷിക്കുന്നു. യാചിക്കുന്നു.

ഏകജാതനായ പുത്രന്റെ ചങ്കിലെ വിലയേറിയ രക്തം കൊടുത്ത് എന്നെ വീണ്ടെടുത്ത വീണ്ടെടുപ്പുകാരൻ ആയ അങ്ങയുടെ അടിമദാസൻ എന്ന നിലയിൽ അങ്ങയുടെ പൂർണ്ണഹിതത്തിന് കീഴ്പ്പെട്ട് ജീവിക്കുവാൻ എന്നെ സഹായിക്കണമെ.

യേശുക്രിസ്തുവിന്റെ കാന്ത എന്നുള്ള പദവിക്ക് അനുസരിച്ച് ചാരിത്ര്യത്തോടും നിർമ്മലതയോടും വിശുദ്ധിയോടും കൂടി ഈ ദുഷ്ട ലോകത്തിൽ ജീവിച്ച് ശുദ്ധയും നിഷ്കളങ്കയുമായ് തേജസ്സോടെ അങ്ങയുടെ മുമ്പാകെ ആ നാളിൽ വെളിപ്പെടുവാൻ ഈ എളിയവനെ ശക്തിപ്പെടുത്തണമെ.

അല്ലയോ ആത്മമണവാളാ അങ്ങയെ ക്രൂശിച്ച ലോകത്തിൽ എനിക്ക് ജീവിക്കുവാൻ ഒരു ജീവിതം മാത്രമേ അങ്ങു തന്നിട്ടുള്ളല്ലോ. ഈ ലോകത്തിലെ ദുഷ്ടന്മാരായ മറ്റു കാമുകന്മാർ എന്നെ പ്രലോഭിപ്പിക്കുകയും ഭീഷണിപ്പെടുത്തുകയും എന്റെ ചാരിത്ര്യവിശുദ്ധിയെ മലിനപ്പെടുത്തുകയും ചെയ്യാൻ ശ്രമിക്കുമ്പോൾ അവരുടെ പരീക്ഷകളിൽ നിന്ന് വിടുവിച്ച് അങ്ങയെ മാത്രം സ്നേഹിച്ച് നോക്കി പാർത്ത് ജീവിപ്പാൻ അടിയന് കൃപ നൽകേണമേ.

പരിശുദ്ധ പിതാവേ അങ്ങയുടെ ഒരു മകൻ എന്ന അവസ്ഥയ്ക്ക് അങ്ങയിലുള്ള സ്വഭാവം എന്നിൽക്കൂടി പ്രതിഫലിപ്പിക്കുവാൻ അങ്ങനെ മറ്റുള്ളവർ എന്നിൽക്കൂടി അങ്ങയെ കാണുവാൻ ഇടവരുത്തേണമെ. അങ്ങ് സൽഗുണപൂർണ്ണനായിരിക്കുന്നതുപോലെ ഞാനും സൽഗുണപൂർണ്ണനായി ജീവിക്കണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. അതിന് അടിയനെ പ്രാപ്തിപ്പെടുത്തുകയില്ലയോ? എനിക്കുമുമ്പെ ഓട്ടം തികച്ചു വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവേ എന്റെ ഓട്ടം തികപ്പാൻ എന്റെ കൂടെയിരുന്ന് എന്നെ ശക്തീകരിക്കണമെ. എന്റെ ട്രാക്ക് തെറ്റിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പിറകിലോട്ടോ വശങ്ങളിലേക്കോ നോക്കുവാൻ ഇടവരാതെവണ്ണം മുമ്പോട്ടു നോക്കി ഓടുവാൻ ഈ ഓട്ടക്കാരനെ അങ്ങ് സഹായിക്കണമെ. ക്ഷീണിച്ചു മടുക്കുവാനോ ഓട്ടത്തിൽ ഇടർച്ചക്കല്ലിൽ തട്ടിവീഴുവാനോ ഒരിക്കലും ഇടവരാതെ സ്ഥിരതയോടെ ഓടി ഓട്ടം തികച്ച് വിരുതു പ്രാപിക്കാൻ ഈ എളിയവനെ സഹായിക്കണമെ.

ഈ ലോകത്തിലെ പോർക്കളത്തിൽ പോരാടി സമ്പൂർണ്ണ വിജയം വരിച്ച ദൈവമനുഷ്യനായുള്ളോവെ അടിയനും ഈ പോർക്കളത്തിലായിരിക്കുന്നു. ഭയങ്കരനായ ശത്രുവിനെക്കണ്ട് പേടിച്ച് ഒളിച്ചോടുവാൻ ഞാൻ ഒരിക്കലും ആഗ്രഹിക്കുന്നില്ല. അവസാനംവരെ പോരാടി പോർക്കളത്തിൽ നിന്ന് നിങ്കലേക്കു വരുവാൻ ഞാനാഗ്രഹിക്കുന്നു. അതിന് എന്നെ നിലനിർത്തി ശക്തിപ്പെടുത്തണമെ.

കർത്താവായ ദൈവമേ, അങ്ങയുടെ കൈകളിലിരിക്കുന്ന ഒരായുധം എന്നുള്ള അവസ്ഥയ്ക്ക് അടിയൻ ഒരു ചെറിയ ആയുധമെങ്കിലും തുരുമ്പ് പിടിച്ച് ഉപയോഗശൂന്യമായിത്തീരുവാൻ ഞാനാഗ്രഹിക്കുന്നില്ല. ഉപയോഗിച്ച് തേഞ്ഞ് തീരുവാൻ ആഗ്രഹിക്കുന്നു. എപ്പോഴും ഉപയോഗയോഗ്യമായ ഒരായുധമായി എന്നെ തീർക്കേണമേ.

സാക്ഷാൽ വെളിച്ചമായ യേശുവേ ഒരു വെളിച്ചമായ ഞാൻ മങ്ങിക്കത്തുവാൻ ആഗ്രഹിക്കുന്നില്ല. പുകയുന്ന തിരിയാകുവാനും താല്പര്യമില്ല. ഒരു മെഴുകുതിരിയുടെ സ്ഥാനത്താണെങ്കിലും വേണ്ടില്ല. അവസാനത്തെ അംശം വരെ കത്തി പ്രകാശിക്കുവാൻ എന്നെ ബലപ്പെടുത്തണമെ. പറയിൻ കീഴെ മൂടി വെപ്പാനോ കാറ്റടിച്ച് കെട്ടുപോകാനോ ഇടവരുത്തരുതേ.

നല്ല യജമാനനായുള്ളോവേ, അങ്ങയുടെ തോട്ടത്തിലെ ഒരു കൃഷിക്കാരൻ എന്ന അവസ്ഥയ്ക്ക് മടുത്തു പോകാതെ ഫലം ലഭിക്കുവോളം അദ്ധ്വാനിക്കുന്ന ഒരു നല്ല കൃഷിക്കാരനായി എന്നെ തീർത്തെങ്കിൽ കൊള്ളായിരുന്നു. കർത്താവേ നല്ല മുന്തിരി നട്ടിട്ടു കാട്ടുമുന്തിരിങ്ങാ കായ്ച്ചതു കണ്ടിട്ട് നിരാശപ്പെട്ടിട്ടുണ്ട്. എന്നാൽ നല്ല ഫലം ലഭിക്കുവോളം സഹിഷ്ണുതയോടെ അദ്ധ്വാനിപ്പാൻ ശക്തി നൽകണമെ.

പരിശുദ്ധ പിതാവേ, അങ്ങയുടെ ഭവനത്തിലെ ഒരു പാത്രമാണല്ലോ അടിയൻ. അങ്ങേയ്ക്ക് ഉപയോഗയോഗ്യമായ ഒരു മാനപാത്രമാക്കി എന്നെ തീർക്കണമെ. ഈ ലോകത്തിലെ അശുദ്ധി ഒന്നും എന്നിൽ കടന്നു വരരുതേ.

എല്ലാറ്റിനുമുപരിയായി അങ്ങ് എഴുന്നെള്ളി വസിക്കുന്ന ഒരു മന്ദിരമാണല്ലോ ഈ എളിയവൻ. ഈ പരിജ്ഞാനം എനിക്ക് ഗ്രഹിച്ചുകൂടാതെവണ്ണം അഗാതമായിരിക്കുന്നു എങ്കിലും അങ്ങ് വെളിപ്പെടുത്തിയിരിക്കുന്ന ഒരു സത്യമാണല്ലോ അത്. ഹൊ! ഒന്ന് ഞാൻ മനസ്സിലാക്കുന്നു. അങ്ങയുടെ പുത്രന്റെ വിശുദ്ധി എന്നിൽ കണക്കിട്ടു സ്തോത്രം! അങ്ങ് വിശുദ്ധനായിരിക്കുന്നതുപോലെ ഞാനും വിശുദ്ധിയോടെ ജീവിക്കുവാൻ ആവശ്യമായകൃപകൾ നൽകേണമേ.

പരിശുദ്ധ പിതാവേ, അടിയന്റെ ഓട്ടം തീരാറായി, തീരത്തോട് അടുക്കാറായി. മേൽപ്പറഞ്ഞ അഭിലാഷങ്ങളും അതുപോലെയുള്ള മറ്റ് നല്ല അഭിലാഷങ്ങളും നിവർത്തിപ്പാൻ അടിയനെ ശക്തിപ്പെടുത്തണമെന്ന് അങ്ങയുടെ എളിയ ദാസൻ അപേക്ഷിക്കുന്നു, പ്രാർത്ഥിക്കുന്നു. ●

# ഓർമ്മയിൽ നിന്നും മായാത്ത നില്ക്കുന്ന 2 സംഭവങ്ങൾ

**സുവി. കെ.പി. ജോർജ്ജ്, മൈലപ്ര**

**ചി**ക്കമഗളൂരിലെ ഞങ്ങളുടെ വാസകാലത്ത് (35 വർഷങ്ങൾ) മറക്കാനാവാത്ത പലതും ഉണ്ടായിട്ടുണ്ട്. ആ സ്ഥലത്തുനിന്നും ഞങ്ങളെ തുരത്തുവാൻ ശത്രുക്കൾ നടത്തിയ 2 കാര്യങ്ങൾ കുറിക്കുന്നു. അവിടുത്തെ സുവിശേഷ വിരോധ പ്രസ്ഥാനത്തിന്റെ ഒരു നായകൻ ധനികനും ഒരു പ്രധാന വ്യവസായിയുമായിരുന്നു. അയാൾ പറഞ്ഞു. "ഞാൻ അവനെ രണ്ടാഴ്ചയ്ക്കുള്ളിൽ ഇവിടെ നിന്നും ഓടിക്കും." ഞങ്ങളെ സ്നേഹിക്കുന്ന പലരും ഈ കാര്യം ഞങ്ങളോടു പറഞ്ഞു. അയാൾ എന്തും ചെയ്യുവാൻ മടിക്കാത്ത ആളാണ്. സൂക്ഷിച്ചുകൊള്ളണം എന്ന് ചിലർ പറഞ്ഞു. ഞങ്ങൾ കർത്താവിനോട് സങ്കടം പറഞ്ഞു. അയാൾ ഇതു പറഞ്ഞതിന്റെ 3-ാം നാൾ അയാൾക്ക് വയറിളക്കം തുടങ്ങി. ആശുപത്രിയിൽ പോയി സുഖമായില്ല. മണിപ്പാലിൽ കൊണ്ടുപോകേണ്ടി വന്നു. അവിടെ നിന്ന് 3 മാസം കഴിഞ്ഞാണ് തിരിച്ചു വന്നത്. അതോടെ ഞങ്ങളെ ഓടിക്കുന്ന പരിപാടി അയാൾ നിറുത്തി. ഞങ്ങളെ കാണുന്നതു തന്നെ അയാൾക്ക് ഭയമായി.

ഓർമ്മയിൽ നില്ക്കുന്ന മറ്റൊരു സംഭവം ഉണ്ട്. ചിക്കമഗളൂരിൽ ആദ്യം രക്ഷിക്കപ്പെട്ടവർ ചില കത്തോലിക്കാ യുവാക്കളായിരുന്നു. അവരുടെ ഇടയിലെ യുവജനപ്രസ്ഥാനത്തിലെ പ്രധാനികളായിരുന്നു അവർ. ഞങ്ങളെ അവരുടെ വീടുകളിൽ പ്രവേശിപ്പിക്കരുത് എന്ന് പുരോഹിതൻ പള്ളിയിൽ പ്രസ്താവിച്ചു. ഒരിക്കൽ ഒരു മഴയോടെ ഒരു വീട്ടിൽ ഞാൻ കയറി. അവർ ഇരിപ്പിടം തന്നു. ഒരു ട്രാക്റ്റ് അവർക്കു കൊടുത്തു. അവർ അതു നോക്കിയിട്ട് 'നിങ്ങളാണോ കെ.പി. ജോർജ്ജ്' എന്നു ചോദിച്ചു. അതെ എന്നു പറഞ്ഞു. ഗൃഹനാഥൻ ഞാൻ ഇരുന്ന കസേരയ്ക്കു പിടിച്ചു കൊണ്ടു പറഞ്ഞു. ദയവായി ഇവിടെ നിന്നു പോകണം. നിങ്ങളെ വീട്ടിൽ കയറ്ററുതെന്ന് ഞങ്ങളുടെ പള്ളിയിൽ പറഞ്ഞിട്ടുണ്ട്. ഞാൻ ആകെ വിഷമിച്ചു. നല്ല മഴ. അടുത്ത ഒരു വീട്ടിലേയ്ക്ക് ഓടിക്കയറി. വരാന്തയിൽ നിന്നു. അവർ വീടു തുറന്നില്ല. കുറച്ചു കഴിഞ്ഞപ്പോഴേക്കും എനിക്കു പോകേണ്ടിയിരുന്ന ആ വീട്ടുകാർ വന്നു. ഞാൻ ആ വീട്ടിലേയ്ക്ക് കയറുകയും ചെയ്തു. അവർ സി.എസ്.ഐ. ക്കാരായിരുന്നു. അയാൾ എന്നെ കാണുമ്പോഴൊക്കെ വീട്ടിലേക്കു വരണം എന്നു ക്ഷണിച്ചിരുന്നു. അദ്ദേഹം ഒരു സർക്കാർ ഉദ്യോഗസ്ഥനായിരുന്നു. ആ വീട്ടിലുള്ളവരോടു സുവിശേഷം പറഞ്ഞു. അവർ കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചു. നമ്മുടെ യോഗങ്ങൾക്കു വരുവാൻ തുടങ്ങി. പള്ളിക്കാർ ഇതറിഞ്ഞു. അവരെ വിലക്കി. അങ്ങനെ വീടുകളിൽ എങ്ങും ഞങ്ങൾക്ക് പ്രവേശനം ഇല്ലാതെയായി. എങ്കിലും ചിലർ ഞങ്ങളെ സ്വീകരിച്ചു. സി.എസ്.ഐ. പള്ളിയിലെ സെക്രട്ടറിയെ പരിചയപ്പെട്ടു. അദ്ദേഹം ഒരു ബ്രാഹ്മണനായിരുന്നു. ഒരു സി.എസ്.ഐ.ക്കാരി സ്ത്രീയെ വിവാഹം കഴിച്ചു. ക്രിസ്ത്യാനിയായി. പള്ളിയിലെ പരീക്ഷകൾ പാസ്സായി. ആ പള്ളിയിലെ സെക്രട്ടറിയായി. അദ്ദേഹം ഞങ്ങളെ തന്റെ വീട്ടിൽ സ്വീകരിക്കുകയും പല ഭവനങ്ങളിലും ഞങ്ങളെ കൊണ്ടുപോയി പ്രാർത്ഥിപ്പിക്കുകയും ചെയ്തു. പ്രാർത്ഥനയ്ക്ക് ഞങ്ങളുടെ വീട്ടിൽ വരികയും ചെയ്തിരുന്നു. ഒരിക്കൽ ഒരു വീട്ടിൽചെന്നു പ്രാർത്ഥിച്ചു ഇറങ്ങുമ്പോൾ ഗൃഹനായിക ഒരു കൂട്ടായ്മയുമായി വന്നു. ഞാൻ ചോദിച്ചു. ഇതെന്താണ്. അയ്യാ ഇത് കാണിക്കയാണ് എന്നു പറഞ്ഞു. ഞാൻ പറഞ്ഞു കാണിക്ക പള്ളിയിൽ കൊടുക്കണം. ഞാൻ വാങ്ങുകയില്ല. പല പ്രാവശ്യം ആ വീട്ടിൽ പോയി പ്രാർത്ഥിച്ചു പോന്നു. ഒടുവിൽ എന്നെ കൊണ്ടു നടന്ന സെക്രട്ടറി രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ടു. അദ്ദേഹത്തിന്റെ ഭാര്യയും അഞ്ചു മക്കളും കർത്താവിനെ സ്വീകരിച്ചു സ്നാനപ്പെട്ടു. നമ്മോടു ചേർന്നു. നിത്യജീവനായി നിയമിക്കപ്പെട്ടവർ കർത്താവിനെ കണ്ടു തങ്ങളുടെ രക്ഷയിൽ സന്തോഷിച്ചു. ●

---

## രോഗികൾ

**പുത്തനമ്പലം** : ഈ സഭാംഗം ആർ. സുരേന്ദ്രന് ഇടക്കാലത്ത് മാനസികരോഗം പിടിപെടുകയും അതിനായി ചികിത്സയിലുമാണ്. താൻ ഒരു നിർദ്ധനനാണ്. ജീവിതകാലം മുഴുവനുമുള്ള ചികിത്സയാണ് ഡോക്ടർ നിർദ്ദേശിച്ചത്. അതിനാൽ ദൈവമക്കൾ പ്രാർത്ഥിക്കുകയും ചികിത്സയ്ക്കായി സഹായിക്കുകയും ചെയ്യണമെ. വിലാസം ആർ സുരേന്ദ്രൻ, ആലക്കോട്ടുവീട്, ഐവർകാലനടുവിൽ, പുത്തനമ്പലം പി.ഒ. 691553.

**ജാൻസി** : സുവി. പി.പി. ഫിലിപ്പോസിന്റെ രോഗങ്ങൾക്ക് ഇപ്പോൾ വളരെ ആശ്വാസം ഉണ്ട്. പ്രാർത്ഥിച്ച ദൈവമക്കൾക്ക് നന്ദി അറിയിക്കുന്നു. Prostate ന്റെ operation നടക്കേണ്ടതായിട്ടുണ്ട്. എല്ലാ അസുഖങ്ങൾക്കും കർത്താവ് പൂർണ്ണസൗഖ്യം തരുവാൻ പ്രാർത്ഥിച്ചാലും. എന്ന് പി.എ. സാമുവൽ, പി.വി. ജോസഫ്, ഫിലിപ്പോസ് പി.പി.

**തൃക്കൈക്കുത്ത്** : സുവി.കെ.പി. മത്തായിയുടെ ഭാര്യ ഏലിയാമ്മ പെട്ടെന്നുണ്ടായ തലവേദനയെത്തുടർന്ന് കോഴിക്കോട് മെഡിക്കൽസയൻസ് ഹോസ്പിറ്റലിൽ 6-8-08ന് പ്രവേശിപ്പിക്കയും M.R. സ്കാൻ ചെയ്തപ്പോൾ തലച്ചോറിൽ ബ്ലഡ് ക്ലോട്ട് ചെയ്തിട്ടുണ്ടെന്നും ഉടൻ ഓപ്പറേഷൻ ചെയ്യണമെന്നും ഡോക്ടർമാർ പറഞ്ഞു. അതിനാൽ തലയ്ക്ക് ഓപ്പറേഷൻ ചെയ്തു. ഇപ്പോൾ ഭവനത്തിൽ വിശ്രമിക്കുന്നു. കുറെ നാളുകൾ മരുന്നു കഴിക്കണം. ദൈവജനം പ്രത്യേകം പ്രാർത്ഥിക്കുക. എന്ന് K.P. Mathai (Evg.), Kochuveettil House, Thrikaikuthu, Kappil P.O., (Via) Wandoor - 679328, Ph: 04931 - 224372

# മൗലികമുഖി പ്രഭാഷണം - 11

**ഡോ. ഒ.എം. സാമുവേൽ**

## യേശുക്രിസ്തുവിന്റെ കർത്തൃത്വം അംഗീകരിക്കേണ്ട മൂന്ന് മേഖലകൾ

**13**-ാം അദ്ധ്യായത്തിന്റെ അവസാനഭാഗത്തും 14-ാം അദ്ധ്യായത്തിലും 4 ശിഷ്യന്മാർ യേശുക്രിസ്തുവിനോട് 4 ചോദ്യങ്ങൾ ചോദിക്കുന്നതും യേശുക്രിസ്തു അതിനു നൽകുന്ന മറുപടിയും നാം ശ്രദ്ധിക്കേണ്ടതാണ്. പഴയനിയമത്തിൽ പെസഹാ ആചരിക്കുന്ന സമയത്ത് ഈ ആചാരത്തിന്റെ അന്തഃസത്ത എന്തായിരിക്കുമെന്ന് കുഞ്ഞുങ്ങൾ പിതാവിനോട് ചോദിക്കും. പിതാവ് അതിനുള്ള വിശദീകരണം നൽകിയിരുന്നു. പെസഹാചരണത്തിന്റെ അനുസ്മരണയെന്ന നിലയിൽ ശിഷ്യന്മാർ യേശുക്രിസ്തുവിനോട് ചോദ്യങ്ങൾ ചോദിക്കുന്നു. യേശുക്രിസ്തു അതിനുള്ള വ്യക്തമായ മറുപടിയും നൽകുന്നു. പത്രൊസ്, തോമാസ്, ഫിലിപ്പൊസ്, ഇസ്ക്കര്യോത്താവല്ലാത്ത യൂദാ ഇവരാണ് കർത്താവിനോട് ചോദ്യം ചോദിക്കുന്ന ശിഷ്യന്മാർ. ഇവർ 4 പേരും യേശുക്രിസ്തുവിനോട് ചോദിക്കുന്ന ചോദ്യം ശ്രദ്ധിച്ചാൽ ഒരു കാര്യം വ്യക്തമാകും. 4 പേരും ഒരുപോലെ കർത്താവേ കർത്താവേ എന്നാണ് യേശുക്രിസ്തുവിനെ സംബോധന ചെയ്യുന്നത്. യേശുക്രിസ്തുവിന്റെ കർത്തൃത്വത്തിന്റെ പ്രാധാന്യം ശിഷ്യന്മാർ ഗ്രഹിച്ചിരുന്നു. ക്രിസ്തീയ ജീവിതത്തിൽ പ്രാധാന്യം അർഹിക്കുന്ന ഒരു ഉപദേശസത്യമാണ് യേശുക്രിസ്തുവിന്റെ കർത്തൃത്വമെന്നുള്ളത്. ഇന്ന് വിശ്വാസ ലോകത്ത് ഇതൊരു വിവാദവിഷയമായി മാറിയിരിക്കയാണ്. യേശുക്രിസ്തുവിന്റെ കർത്തൃത്വം അംഗീകരിക്കേണ്ട 3 മേഖലകൾ നാം ഓർത്തിരിക്കണം.

**1. വ്യക്തിപരമായ ജീവിതത്തിൽ**

ഒന്നാമത് നമ്മുടെ വ്യക്തിപരമായ ജീവിതത്തിൽ യേശുക്രിസ്തുവിന്റെ കർത്തൃത്വം നാം അംഗീകരിച്ചിരിക്കണം. യേശുക്രിസ്തു നമ്മുടെ രക്ഷിതാവാണ്. അതുപോലെ നമ്മുടെ ജിവിത്തിന്റെ യജമാനൻ കൂടിയാണ്. ഈ 2 കാര്യങ്ങൾക്കും ഒരുപോലെ പ്രാധാന്യം നൽകേണ്ടത് ആവശ്യമാണ്. 1 പത്രൊസ് 3:14-ൽ *ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവായി വിശുദ്ധീകരിപ്പിൻ* എന്നാണല്ലോ എഴുതിയിരിക്കുന്നത്. ഈ വാകൃത്തിലെ വിശുദ്ധീകരിപ്പിൻ എന്ന പദപ്രയോഗം തെറ്റായ ധാരണ ഉളവാക്കുന്ന ഒന്നാണ്. ക്രിസ്തുവിനെ നമുക്കു വിശുദ്ധീകരിക്കാൻ കഴിയുമോ? പരിശുദ്ധിയുടെ പര്യായമായ യേശുക്രിസ്തുവിന്റെ വിശുദ്ധിയോടുകൂടി ഒരണുമാത്രം വിശുദ്ധി പോലും കൂട്ടിച്ചേർക്കാൻ ലോകത്തിലുള്ള എല്ലാ വിശ്വാസികളും ഭഗീരഥപ്രയത്നം ചെയ്താലും സാധിക്കാത്ത ഒന്നാണ്. പിന്നെന്താണ് പൗലൊസ് പറയുന്നതിന്റെ ആശയം. വിശുദ്ധീകരിപ്പിൻ എന്ന പദത്തിന്റെ ശരിയായ തർജ്ജമ വേർതിരിക്കുക (to set apart) എന്നാണ്. നമ്മുടെ ജീവിതം മുഴുവനായി അവന്റെ ഭരണത്തിന്നായി ഏല്പിച്ചുകൊടുക്കണം. ജീവിതത്തെ സമ്പൂർണ്ണമായി അവനുവേണ്ടി സമർപ്പിക്കണം. പഴയനിയമത്തിലും പുതിയനിയമത്തിലും ഈ സത്യത്തിന്റെ പ്രാധാന്യം നമുക്ക് ഗ്രഹിക്കാൻ കഴിയും. പുറ.21-ാം അദ്ധ്യായത്തിൽ ഒരു ദാസന്റെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള പ്രമാണം രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു യജമാനൻ വാങ്ങിയ ദാസൻ 6 വർഷത്തെ സേവനത്തിനുശേഷം സ്വതന്ത്രനാണ്. എന്നാൽ അവന്റെ യജമാനനെയും കുടുംബത്തെയും സ്നേഹിക്കുന്ന ദാസൻ സ്വതന്ത്രനായി പോകുന്നതിനേക്കാൾ ആ യജമാനനെ ജീവപര്യന്തം സേവിക്കുവാൻ തീരുമാനം എടുക്കുന്നു. അങ്ങനെ തീരുമാനം എടുക്കുന്ന ദാസന്റെ ചെവി ആണികൊണ്ട് തുളയ്ക്കപ്പെടുന്നു. ആജീവനാന്തം ദാസനാണെന്നുള്ളതിന്റെ മായാത്ത പാട് അവന്റെ കാതിൽ ഉണ്ടായിരിക്കും. ഇതുപോലെ നമ്മെ സ്നേഹിച്ച് നമുക്ക് വേണ്ടി കാൽവറി ക്രൂശിൽ ജീവനെ നൽകിയ കർത്താവിനെ നാമും ജീവിതം മുഴുവനും സേവിക്കേണ്ടതാണ്. എന്നും അവൻ നമ്മുടെ കർത്താവാണ്; യജമാനനാണ്. ദാസ്യത്വത്തിന്റെ ചൂടടയാളം നമുക്കും ഉണ്ടായിരിക്കണം. യേശുക്രിസ്തുവിന്റെ കർത്തൃത്വം നമ്മുടെ വ്യക്തിജീവിതത്തിൽ പ്രായോഗികമാക്കാൻ കർത്താവു സഹായിക്കട്ടെ.

**2. കുടുംബ ജീവിതത്തിൽ**

യേശുക്രിസ്തുവിന്റെ കർത്തൃത്വം അംഗീകരിക്കേണ്ട രണ്ടാമത്തെ മേഖല നമ്മുടെ കുടുംബജീവിതമാണ്. എഫെ.. 5,6 അദ്ധ്യായങ്ങളിൽ ഒരു മാതൃകാ കുടുംബജീവിതത്തിന്റെ മാർഗ്ഗരേഖ നമുക്കു കാണാം. ഭർത്താവു ഭാര്യയെ കർത്താവ് സഭയെ സ്നേഹിച്ചതുപോലെ സ്നേഹിക്കണം. അതുപോലെ ഭാര്യ ഭർത്താവിനെ കർത്താവിൽ എന്നവണ്ണം അനുസരിക്കണം. കുഞ്ഞുങ്ങൾ മാതാപിതാക്കന്മാരെ കർത്താവിൽ ബഹുമാനിക്കയും അനുസരിക്കയും വേണം. മാതാപിതാക്കൾ കുഞ്ഞുങ്ങളെ പത്ഥ്യോപദേശത്തിൽ വളർത്തണം. അതുപോലെ യജമാനന്മാർ ദാസന്മാരോട് സ്നേഹത്തോടും കരുണയോടും കൂടെ പെരുമാറണം. ഇങ്ങനെ എല്ലാം കർത്താവിൽ ആയിരി

# അനന്യാസ് കൊടുത്ത ലേസർ ട്രീറ്റ്മെന്റും അത്ഭുതരോഗശാന്തിയും

**കെ.എ. എബ്രഹാം, മഴുക്കീർ**

**അ**പ്പൊസ്തലിക കാലയളവിൽ ജീവിച്ചിരുന്ന കർത്താവിന്റെ ഒരു ശിഷ്യനായിരുന്നു അനന്യാസ്. എങ്കിലും തന്റെ ശുശ്രൂഷകളെക്കുറിച്ചുള്ള വിശദ വിവരങ്ങൾ തിരുവചനത്തിൽ മറ്റെങ്ങും രേഖപ്പെടുത്തിയിട്ടില്ല. എങ്കിൽ തന്നെയും വെളിപ്പെടുത്തി കിട്ടിയിരിക്കുന്ന ഈ സംഭവ ചരിത്രത്തിന്റെ പ്രാധാന്യം അതുല്യമാണ്. കാരണം തന്റെ ശുശ്രൂഷകളുടെ മുഖമുദ്ര സഹോദരസ്നേഹം എന്നുള്ളതു മാത്രമായിരുന്നു. തന്നെയുമല്ല കർത്താവു താൻ തിരഞ്ഞെടുത്ത 11 അപ്പൊസ്തലന്മാർ ജീവനോടിരിക്കെ ഈ ശുശ്രൂഷ കർത്താവ് അനന്യാസിനെ ഏല്പിച്ചത് തന്റെ ശുശ്രൂഷയ്ക്കു കർത്താവു കൊടുത്ത അംഗീകാരമായിട്ടുവേണം കരുതുവാൻ. കാരണം ഒരു ശിഷ്യനുണ്ടായിരിക്കേണ്ട എല്ലാ ഗുണഗണങ്ങളും അനന്യാസിനുണ്ടായിരുന്നു. ആയവ എന്തൊക്കെ എന്നു നോക്കാം.?

**A. അനന്യാസിന്റെ പ്രത്യേകതകൾ**

**1. അനന്യാസ് ഒരു ദർശകൻ ആയിരുന്നു (അപ്പൊ. 9:10)**

അനന്യാസിനെ കർത്താവ് ഒരു ദർശനത്തിൽ എന്നാണിവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിൽ നിന്നും ഇതിനു മുൻപും പിൻപും കർത്താവ് അനന്യാസിന് ദർശനങ്ങൾ നൽകിയിട്ടുണ്ടെന്ന് ന്യായമായി അനുമാനിക്കാം. പ്രത്യേകാൽ അപ്പൊസ്തലിക കാലയളവിൽ കർത്താവു തന്റെ ഭക്തന്മാർക്ക് ദർശനങ്ങൾ നൽകിയിട്ടുള്ളതായി തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (അപ്പൊ. 10:3,11;18:19; വെളി. 1:12) ദൈവവചനം പൂർണ്ണമായി പുസ്തകരൂപത്തിൽ ആ കാലയളവിൽ ലഭ്യമല്ലാതിരുന്നതിനാൽ ഇപ്രകാരമുള്ള ദർശനങ്ങൾ ഭക്തജനങ്ങൾക്ക് ആവശ്യമായിരുന്നു. എന്നാൽ ഈ കാലയളവിൽ അപ്രകാരമുള്ള ദർശനങ്ങൾ ആവശ്യമില്ല. എങ്കിൽതന്നെയും ആത്മീയ കാഴ്ചപ്പാടുള്ള ഭക്തജനങ്ങളുടെ കുറവാണൊ വേർപെട്ട ദൈവജനങ്ങളുടെ മദ്ധ്യെ വിപ്ലവാത്മകമായ ഒരു പരിവർത്തനത്തിന് തടസമായിരിക്കുന്നതെന്നു സംശയിച്ചു പോകയാണ്. എങ്കിൽ നമ്മുടെ ഹൃദയദൃഷ്ടിയെ പ്രകാശിപ്പിക്കുവാൻ ദൈവം കൃപചെയ്യുമാറാകട്ടെ (എഫെ. 1:17).

**2. അനന്യാസ് സകല യഹൂദന്മാരാലും നല്ല സാക്ഷ്യം കൊണ്ടവനായ ഭക്തിയുള്ള പുരുഷൻ ആയിരുന്നു (അപ്പൊ. 22:12)**

കർത്താവിന്റെ ശിഷ്യന്മാർക്ക് ഉണ്ടായിരിക്കേണ്ട അതിശ്രേഷ്ടമായ ഗുണങ്ങൾ അനന്യാസിന് ഉണ്ടായിരുന്നു. ഇങ്ങനെയുള്ള വ്യക്തികൾക്കാണ്

---

ക്കണം ചെയ്യേണ്ടത്. കുടുംബജീവിതം കർത്താവിന് കർത്തൃത്വം നൽകുന്ന ഒന്നായിരിക്കണം. ക്രിസ്തു ആയിരിക്കണം കുടുംബത്തിന്റെ തലവൻ. പല ഭവനങ്ങളിലും ക്രിസ്തു ഈ വീടിന്റെ നായകൻ എന്ന് മനോഹരമായ ചുവരെഴുത്ത് കാണാൻ സാധിക്കും. എന്നാൽ ആ ചുവരെഴുത്തിലെ ആശയം കുടുംബജീവിതത്തിൽ യാഥാർത്ഥ്യമാകുന്നുണ്ടോ? ഇന്ന് അനേക വിശ്വാസകുടുംബങ്ങളിൽ അസമാധാനവും അസന്തുഷ്ടിയും മാത്രമാണ് കാണാൻ കഴിയുന്നത്. ഇതിന്റെ പ്രധാനകാരണം യേശുക്രിസ്തുവിന്റെ കർത്തൃത്വം നമ്മുടെ കുടുംബ ജീവിതത്തിൽ നഷ്ടപ്പെട്ടിരിക്കുന്നു എന്നുള്ളതാണ്.

**3. സഭാതലത്തിൽ**

യേശുക്രിസ്തുവിന്റെ കർത്തൃത്വം അംഗീകരിക്കേണ്ട മൂന്നാമത്തെ രംഗം നമ്മുടെ സഭാതലങ്ങളാണ്. കൊരിന്ത്യലേഖനം മുഴുവൻ ഈ ആശയത്തെ പ്രകടമാക്കുന്നതാണ്. കൊരിന്ത്യ സഭയിലെ കാതലായ പ്രശ്നം എന്തായിരുന്നു? അന്യഭാഷാ ഭാഷണവും അതുപോലെയുള്ള താല്ക്കാലിക വരങ്ങളെക്കുറിച്ചുള്ള ധാരണ പിശകാണ് ആ സഭയിലെ *പ്രശ്നങ്ങൾ* എന്നു കരുതുന്നു. അവ പ്രശ്നങ്ങളായിരുന്നു. എന്നാൽ കൊരിന്തു സഭയിലെ ***പ്രശ്നം*** യേശുക്രിസ്തുവിന്റെ കർത്തൃത്വത്തിനു പകരം ചില വ്യക്തികളുടെ നേതൃത്വത്തിന്റെ അതിപ്രസരമായിരുന്നു. അപ്പൊല്ലോസിന്റെയും കേഫാവിന്റെയും പൗലൊസിന്റെയും പക്ഷക്കാരായിരുന്നു അവിടെയുണ്ടായിരുന്നവർ. ഈ നേതാക്കന്മാരുടെ പേരിലുള്ള ശീതസമരം ആ സഭയിലുണ്ടായിരുന്നു. അതുകൊണ്ട് കർത്തൃമേശ പോലും അലങ്കോലപ്പെടുന്നു. ഇത് ഇന്നത്തെ നമ്മുടെ സഭകളെ സംബന്ധിച്ചും ശരിയല്ലേ. യേശുക്രിസ്തുവിന്റെ കർത്തൃത്വത്തേക്കാൾ വ്യക്തികളുടെ കർത്തൃത്വത്തിനല്ലേ നാം പ്രാധാന്യം കൊടുക്കുന്നത്. ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം നാം ആചരിക്കുന്ന കർത്തൃമേശ യഥാർത്ഥത്തിൽ കർത്താവിന്റെ മേശയായിട്ടാണോ നാം പരിഗണിക്കുന്നത്? യേശുക്രിസ്തുവിന്റെ കർത്തൃത്വം നമ്മുടെ സഭാജീവിതത്തിൽ പ്രായോഗികമാക്കാൻ കർത്താവു സഹായിക്കട്ടെ. **(തുടരും)**

കർത്താവ് ദർശനങ്ങൾ ആത്മീയമായ കാഴ്ചപ്പാടുകൾ കൊടുക്കാറുള്ളത്. അനന്യാസ് സകല യഹൂദന്മാരാലും നല്ല സാക്ഷ്യം കൊണ്ടവനായ ഭക്തിയുള്ള പുരുഷൻ ആയിരുന്നു. ഇപ്രകാരമുള്ള ഒരു ചരിത്രം മറ്റാരെയും കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നില്ല. ഇങ്ങനെ ഒരു സാക്ഷ്യം നമ്മെ കുറിച്ചും സ്വർഗ്ഗം രേഖപ്പെടുത്തുമോ? എങ്കിൽ അനന്യാസിനു ലഭിച്ചതുപോലുള്ള ആത്മീയ ദർശനം ദൈവം നമുക്കും നൽകി തരും.

**3. വിളിച്ച കർത്താവിനെ തിരിച്ചറിയുവാനുള്ള കഴിവ് അനന്യാസിനുണ്ടായിരുന്നു (അപ്പൊ. 9:10)**

നേരിൽ കണ്ടിട്ടും പിതൃവാത്സല്യത്തോടു കൂടിയുള്ള വിളി കേട്ടിട്ടും തിരഞ്ഞെടുക്കപ്പെട്ട ശിഷ്യഗണത്തിന് യേശുവിനെ തിരിച്ചറിയാൻ സാധിച്ചില്ല (യോഹ. 21:4). എങ്കിലും ആ വിളിയുടെ ശബ്ദം കേട്ടപ്പോൾ അത് എന്റെ കർത്താവാണെന്നു തിരിച്ചറിയുവാൻ അനന്യാസിന് യാതൊരു സംശയവും ഇല്ലായിരുന്നു. എന്താണിതിനു കാരണം? അനന്യാസിൽ വ്യാപരിച്ച ദൈവസ്നേഹം ഒന്നു മാത്രം. അതുതന്നെയാണ് നാം യോസേഫിൽ കാണുന്നത്. യോസേഫ് സഹോദരന്മാരെ തിരിച്ചറിഞ്ഞു. എങ്കിലും അവർ അവനെ തിരിച്ചറിഞ്ഞില്ല (ഉല്പത്തി 42:8). സ്വന്ത സഹോദരന്റെ ശബ്ദം തിരിച്ചറിയുവാൻ സാധിക്കാത്ത നമുക്ക് കർത്താവിന്റെ ശബ്ദം എങ്ങനെ തിരിച്ചറിയുവാൻ സാധിക്കും? ആകയാൽ അനന്യാസിനെപ്പോലെ കർത്താവിന്റെ ശബ്ദം തിരിച്ചറിയുവാൻ നമുക്ക് കാതുകളെ ചായിക്കാം.

**4. അനന്യാസ് ഒരു ദാസനെപ്പോലെ സേവ ചെയ്യുവാൻ ഒരുക്കമുള്ളവനായിരുന്നു (അപ്പൊ. 9:10)**

അടിയൻ ഇതാ എന്നു പറഞ്ഞു കൊണ്ടാണ് അനന്യാസ് കർത്താവിന്റെ വിളിക്ക് പ്രതികരിക്കുന്നത്. ഒരു ദാസനെപ്പോലെ സേവ ചെയ്യുവാനുള്ള ഒരുക്കത്തെയാണ് ഇത് കാണിക്കുന്നത്. ആർ നമുക്കു വേണ്ടി പോകും. ഞാൻ ആരെ അയക്കേണ്ടു എന്നുള്ള സ്വർഗ്ഗീയ ശബ്ദത്തിങ്കൽ, അടിയൻ ഇതാ, അടിയനെ അയക്കേണമെയെന്നു പ്രവാചകൻ അരുളി ചെയ്തപോലെ അനന്യാസ് കർത്താവിന്റെ വിളിക്കു തന്നെത്താൻ സമർപ്പിക്കയാണിവിടെ ചെയ്തിരിക്കുന്നത്. എങ്കിലും അരുളപ്പാട് കേട്ടയുടനെ എടുത്തു ചാടി പോകാൻ ഒരുങ്ങാതെ യജമാനനോട് അറിഞ്ഞ വിവരം തുറന്നു പറഞ്ഞ് മാനുഷീകമായുള്ള തന്റെ ഹൃദയത്തിൽ തട്ടിയ ഭയം വെളിപ്പെടുത്തി. *കർത്താവെ ആ മനുഷ്യൻ . . . ഞാൻ കേട്ടിരിക്കുന്നു* (9:13). ഇങ്ങനെ യജമാനനോട് ഉള്ളം തുറന്ന് സംസാരിച്ച ദാസനെ അശേഷം ശകാരിക്കാതെ **നീ പോക** എന്നുള്ള രാജകല്പനയാണ് അനന്യാസിന് ഇവിടെ ലഭിച്ചിരിക്കുന്നത്. ഇപ്രകാരം ഒരു രാജകല്പന ഉണ്ടെങ്കിൽ പോകുവാൻ നാം എന്തിന് മടിക്കുന്നു?

അങ്ങനെ അനന്യാസ് യാത്ര തിരിച്ചു. നേർവീഥി എന്ന തെരുവിൽ ചെന്നു. യൂദയുടെ വീട് തിരക്കി. തർസോസുകാരനായ ശൗൽ എന്നു പേരുള്ളവനെ അന്വേഷിച്ചു. അകത്തുചെന്നു. യാതൊരു കത്തിയും ഉപയോഗിക്കാതെയുള്ള ഒരു ശസ്ത്രക്രിയയ്ക്കു തയ്യാറായി അവന്റെ വാത്സല്യകരം ശൗലിന്റെ ശിരസ്സിൽ വച്ചു. **ശൗലേ, സഹോദരാ** എന്നു വിളിച്ചു. സഹോദര സ്നേഹത്തിന്റെ ഊഷ്മളമായ ആ വിളിയുടെ ശബ്ദതരംഗങ്ങൾ ശൗലിന്റെ കർണ്ണപുടങ്ങളിൽ പതിച്ചപ്പോൾ അദൃശ്യമായ ലേസർ ശസ്ത്രക്രിയ ഉടനടി നടന്നു. ശൗലിന് കാഴ്ച ലഭിച്ചു. ഇതാണ് അനന്യാസ് ചെയ്ത ലേസ്സർ ശസ്ത്രക്രിയ. ഇതിനു പകരം അനേകതരം കത്തികൾ ഉപയോഗിച്ച് ക്രൈസ്തവ സമൂഹത്തിൽ സ്റ്റേജുകൾ തോറും ഒട്ടുവളരെ ശസ്ത്രക്രിയകൾ നടക്കുന്നുണ്ട്. അത്ഭുതരോഗശാന്തിയുടെ വിളംബരം നടക്കുന്നുണ്ട്. എന്നാൽ രോഗികൾ ആരും സൗഖ്യം പ്രാപിക്കുന്നില്ല. **(തുടരും)**

## Dewan Bahadur Dr. V. Verghese hospital Trust

Association ന്റെ പൊതുസമിതി യോഗം 2008 ഓഗസ്റ്റ് 15 ന് TMM ഓഡിറ്റോറിയത്തിൽ Chairman Col. (Rtd.) Alex Verghese ന്റെ അദ്ധ്യക്ഷതയിൽ കൂടുകയും കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു. കർതൃസന്നിധിയിൽ ചേർക്കപ്പെട്ട പ്രൊഫ. ചെറിയാൻ മാത്യു, ഭരണസമിതിയിൽ നിന്നും രാജിവെച്ചൊഴിഞ്ഞ ഡോ. ചാൾസ് ഏബ്രഹാം, ഭരണസമിതിയിലെ കാലാവധി തികച്ച സഹോ. ജോർജ്ജ് വർഗ്ഗീസ്, എന്നിവരുടെ ഒഴിവിലേക്ക് റെജി മാത്യു, ബെഞ്ചമിൻ ജോസഫ്, വിൽസൺ തോമസ് എന്നിവരെ തിരഞ്ഞെടുത്തു. പൊതുസമിതിയിൽ നിന്നും റോബർട്ട് തോമസിനെ ഭരണസമിതിയിലേക്ക് നിയോഗിച്ചു. Col. Alex Verghese (Rtd.) നെ ചെയർമാനായും വി.എം. ഏബ്രഹാമിനെ വൈസ് ചെയർമാനായും ജോൺ വി.ഏബ്രഹാമിനെ സെക്രട്ടറി ആയും റ്റി.റ്റി. തോമസിനെ ട്രഷറാർ ആയും തിരഞ്ഞെടുത്തു. ഓഡിറ്റ് ചെയ്ത വരവുചെലവു കണക്കുകൾ അംഗീകരിച്ചു. 10 വർഷത്തെ കാലാവധി തികച്ച് പിരിഞ്ഞു പോകുന്ന ഭരണസമിതിയംഗം ജോർജ്ജ് വർഗ്ഗീസിന്റെ കഴിഞ്ഞ കാലത്തെ സേവനങ്ങളെ നന്ദിപൂർവ്വം സ്മരിച്ചു. തുടർന്ന് പുതിയ ഭരണസമിതിയേയും സ്ഥാപനങ്ങളെയും ദൈവകരങ്ങളിലേക്ക് സമർപ്പിച്ച് പ്രാർത്ഥനയോടെ യോഗം പിരിഞ്ഞു. ജോൺ വി. ഏബ്രഹാം. സെക്രട്ടറി.

# തിമൊഥെയൊസിനു എഴുതിയ ഒന്നാം ലേഖനം: ഒരു പഠനം–11

ജേക്കബ് തോമസ്, മാവേലിക്കര

**XI. വിശ്വാസ ത്യാഗത്തെക്കുറിച്ചുള്ള മുന്നറിയിപ്പ് (1 തിമൊ.4.1–5)**

***' എന്നാൽ ഭാവികാലത്ത് ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ച് ഭോഷ്കു പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്ന് ആത്മാവ് തെളിവായി പറയുന്നു. അവർ സ്വന്തമനസ്സാക്ഷിയിൽ ചൂടുവച്ചവരായി, വിവാഹം വിലക്കുകയും സത്യത്തെ ഗ്രഹിച്ചിരിക്കുന്ന വിശ്വാസികൾ സ്തോത്രത്തോടെ അനുഭവിപ്പാൻ ദൈവം സൃഷ്ടിച്ച ഭോജ്യങ്ങളെ വർജ്ജിക്കേണം എന്ന് കല്പിക്കയും ചെയ്യും. എന്നാൽ ദൈവത്തിന്റെ സൃഷ്ടി എല്ലാം നല്ലത്; സ്തോത്രത്തോടെ അനുഭവിക്കുന്നു എങ്കിൽ ഒന്നും വർജ്ജിക്കേണ്ടതല്ല. ദൈവവചനത്താലും, പ്രാർത്ഥനയാലും വിശുദ്ധീകരിക്കപ്പെടുന്നുവല്ലോ.***

**1. വിശ്വാസ ത്യാഗത്തിന്റെ കാരണം (4:1)**

ദൈവസഭയുടെ പ്രാധാന്യതയും ദൈവ ഭക്തിയുടെ മർമ്മം ആയ ക്രിസ്തുവിനെയും കുറിച്ച് പറഞ്ഞ ശേഷം പൗലോസ് ഇവ രണ്ടും ത്യജിക്കുന്ന ഒരു വിഭാഗത്തെക്കുറിച്ച് പറയുന്നു. വ്യാജാത്മക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിക്കുന്നവരുടെ കപടതയിൽ കുടുങ്ങിയതിനാലാണ് അവർ തെറ്റിപ്പോകുവാൻ ഇടയായത്. വിശ്വാസ ത്യാഗത്തെ കേവലം ബുദ്ധിപരമായ വ്യതിയാനം എന്നതിനുപരിയായി സാത്താന്യപ്രവർത്തനത്തിന്റെ ഫലമാണ് എന്ന് പൗലോസ് വ്യക്തമാക്കുന്നു. ആധുനിക യുഗത്തിലുള്ള മനുഷ്യൻ പ്രബുദ്ധനാണെന്ന് അഭിമാനിക്കുമ്പോഴും പുരാതനകാലത്തെവെല്ലുന്ന ആഭിചാര പ്രവണതകൾക്കടിമയാകുകയാണ് എന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. ***ഭൂതങ്ങളുടെ ഉപദേശങ്ങൾ*** എന്നത് ഭൂതങ്ങളെക്കുറിച്ചുള്ള ഉപദേശമല്ല, ഭൂതങ്ങളുടെ പ്രേരണയാലുള്ള ഉപദേശമാണ്. അവരുടെ വാക്കുകൾ കപടത നിറഞ്ഞതാണ്. ദുരൂപദേശങ്ങളുടെ ഏറ്റവും അപകടകരമായ ദോഷമെന്നത് അതിന്റെ നിഗൂഢതയാണ്. വളരെ നാളുകൾ ദുരൂപദേശ സംഘടനകളിൽ കുടുങ്ങിയവർ സത്യവിശ്വാസത്തിലേക്ക് വരുമ്പോൾ തങ്ങൾ എപ്രകാരം ദുരൂപദേശസംഘടനകളാൽ വഞ്ചിക്കപെട്ടു എന്ന് വെളിപ്പെടുത്താറുണ്ട്. ആകയാൽ നമുക്ക് ചുറ്റും അലറി വീശുന്ന ദുരൂപദേശങ്ങളുടെ കൊടുംകാറ്റിൽ നാം താളടിയാകാൻ പാടില്ല.

**2. വിശ്വാസം ത്യജിക്കുന്നവരുടെ ഉപദേശം (4:2–3)**

ഇപ്രകാരം തെറ്റിലേക്ക് തിരിയുന്നവർ മനസാക്ഷി തഴമ്പിച്ചവരായിത്തീരുന്നു. ആദ്യം അവർ മൃദുവായ മനസാക്ഷിയുള്ളവരായിരുന്നു. എന്നാൽ ദൈവം സ്ഥാപിച്ച വിവാഹം തെറ്റായി ചിത്രീകരിക്കുന്ന ജ്ഞാനവാദികൾക്കൊപ്പം അവർ ചേർന്നു. ദൈവവചനവും ലോകജ്ഞാനവും ഒരുമിച്ച് പോകയില്ല. വിശ്വാസത്തെ തകർക്കുന്ന ലൗകീക ജ്ഞാനം ഇന്നും അപകടം വിതയ്ക്കുന്നുണ്ട്. നാം അതിനെ കണ്ടില്ല എന്ന് നടിക്കുന്നു. വിശ്വാസം ത്യജിക്കുന്നവരുടെ രണ്ട് തെറ്റായ ഉപദേശങ്ങളെക്കുറിച്ച് പൗലോസ് പറയുന്നു, ആദ്യമായി, വിവാഹം വിലക്കുന്ന ഉപദേശം അവർ പഠിപ്പിക്കുന്നു. ദൈവത്താൽ സ്ഥാപിതമായ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒരു ഘടകമാണ് കുടുംബം, മാത്രമല്ല പാപത്തിന്റെ പ്രവേശനത്തിന് മുൻപ് നിലവിൽ വന്നതും, ഏറ്റവും മാന്യവുമായ ഒന്നാണ് വിവാഹം. വിവാഹ ജീവിതത്തിന് യാതൊരു വിലയും കല്പിക്കാത്ത വിദേശങ്ങളിൽ പാർക്കുന്ന നമ്മുടെ സഹോദരങ്ങൾ ദൈവത്താൽ സ്ഥാപിതമായ വിവാഹത്തിനും കുടുംബജീവിതത്തിനും പാവനമായ സ്ഥാനം നല്കുന്നു. ദൈവവ്യവസ്ഥകളെ അവഹേളിക്കുക സാത്താന്യമായ സമീപനമാണ്. രണ്ടാമതായി, അവർ ചില ഭോജ്യങ്ങളെ വർജ്ജിക്കുവാൻ പ്രേരിപ്പിക്കുന്നു. ചില ഭക്ഷണങ്ങൾ ഒഴിവാക്കുന്നു എന്നതിലുപരിയായി, ചില ഭൂതങ്ങളുടെ പ്രേരണയാലുള്ള ഉപദേശത്തിന്റെ ഫലമായിട്ടാണ് അപ്രകാരം ചെയ്യുന്നത്.

**3. വിശ്വാസ യോഗ്യമായ വചനം (4:4–5)**

ദൈവത്തെക്കുറിച്ചും ദൈവത്തിന്റെ സൃഷ്ടിയെക്കുറിച്ചും അവബോധമുള്ളവർക്ക് ഈ നിലയിലുള്ള ഭൂതങ്ങളുടെ പ്രേരണയാലുള്ള ഉപദേശത്തിൽ നിന്നും രക്ഷനേടുവാൻ കഴിയും. ദൈവത്തിന്റെ സൃഷ്ടിയെക്കുറിച്ച് നാം വിലയിരുത്തുമ്പോൾ വിവാഹ ജീവിതവും മനുഷ്യന്റെ ഭക്ഷണത്തിനാവശ്യമായ ധാന്യങ്ങളും പക്ഷിമൃഗാദികളും എല്ലാം തന്നെ മനുഷ്യന് ഉപകാരപ്രദമായിട്ടാണ് ദൈവം സൃഷ്ടിച്ചത്. അവയെല്ലാം സ്തോത്രത്തോടെ അനുഭവിക്കണം, ദൈവം ഒരുക്കിത്തരുന്ന വസ്തുക്കളെ യാതൊരു നന്ദി പ്രകടനവും കൂടാതെ അനുഭവിക്കുന്നത്, ദൈവത്തിന്റെ സൃഷ്ടികളെക്കുറിച്ച് ചിന്തിക്കാത്തതിനാലാണ്. ദൈവജനത്തിന്റെ എല്ലാ ശുശ്രൂഷകളിലും ദൈവവചനത്തിനും പ്രാർത്ഥനക്കും സ്ഥാനം നല്കുന്നത് കേവലം ചടങ്ങായിട്ടല്ല, ദൈവത്തിന്റെ വ്യവസ്ഥയായിട്ടാണ്. **(തുടരും)**

# "യഥാർത്ഥ അനുഗ്രഹം"

**കുഞ്ഞമ്മ ചാക്കോ, പള്ളിക്കൽ**

**പ**ഴയനിയമത്തിൽ വളരെ ചുരുക്കമായും എന്നാൽ ശക്തമായും പ്രതിപാദിക്കപ്പെട്ടിട്ടുള്ള ഒരു സ്ത്രീരത്നമാണ് ഹന്നാ. 1 ശമൂ. 2: 1–10 വരെയുള്ള വാക്യങ്ങളിൽ ഹന്നായുടെ പ്രാർത്ഥന രേഖപ്പെടുത്തിയിട്ടുണ്ട്. അവിടെ യഹോവയുടെ വലിപ്പം, സ്നേഹം, സംരക്ഷണം എന്നിവയ്ക്കു ഹന്നാ നൽകിയിരിക്കുന്ന പ്രാധാന്യം വ്യക്തമാണ്. ഹന്നാ ദൈവത്തെ സ്തുതിച്ച് നന്ദി കരേറ്റുകയാണ്. *അവൻ ദരിദ്രനെ പൊടിയിൽ നിന്നു നിവിർത്തുന്നു. അഗതിയെ കുപ്പയിൽ നിന്നും ഉയർത്തുന്നു. പ്രഭുക്കന്മാരോടുകൂടെ ഇരുത്തുവാനും മഹിമാസനം അവകാശമായി നല്കുവാനും തന്നേ* (1 ശമൂ.2:8). തന്റെ കഴിഞ്ഞകാല ജീവിതം ഇതായിരുന്നു. എന്നാൽ ദൈവം അതിൽനിന്നും അവളെ ഉയർത്തിയിരിക്കുന്നു.

ഹന്നാ ദൈവത്തെ സ്തുതിക്കുവാനുള്ള കാരണം ഒന്നാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എല്ക്കാനയുടെ ഭാര്യ ആയിരുന്ന ഹന്നെയ്ക്ക് മക്കൾ ഇല്ലായിരുന്നു. ആ കാരണത്താൽ എല്ക്കാനയുടെ മറ്റൊരു ഭാര്യയായിരുന്ന പെനിന്നാ അവളെ വല്ലാതെ വേദനിപ്പിച്ചിരുന്നു. ആ സന്ദർഭത്തിൽ അവൾ നിരാശയായിത്തീർന്നില്ല. അവൾ യഹോവയുടെ സന്നിധിയിൽ ചെന്ന് മനോവ്യസനത്തോട് കരഞ്ഞു പ്രാർത്ഥിച്ചു. മാത്രമല്ല, അവളുടെ പ്രാർത്ഥന ഉറച്ച തീരുമാനത്തോടു കൂടിയതായിരുന്നു. *സൈന്യങ്ങളുടെ യഹോവേ, അടിയന്റെ സങ്കടം നോക്കി അടിയനെ ഓർക്കയും അടിയനെ മറക്കാതെ ഒരു പുരുഷസന്താനത്തെ നൽകുകയും ചെയ്താൽ അടിയൻ അവനെ അവന്റെ ജീവപര്യന്തം യഹോവയ്ക്കു കൊടുക്കും* (1 ശമൂ. 1:11). അവൾ ദൈവത്തിലുള്ള പരിപൂർണ്ണ വിശ്വാസത്തോടെ തന്റെ പ്രാർത്ഥനയിൽ ജാഗരിച്ചു. പ്രിയ സഹോദരിമാരേ, ഈ ഹന്നയെപ്പോലെ നാമും വിശ്വാസത്തോടെ ദൈവസന്നിധിയിൽ സമയം ചിലവഴിക്കേണ്ടതാണ്. യഹോവ ഹന്നായെ ഓർത്തു. ദൈവം അവളുടെ പ്രാർത്ഥന കേട്ടു. അവൾ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിച്ചു. ഞാൻ അവനെ യഹോവയോടു അപേക്ഷിച്ചു വാങ്ങി എന്നു പറഞ്ഞ് അവന്ന് ശമൂവേൽ എന്നു പേരിട്ടു. അവൾ ദൈവസന്നിധിയിൽ എടുത്ത തീരുമാനംപോലെ തന്റെ മകനെ ശീലോവിൽ യഹോവയുടെ ആലയത്തിലേയ്ക്ക് കൊണ്ടു ചെന്നു. അവൾ ദൈവ സന്നിധിയിൽ വിശ്വസ്തയാകയാൽ ദൈവം അവളെ അനുഗ്രഹിച്ചു. അവൾ ഗർഭം ധരിച്ച് 3 പുത്രന്മാരെയും 2 പുത്രിമാരെയും പ്രസവിച്ചു (1 ശമൂ. 2:20,21). ഒരു കാലത്ത് നിന്ദിതയായിരുന്ന ഹന്നായെ ദൈവം പുത്ര സമ്പന്നയായി ഉയർത്തി. ഒന്നിനെ അവൾ ദൈവത്തിനു കൊടുത്തപ്പോൾ ഒന്നിനു പകരം 5 മക്കളെ ദൈവം അവൾക്കു കൊടുത്തു. ഇന്ന് അവൾ ഏറ്റവും അനുഗ്രഹിക്കപ്പെട്ടവൾ ആണ്. ദൈവ പുരുഷനായ പ്രവാചകന്റെ അമ്മ; യിസ്രായേൽ മക്കളുടെ ന്യായാധിപന്റെ അമ്മ. യിസ്രായേലിന്റെ ഒന്നാം രാജാവായ ശൗലിനെയും രണ്ടാം രാജാവായ ദാവീദിനെയും അഭിഷേകം ചെയ്ത പുരുഷന്റെ അമ്മ. അവൾ ദൈവത്തെ മാനിച്ചപ്പേൾ അവളെ ദൈവം മാനിച്ചു.

സഹോദരിമാരേ, ഒരു കാലത്ത് നാമും കുപ്പയിൽ കിടന്നവരായിരുന്നു. എന്നാൽ ദൈവം തന്റെ പുത്രൻ മുഖാന്തരം നമ്മെ രക്ഷിച്ചു. അവൻ നമ്മെ ഉയർത്തി. എത്ര ഏത്ര അനുഗ്രഹങ്ങളാണ് ദൈവം നമുക്ക് തന്നിട്ടുള്ളത്. ഹന്നായെപ്പോലെ ദൈവം നമുക്ക് നൽകിയിട്ടുള്ള മക്കളെ കർത്താവിന്റെ വേലയ്ക്കയി ഏൽപ്പിച്ചു കൊടുക്കുമെങ്കിൽ അതിനെക്കാൾ അനുഗ്രഹിക്കപ്പെട്ടതായി മറ്റൊന്നുമില്ല. കർത്താവിന്നു പ്രയോജനപ്പെടുന്നവരായി നമുക്ക് നമ്മുടെ കുഞ്ഞുങ്ങളെ വളർത്താം. ദൈവ ഇഷ്ടം മക്കളിലും കൊച്ചുമക്കളിലും നിറവേറുന്നതിനായി നമുക്ക് നിരന്തരം പ്രാർത്ഥിക്കാം. നമ്മുടെ മക്കൾ ആത്മികരായി തീരുന്നതിനും നമുക്ക് പ്രാർത്ഥിക്കാം. ദൈവം അതിനായി വായനക്കാരായ എല്ലാ സഹോദരിമാരെയും സഹായിക്കുമാറാകട്ടെ ●

---

## ഹെബ്രോൻ ചാരിറ്റബിൾ ട്രസ്റ്റ്, കടമ്മനിട്ട

ട്രസ്റ്റിന്റെ വകയായി പത്തനംതിട്ടയ്ക്കു സമീപം നെടുഞ്ചേരി ബിൽഡിംഗ്സിൽ ഒരു അനാഥശാല 2008 ഓഗസ്റ്റ് 30 ന് ആരംഭിച്ചിരിക്കുന്നു. അനാഥരായ ബാലന്മാർക്കാണ് പ്രവേശനം നൽകുക. അന്വേഷകർ ബന്ധപ്പെടുക. കെ. ജെ. ജോർജ്ജ് സെക്രട്ടറി, ഹെബ്രോൻ ചാരിറ്റബിൾ ട്രസ്റ്റ്, അറുകാലിക്കൽ, പോസ്റ്റ് ബോക്സ് – 2, മൈലപ്ര ടൗൺ, 689678, ഫോൺ : 9447984468, 9447984515.

## വിലാസമാറ്റം

റാന്നി സീയോൻകുന്ന് ബ്രദറൺ സഭയ്ക്കുള്ള കത്തിടപാടുകൾ ഈ വിലാസത്തിലേക്ക് അയക്കുമല്ലോ. Zion Kunnu Brethren Assembly, P.O. Box - 26, Pazhavangadi P.O., Ranni - 689 673 എന്ന് പി.പി. ഫിലിപ്പ്, ഹാപ്പി ഏബ്രഹാം.

# ബൈബിൾ പ്രശ്നാവലി (വചനധ്യാനം) നം.100- ഉത്തരം

**വിഷയം : വിശ്വാസികളുടെ ശരീരം - വചനവെളിച്ചത്തിൽ**

**വായനഭാഗം** : റോമ. 6, 12 ; 1 കൊരി. 3,6 ; ഫിലി. 3

**ചോദ്യം** I ദൈവമക്കളുടെ ശരീരം ആരുടെ മന്ദിരം ആകുന്നു?

**ഉത്തരം : 1 കൊരി. 6:19 ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം.**

ഒ.വാ. (1) 1 കൊരി. 3:16 നിങ്ങൾ ദൈവത്തിന്റെ മന്ദിരം. (2) 2 കൊരി. 6:16 നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലോ. (3) റോമ. 8:11 ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു. (4) യോഹ 14:17 സത്യത്തിന്റെ ആത്മാവ് നിങ്ങളിൽ ഇരിക്കുന്നു. (5) 1 തിമൊ. 1:14 നമ്മിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവ്...... (2 കൊരി. 1:22, എഫെ. 4:30)

II ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനുള്ള ശിക്ഷ എന്ത്?

**ഉത്തരം. 1. കൊരി. 3:17 ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ (defile) ദൈവം നശിപ്പിക്കും (destroy )**

III ക്രിസ്തു പാപസംബന്ധമായി ഒരിക്കലായിട്ടു മരിച്ച് ദൈവത്തിന്ന് ജീവിക്കുന്നതുപോലെ നിങ്ങളും പാപസംബന്ധമായി മരിച്ച് ആർക്കുവേണ്ടി ജീവിക്കുന്നു എന്നു കരുതണം?

**ഉത്തരം. റോമ. 6:10,11 പാപസംബന്ധമായി ഒരിക്കലായിട്ടു മരിച്ചവർ എന്നും ക്രിസ്തുയേശുവിൽ ദൈവത്തിന്നു ജീവിക്കുന്നവർ എന്നും എണ്ണണം.**

ഒ.വാ. (1) 1 റോമ. 6:2.... ക്രിസ്തുയേശുവിൽ ദൈവത്തിന് ജീവിക്കണം. (2) 1 പത്രൊ. 2:24 നാം പാപസംബന്ധമായി മരിച്ച് നീതിക്കു ജീവിക്കേണ്ടതിന് അവൻ നമ്മുടെ പാപം ചുമന്ന് ക്രൂശിന്മേൽ കയറി. (3) ഗലാ 2:20 ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നത്. (4) റോമ 14:8 ജീവിക്കുന്നു എങ്കിൽ നാം കർത്താവിനായിട്ട് ജീവിക്കുന്നു. മരിക്കുന്നു എങ്കിൽ കർത്താവിനായി മരിക്കുന്നു.

IV നിങ്ങൾ താന്താങ്ങൾക്ക് ഉള്ളവരല്ല. കാരണം എന്ത്?

**ഉത്തരം. 1. കൊരി. 6:19 പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം. നിങ്ങളെ വിലയ്ക്കുവാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല.**

ഒ.വാ. (1) ഗലാ 3:13 ക്രിസ്തു ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്ന് നിങ്ങളെ വിലയ്ക്കു വാങ്ങി. (2) റോമ 14:8 ജീവിക്കുന്നു എങ്കിലും മരിക്കുന്നു എങ്കിലും നാം കർത്താവിനുള്ളവർ. (3) 1 കൊരി 7:23 നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കുന്നു; മനുഷ്യർക്ക് ദാസന്മാരാകരുത്. (4) വെളി. 5:9 നീ അറുക്കപ്പെട്ടു; നിന്റെ രക്തംകൊണ്ട് സർവ്വഗോത്രത്തിലും ഭാഷയിലും നിന്നുള്ളവരെ വിലയ്ക്കു വാങ്ങി.

V നിങ്ങളുടെ ശരീരങ്ങൾ ആരുടെ അവയവങ്ങളാണ്?

**ഉത്തരം. 1 കൊരി. 6:15 നിങ്ങളുടെ ശരീരങ്ങൾ ക്രിസ്തുവിന്റെ അവയവങ്ങൾ ആകുന്നു. ......അത് വേശ്യയുടെ അവയവങ്ങൾ ആക്കരുത്**

ഒ.വാ. (1) 1 കൊരി. 12:27 നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തൻ വെവ്വേറെ അവയവങ്ങളുമാകുന്നു. (2) കൊരി 6:13 ശരീരമോ ദുർന്നടപ്പിന്നല്ല കർത്താവിന്നത്രേ. (3) റോമ 12:5 നാം ക്രിസ്തുവിൽ ഒരു ശരീരം. (4) എഫെ. 5:30 നാം (അവന്റെ) ക്രിസ്തുവിന്റെ ശരീരത്തിന്റെ അവയവങ്ങളല്ലോ.

VI നിങ്ങളുടെ അവയവങ്ങളെ എന്തിന് അടിമകളായി സമർപ്പിക്കണം?

**ഉത്തരം : റോമ. 6:19 നിങ്ങളുടെ അവയവങ്ങളെ വിശുദ്ധീകരണത്തിനായി നീതിക്ക് അടിമകളായി സമർപ്പിപ്പിൻ.**

ഒ.വാ. (1) റോമ. 6:13 നിങ്ങളെത്തന്നെ മരിച്ചിട്ട് ജീവിക്കുന്നവരായും നിങ്ങളുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായും സമർപ്പിപ്പിൻ. (2) യാക്കോ. 4:7 ദൈവത്തിന് കീഴടങ്ങിയിരിപ്പിൻ. (3) എഫെ. 6:11 പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നില്പാൻ കഴിയേണ്ടതിന് ദൈവത്തന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ.

VII നിങ്ങളുടെ ശരീരങ്ങളെ എങ്ങനെയുള്ള യാഗമായി സമർപ്പിക്കണം?

**ഉത്തരം. റോമ 12:1 നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിക്കണം.**

ഒ.വാ. (1) 1 കൊരി. 6:19 -20. ......നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല; ശരീരംകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (2) എബ്രാ. 13:15-16.......അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുക. നന്മചെയ്യാനും കൂട്ടായ്മ കാണിപ്പാനും മറക്കരുത്. ഈവക യാഗങ്ങ

ളിലല്ലോ ദൈവം പ്രസാദിക്കുന്നത്. (3) 1 പത്രോ. 2:5 നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ...... ആത്മികയാഗം കഴിക്കാൻ തക്ക വിശുദ്ധപുരോഹിതവർഗ്ഗം ആകേണ്ടതിന് പണിയപ്പെടുന്നു.

VIII നിങ്ങളുടെ ശരീരംകൊണ്ട് ആരെ മഹത്വപ്പെടുത്തണം?

**ഉത്തരം. 1 കൊരി. 6:20 ആകയാൽ നിങ്ങളുടെ ശരീരംകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ.**

ഒ.വാ. (1) റോമ. 12:1 നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. (2) എഫെ. 5:19-20........നമ്മുടെ കർത്താവായ യേശുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന് എല്ലായ്പ്പോഴും എല്ലാറ്റിനു വേണ്ടിയും സ്തോത്രം ചെയ്തുകൊണ്ടിരിപ്പിൻ. (3) 1 കൊരി. 10:31. .......നിങ്ങൾ തിന്നാലും കുടിച്ചാലും എന്തുചെയ്താലും എല്ലാം ദൈവത്തിന്റെ മഹത്വത്തി നായി ചെയ്യുവിൻ. (4) കൊലൊ. 3:17.......എന്തു ചെയ്താലും സകലവും കർത്താവായ യേശുക്രിസ്തു വിന്റെ നാമത്തിൽ ചെയ്തും ദൈവത്തിന് സ്തോത്രം പറഞ്ഞുംകൊണ്ടിരിക്കണം.

IX നമ്മുടെ താഴ്ചയുള്ള ശരീരത്തിന്റെ ഭാവി ശ്രേഷ്ഠത എന്ത്?

**ഉത്തരം. ഫിലി. 3:21 കർത്താവ്......നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്തും.**

ഒ.വാ. (1) റോമ. 8:32.....അവനോടുകൂടെ സകലവും നൽകാതിരിക്കുമോ? (2) 1 കൊരി. 15:49, 52. സ്വർഗ്ഗീയന്റെ പ്രതിമ ധരിക്കും........കാഹള നാദത്തിങ്കൽ പെട്ടെന്നു കണ്ണിമയ്ക്കുന്നിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. (4) 2 കൊരി. 4:17 നൊടിനേരത്തേക്കുള്ള ലഘുവായ കഷ്ടം.......തേജസ്സിന്റെ നിത്യഘനം നമുക്കു കിട്ടുവാൻ ഹേതുവാകുന്നു. (5) 1 തെസ്സ. 4:16-17. കർത്താവുതാൻ ഗംഭീര..... ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും. (6) ഫിലി 3:21 ......നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടും. (7) യോഹ 17:24..... 'ഞാൻ ഇരിക്കുന്നിടത്ത് അവരും എന്നോടുകൂടെ ഇരിക്കണം' (കർത്താവു പറയുന്നു.) (8) 1 യോഹ. 3:2......നാം അവനോട് സദൃശന്മാരാകും. (9) വെളി. 22:3-5 യാതൊരു ശാപവും ഇനി ഉണ്ടാകയില്ല. .....അവന്റെ ദാസന്മാർ അവനെ ആരാധിക്കും.....അവന്റെ മുഖം കാണും. അവന്റെ നാമം അവരുടെ നെറ്റിയിൽ ഇരിക്കും. അവർ എന്നെന്നേക്കും രാജാക്കന്മാരായിരിക്കും.

NB: വളരെ അദ്ധ്വാനം ചെയ്ത് പ്രസക്തമായ ഒത്തുവാക്യങ്ങൾ കണ്ടുപിടിച്ച് എഴുതിയ ഏവരെയും കർത്താവ് അനുഗ്രഹിക്കട്ടെ. വിശേഷാൽ 80 - 89 വരെ വയസ്സ് പ്രായമായി വാർദ്ധക്യസഹജമായ അസുഖങ്ങൾമൂലം വിഷമിക്കുന്നതിനിടയിൽ പലപ്പോഴായി, തനിയേ ഒത്തുവാക്യങ്ങൾ കണ്ടുപിടിച്ച് എഴുതി എത്രയും കൂടുതൽ മാർക്കു നേടിയ അമ്മച്ചിമാർക്ക് കർത്താവിന്റെ കയ്യിൽനിന്നുള്ള പ്രതിഫലം കാത്തിരിക്കുന്നു. ധാരാളം സാവകാശമുണ്ടായിട്ടും തേനിലും തേൻകട്ടയിലും മാധുര്യമേറിയ ദൈവവചന പഠനത്തെ അഗണ്യമാക്കി 'ഇമ്പമായ കാഴ്ചകൾ കണ്ട്' ദീർഘസമയം നഷ്ടമാക്കിയവർക്കുള്ള പ്രതിഫലവും നഷ്ടമായിപ്പോകയില്ല.

പ്രശ്നാവലി നം. 94-99 നും 100 നും ഉള്ള സമ്മാനങ്ങൾ ഉടനെ അയയ്ക്കാം

**ജയിച്ചവരുടെ മാർക്കു വിവരം**

| | |
|---|---|
| 1. ഏലിയാമ്മ പൗലോസ്, തൃശൂർ | 153 |
| 2. ജയിനമ്മ ശാമുവേൽ, പേരൂർക്കട (TVM) | 135 |
| 3. ഏലിയാമ്മ കോശി, ബാംഗ്ലൂർ | 133 |
| 4. ജൂബി പി. പോൾ, തൃശൂർ | 127 |
| 5. സുനി ഷാജി. ഒമാൻ | 125 |
| 6. ജയ്നമ്മ പൗലോസ്, പൂനെ | 123 |
| 7. ഒ.വി. ജോസഫ്, പുല്ലാട് | 123 |
| 8. ആലീസ് സാം , സീബ് | 121 |
| 9. മേരി ജേക്കബ്, കല്ലിശ്ശേരി | 120 |
| 10. കുഞ്ഞമ്മ വർഗീസ്, കോഴിമല | 120 |
| 11. ചിന്നമ്മ സാമുവൽ, മുംബൈ | 119 |
| 12. ഏലിയാമ്മ ജേക്കബ്, വിശാഖപട്ടണം | 119 |
| 13. ആലീസ് കോര, പുതുപ്പള്ളി | 118 |
| 14. നിസ്സി ബീം, മീനങ്ങാടി | 117 |
| 15. തങ്കമ്മ ദാനിയേൽ, തൃശൂർ | 117 |
| 16. ശോശാമ്മ വർഗ്ഗീസ്, പാലാരിവട്ടം | 116 |
| 17. അന്നമ്മ തോമസ്, പുല്ലാട് | 116 |
| 18. സിനിമോൾ ഷാജൻ, മലാഡ് | 116 |
| 19. അന്നമ്മ ചാക്കോ,വലിയകാവ് | 115 |
| 20. രത്നാ ജേക്കബ് പുതുപ്പള്ളി | 114 |
| 21. ജേക്കബ് തോമസ്, നോയിഡാ | 112 |
| 22. ഏലിയാമ്മ തോമസ്, രാജകുമാരി | 106 |
| 23. പി.റ്റി. ഫിലിപ്പ്, ബാംഗ്ളൂർ | 106 |
| 24. ലാലി ബാബൂ, ദുബായ് | 104 |
| 25. വത്സമ്മ തോമസ്, ഝാൻസി | 104 |
| 26. ജോളി തോമസ്, കൊളഗപ്പാറ | 100 |
| 27. റിജോയ്സ് ബാബു, പരപ്പ | 100 |
| 28. അന്നമ്മ മത്തായി, ചെന്നൈ | 100 |

# വാർത്തകൾ, കുറിപ്പുകൾ

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**കൊൽക്കത്ത :** കഴിഞ്ഞ 15 വർഷങ്ങളായി സഹോ. പോൾ വർഗീസ് (സീതത്തോട്) കുടുംബമായി ഇവിടെ പ്രവർത്തിച്ചുവരുന്നു. തൽഫലമായി 2 വർഷങ്ങളായി വിവിധ ഭാഷക്കാരായ ഏകദേശം 18 പേർ പുതിയ നിയമപ്രകാരം കർത്താവിനെ ആരാധിക്കുവാനും കൂട്ടായ്മയ്ക്കുമായി Christian Assembly, Kasba - Kolkata എന്ന പേരിൽ തന്റെ ഭവനത്തിൽ കൂടിവരുന്നു. ബന്ധപ്പെടേണ്ട വിലാസം : Evg. Paul Varghese, FB- 53, EKTP, Narikal Bagan, Rajdanga Main Road, Kolkata-700107, Mob:09433 - 246228

**വയനാട് :** വൈ.എം.ഇ.എഫ്. വയനാട് യൂണിറ്റിന്റെ ഏകദിന സുവിശേഷ പ്രവർത്തനം ജൂലൈ 21 ന് വേലിയമ്പത്ത് നടന്നു. ഭവന സന്ദർശനം, ബൈബിൾ ക്ലാസ്സ്, പരസ്യയോഗങ്ങൾ നടത്തി. റ്റി.എം. ജോർജ്ജ്, ജോസ് മാങ്കുടി, യു.എം. പൗലൊസ്, പി.വൈ, കുഞ്ഞുമോൻ എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. അടുത്ത പ്രവർത്തനം ഒണ്ടയാങ്ങാടി സഭയുടെ സഹകരണത്തിൽ നടത്തുവാൻ തീരുമാനിച്ചു. വയനാട്ടിലെ പ്രവർത്തനങ്ങളെ ഓർത്ത് ദൈവജനം പ്രാർത്ഥിക്കണമേ. എന്ന് സെക്രട്ടറി Evg. P.V. Saji, Puthuveettil, Kumbaleri-P.O., Wayanad - 673591, Mob: 9446947043.

**കാരക്കോണം :** മെയ്മാസം 2008ൽ വി.ബി.എസ്. 3 സ്ഥലങ്ങളിൽ നടത്തപ്പെട്ടു. 170 കുഞ്ഞുങ്ങൾ സംബന്ധിക്കുകയും ചിലർ രക്ഷിക്കപ്പെട്ട് വിശ്വാസത്തിൽ വരുന്നതിനും ഇടയായി. 2008 ജൂൺ 21 ന് നടന്ന സ്നാനശുശ്രൂഷയിൽ 2 പേർ കർത്താവിനെ ജലത്തിൽ സാക്ഷിച്ചു. അയൽസഭകളിലെ സുവിശേഷകന്മാരും വിശ്വാസികളും പങ്കെടുത്തു. "കാരക്കോണം മെഡിക്കൽ കോളജിൽ പഠനത്തിനു വരുന്ന വിദ്യാർത്ഥികൾക്ക് ആരാധനയ്ക്കു വരുവാൻ സൗകര്യം ഉണ്ട്" സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാകാനും വിശ്വാസികൾ വർദ്ധിക്കുന്നതിനും പ്രാർത്ഥിക്കണമെ. എന്ന് സുധീർ ബി. ദാനിയേൽ, ബിനു എ., ജി. മേരി ദാസൻ, ജി. ധർമ്മദാസ്. വിലാസം ജി. ധർമ്മദാസ് (ഇവാ.), കാരക്കോണം ബ്രദറൺ അസംബ്ലി, കാരക്കോണം പി.ഒ., തിരുവനന്തപുരം - 695504, Ph: 9995461633.

**മുക്കട :** 5 വർഷമായി നടന്നുകൊണ്ടിരിക്കുന്ന ബൈബിൾ ക്ലാസ്സ് ഞായറാഴ്ചകളിൽ അനുഗ്രഹകരമായി നടക്കുന്നു. ഈ സ്റ്റഡിസെന്ററിന്റെ ചുമതലയിൽ റാന്നി താലൂക്കിൽ വെച്ചൂച്ചിറ പഞ്ചായത്തിൽ വല്യോലിമലയിൽ 3 മാസക്കാലമായി ഭവനസന്ദർശനം നടത്തുകയും അതിന്റെ ഫലമായി ഒരുസഭാപ്രവർത്തനം ആരംഭിക്കുവാനും ഇടയായി. എല്ലാ ചൊവ്വാഴ്ചയും രാത്രികാലങ്ങളിൽ അവിടെയും ഒരു ബൈബിൾക്ലാസ്സ് നടന്നുകൊണ്ടിരിക്കുന്നു. മോതിരവയൽ സഭാംഗവും കുമ്പനാട് ബഥനി ബൈബിൾസ്കൂളിൽ പഠിച്ച് സുവിശേഷവേലയ്ക്കു വേണ്ടി സമർപ്പിക്കപ്പെട്ടതുമായ അനീഷ് തോമസ് ഈ സ്ഥലത്ത് പ്രവർത്തിപ്പാനായി വേർതിരിഞ്ഞിരിക്കുന്നു. മുക്കടയിൽ ഒരു ചിൽഡ്രൻസ് ക്ലബ്ബ് നടന്നുകൊണ്ടിരിക്കുന്നു. ഈ ശുശ്രൂഷകളെ ഓർത്ത് പ്രാർത്ഥിക്കണമെ. സുവി. കെ.ആർ. കുഞ്ഞൂഞ്ഞ്. വിലാസം Bethesda Bible Study Centre, Mukkada P.O., (Via) Karikkattoor, Kottayam - 686 544, Mob: 9961881944.

**കൊടുങ്ങല്ലൂർ** : 1-8-08 ന് കൊടുങ്ങല്ലൂർ ബ്രദറൺ സഭയുടെ ചുമതലയിലും അയൽസഭകളുടെ സഹകരണത്തിലും ഒരു ഏകദിന സമ്മേളനവും 6 പേരുടെ സ്നാനശുശ്രൂഷയും നടന്നു. ജോസ് മാങ്കുടി ശുശ്രൂഷകൾ നിർവ്വഹിച്ചു. സഭയേയും പ്രവർത്തനങ്ങളെയും പ്രാർത്ഥനയിൽ ഓർക്കണമേ. എന്ന് പുഷ്കരൻ ടി.എ., അനൂപ് പി. ജോൺ.

**ഹരിയാന - റോത്തക്ക്** : ഈ സ്ഥലം സഭയിൽ നിന്നും സുവിശേഷ വേലയ്ക്ക് വേർതിരിഞ്ഞ സഹോ. ബി.എച്ച്. വീനസ് റോത്തക്കിലെ കലനൂറിൽ പ്രവർത്തിച്ചതിന്റെ ഫലമായി സ്ഥലവാസികളായ ചിലർ രക്ഷിക്കപ്പെടുവാനും സ്നാനപ്പെടുവാനുമിടയായി. റോത്തക്ക് സ്ഥലം സഭയുടെ സഹകരണത്തിൽ 20-7-2008 ൽ അവിടെ ആരാധനാ കൂടിവരവ് ആരംഭിച്ചു. അവിടുത്തെ പ്രവർത്തനത്തെയും സഹോദരനെയും വിശ്വാസികൾ പ്രാർത്ഥനയിലോർക്കേണമെ. സഹോദരന്റെ വിലാസം. B.H. Venus (Evg.) C/o. Ramesh Saxena, Diggimohala, Ward No. 12, Kalanoor - 124113, Haryana സഭയ്ക്കുവേണ്ടി, പി. ഗോവിന്ദസ്വാമി, പി.എസ്. സണ്ണി.

**വാളകം :** ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും മുഖാന്തരം 2008 ജൂലൈ 2-5 വരെ തമിഴ്നാട്ടിൽ നിലക്കോട്ടയിലുള്ള ബ്രദറൺ സഭയുടെ സഹകരണത്തിൽ EGMന്റെ ശുശ്രൂഷകൾ നിർവ്വഹിച്ചു. പരസ്യയോഗങ്ങളിലും രാത്രിയോഗങ്ങളിലുമായി അനേകർ ദൈവവചനം ശ്രവിക്കുവാൻ ഇടയായി. വി.എം. പോൾ, എം.വി. വർക്കി, ബെൽസ്സസർ, ബോബൻ ജോസ്, കെ.ജെ. ജോർജ്ജ്, കെ.ജെ. ഷാജു, ജാക്സൻ, ജോസ് എന്നിവരും പരിസരപ്രദേശങ്ങളിലുള്ള സുവിശേഷകന്മാരും ശുശ്രൂഷകൾ നിർവ്വഹിച്ചു. ജെ.പി. രാജൻ ഗാനശുശ്രൂഷ നടത്തി. EGM ന്റെ പ്രവർത്തനങ്ങളെ തുടർന്നും പ്രാർത്ഥനയിൽ ഓർക്കുകയും സഹകരിക്കുകയും ചെയ്യണമേ. എന്ന് EGM നുവേണ്ടി കെ.ജെ. ജോർജ്ജ്.

**തിരുവല്ല :** മഞ്ഞാടി ബെഥേൽ ബ്രദറൺ സഭാ സുവിശേഷകനായി ജോഷി ജോസഫ് കുടുംബമായി താമസിച്ച് പ്രവർത്തിക്കുന്നു. തന്നെയും കുടുംബത്തെയും പ്രാർത്ഥ

നയിൽ ഓർക്കേണമേ. വിലാസം ജോഷി ജോസഫ്, ഗ്രേസ് ഭവൻ, ഇരവിപേരൂർ പി.ഒ., 689 542, ഫോൺ: 9961643852. സഭയ്ക്കുവേണ്ടി ഇ.എ. ചാക്കോ, മാത്യൂസ് ജോൺ, സി.റ്റി. തോമസ്.

**ഗോപാൽപൂർ :** ഒറീസായിലെ ഗോപാൽപൂർ ബ്രദറൺ സഭയ്ക്കുവേണ്ടി പണിത ഹോളിന്റെ സ്തോത്രശുശ്രൂഷ 2008 ആഗസ്റ്റ് 15 ന് നടത്തുവാൻ ദൈവം സഹായിച്ചു. സഹോ. സി.പി. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ നടന്ന സ്തോത്ര ശുശ്രൂഷയിൽ കെ.എ. മാത്യു(ചെന്നൈ), വിൽസൺ കെ. തോമസ് (മാവേലിക്കര) എന്നിവർ വചനം ശുശ്രൂഷിച്ചു. തുടർന്ന് 15 - 17 വരെ ഒറീസാ ബ്രദറൺ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ യുവജനങ്ങൾക്കുവേണ്ടി ഒരു യൂത്ത് ക്യാമ്പും പുതിയ ഹോളിൽ വെച്ച് നടത്തി. തുടർന്നും ഇവിടെയുള്ള പ്രവർത്തനങ്ങളെ ഓർത്ത് ദൈവജനം പ്രാർത്ഥിക്കുക. പുതിയ വിലാസം Gopalpur Brethren Assembly, C/o K.A. Dominic, Grace Avenue, Canal Road, Narayanapur. P.O., Karapalli, Gopalpur (Via), Orisa - 761002.

## കൺവൻഷൻ, ക്യാമ്പ്

**ബീഹാർ ബ്രദറൺ വിശ്വാസികളുടെ കോൺഫറൻസ് 2008**

സമയം : 2008 ഒക്ടോ. 6-9 വരെ.

സ്ഥലം : ജൂബിലി ഹാൾ ഓഡിറ്റോറിയം, IOC, Begusarai

പ്രസംഗകർ : ചാണ്ടപ്പിള്ള ഫിലിപ്പ്, ഷാലു റ്റി. നൈനാൻ, രാജൻ തോമസ്, ശമുവേൽ കുര്യൻ, ഡേവിഡ് ജോസഫ്, ജിം മാത്യു. 400 വിശ്വാസികൾ പങ്കെടുക്കും. ചെലവ് - 2,00,000/- പ്രതീക്ഷിക്കുന്നു. ഇവിടെയുള്ള സഭകളും വിശ്വാസികളും സാമ്പത്തികമായി ഞെരുക്കമുള്ളവരാകയാൽ ദൈവജനത്തിന്റെ സഹകരണം പ്രതീക്ഷിക്കുന്നു. വിലാസം - Believers Brethren Assembly, C/o, Benny Chackochen, Krupalaya, New Professors colony, RTS (P.O.), Begusarai, Bihar 851117 എന്ന് അരുൺ കെ. ദാസ്, അനിൽകുമാർ, ജിതേന്ദ്രകുമാർ, ബെന്നി ചാക്കോച്ചൻ.

**നെല്ലികുന്ന്** : 2008 സെപ്റ്റം. 9-13 വരെ SBS തൃശൂർ സെന്റർ ക്യാമ്പ്, നെല്ലിക്കുന്ന് സീയോൻ ബ്രദറൺ ചർച്ചിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. മുഖ്യാതിഥികൾ : കെ.വി. മാത്യു, ബിനു സാമുവേൽ, റെജി കെ. തോമസ്, ഡോ. ജോൺ ഏബ്രഹാം, അബ്രഹാം ജേക്കബ്. ക്യാമ്പിന് ഏകദേശം 2,50,000 രൂപ ചെലവ് പ്രതീക്ഷിക്കുന്നു. സഭകളായും വ്യക്തികളായും ഈ ശുശ്രൂഷയെ ഓർത്ത് പ്രാർത്ഥിക്കുകയും സാമ്പത്തികമായി സഹകരിക്കുകയും ചെയ്യണമെ. എന്ന് പ്രസാദ് ഡേവിഡ്. വിലാസം Prasad David, Alapatt Chemban House, Swathandra Nagar, Kuriachira P.O., Thrissur-680006.

**വിശാഖപട്ടണം** : 2008 ഒക്ടോ. 6,7 തീയതികളിൽ 18-45 വരെ പ്രായമുള്ള വിശ്വാസികൾക്കായി മിഷണറി ചലഞ്ച് കോൺഫറൻസ് വിജയവാഡയിൽ നടത്തുവാൻ ആഗ്രഹിക്കുന്നു. സംബന്ധിക്കുവാൻ ആഗ്രഹിക്കുന്നവർ വിവരം അറിയിച്ചാലും. വിലാസം A.G. Jacob, Bible Centre, # 63-3-58, Jawahar Nagar, Malkapuram (P.O.), Visakhapatnam - 530 011, Cell: 9440542858

## അഭ്യർത്ഥനകൾ

**ചിത്രദുർഗ്ഗാ** : 1998 ൽ സുവി. കെ.വി. വർഗ്ഗീസ് ഇവിടെ വരികയും പ്രവർത്തനഫലമായി 1999 ൽ സഭാ കൂടിവരവ് ആരംഭിക്കുകയും ചെയ്തു. ഇപ്പോൾ 70 ൽ പരം വിശ്വാസികൾ ആരാധനയ്ക്കായി കൂടിവരുന്നുണ്ട്. കൂടിവരവിനായി വാടകവീടുകൾ ലഭിക്കുവാൻ ബുദ്ധിമുട്ടുള്ളതിനാൽ ഒരു സഭാഹാൾ അത്യാവശ്യമായിരിക്കുന്നു. കൂടിവരുന്നവരിൽ 90% വിശ്വാസികളും കൂലിപ്പണിക്കാരും സാധുക്കളുമാണ്. സ്ഥലം വാങ്ങി ഹാൾ പണിയുന്നതിനായി 8,50,000 രൂപ ആവശ്യമായിരിക്കുന്നു. ഈ ആവശ്യത്തിലേക്കായി കാനറാ ബാങ്ക് Holalkere Branch ൽ ഒരു ജോയിന്റ് അക്കൗണ്ട് ആരംഭിച്ചു. No.16883 ആണ്. ഈ ആവശ്യത്തിനായി പ്രാർത്ഥിക്കുകയും താഴെ കാണുന്ന വിലാസത്തിൽ സംഭാവനകൾ അയച്ച് സഹായിക്കുകയും ചെയ്യണമെ. K.V. Varghese (Evg.) Christian Brethren Church, Kumbara Beedhi, Holalkere 577526, Chitradurga, Karnataka. വിദേശത്തു നിന്നും അയയ്ക്കുന്നവർ SAI യുടെ പേരിൽ അയയ്ക്കേണമെ. എന്ന് S. Krupadanam, B. Ramalingappa, N.C. Mounesh, K.V. Varghese. സുവി. ജോസ് മാത്യു മംഗലാപുരവും വി.എസ്. മാത്യു വൈ.എം.ഇ.എഫ്. കൺവീനറും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

**കിഴക്കൻ ഓതറ** : 1906 ൽ ആരംഭിച്ച സഭയാണ് ഇവിടുള്ളത്. ഹാളിന്റെ തറയും ഭിത്തിയും വെട്ടുകല്ലു കൊണ്ട് നിർമ്മിച്ചതായതിനാൽ മഴക്കാലത്ത് ഈർപ്പം കൊണ്ട് ഇരിക്കുവാൻ ബുദ്ധിമുട്ടാണ്. ഹാളിന്റെ ചുറ്റുമതിൽ നിർമ്മിക്കുന്നതിനും, വെട്ടുകൽ - തറ കരിങ്കല്ലിനാൽ ഉറപ്പിക്കുന്നതിനും ഭിത്തി സിമന്റ് പ്ലാസ്റ്റർ ചെയ്ത് ബലപ്പെടുത്തുന്നതിനും ജീർണ്ണിച്ച തടി ഉരുപ്പടികൾ മാറ്റുന്നതിനും ശ്മശാനത്തിന്റെ വെട്ടുകൽ മതിൽ പ്ലാസ്റ്റർ ചെയ്ത് ബലപ്പെടുത്തുന്നതിലേക്കുമായി ഏകദേശം 1,50,000 രൂപാ ആവശ്യമായിരിക്കുന്നു. ഇവിടെ 10 കുടുംബത്തിൽ നിന്ന് 40 പേർ കൂടിവരുന്നു. സുവി. എം.ജെ. ജോബ് ഇവിടെ ശുശ്രൂഷിക്കുന്നു. ഇവിടെ കൂടിവരുന്നവർ എല്ലാവരും നിർദ്ധനരും കൂലിവേല ചെയ്തു ഉപജീവനം ചെയ്യുന്നവരുമാകയാൽ 20000/- രൂപ മാത്രം ഞങ്ങൾ ക്രമീകരിച്ചു. ആയതിനാൽ ഈ ആവശ്യത്തിലേക്ക് സ്വദേശത്തും വിദേശത്തും ഉള്ള ദൈവമക്കൾ പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു. സഭയുടെ പേരിൽ സ്റ്റേറ്റ് ബാങ്ക്

ഓഫ് ട്രാവൻകൂർ നെല്ലിമല ബ്രാഞ്ചിൽ A/c. 67045778301 ഒരു ജോയിന്റ് അക്കൗണ്ട് കെ.സി. ജോൺ, കെ.സി. ശമുവേൽ എന്നിവരുടെ പേരിലുണ്ട്. കൂട്ടായ്മകൾ ഈ അക്കൗണ്ടിൽ മാറത്തക്കവണ്ണം കെ.സി. ശമുവേൽ കൂനംപാലയ്ക്കൽ ഹൗസ്, കിഴക്കൻ ഓതറ പി. ഒ.-689 546, തിരുവല്ല, എന്ന വിലാസത്തിലും വിദേശത്തുനിന്നും അയയ്ക്കുന്ന സഹായങ്ങൾ Stewards Association in India എന്ന പേരിൽ എഴുതി P.V. Varghese, Secretary, Mattackal, Koipuram P.O.-689 531യുടെ വിലാസത്തിലും അയയ്ക്കേണ്ടതാണ്. എന്ന് സഭയ്ക്കുവേണ്ടി, വി.എം. ജോയി, കെ.സി. ശമുവേൽ, ചാക്കോ ദാനിയേൽ, എം.ജെ. ജോബ്. എസ്സ്.എ.ഐക്കുവേണ്ടി പി.വി, വർഗ്ഗീസ് സെക്രട്ടറി, പ്രൊഫ. ജേക്കബ് തോമസ് എസ്സ്.എ.ഐ. മെമ്പർ

**കൊടക്കൽ** : 75 വർഷം മുമ്പ് ഇവിടെ സഭ ഉണ്ടായി എങ്കിലും സ്ഥിരപ്രവർത്തകർ ഇല്ലാതെ വന്നതിനാലും സഭാഹാൾ പണികഴിയാഞ്ഞതിനാലും വിശ്വാസികൾ ചിതറിപ്പോയി. സുവി. പി.വി. ജേക്കബ് 7 വർഷം മുമ്പ് ഈ പ്രദേശത്ത് വന്ന് വാടകവീട്ടിൽ താമസിച്ചുകൊണ്ട് അടുത്ത ജില്ലയിലെ ചില സഹപ്രവർത്തകരുമൊരുമിച്ച് പ്രവർത്തിച്ചതിന്റെ ഫലമായി 2002 ജനു.യിൽ ഒരു കൂടിവരവ് ആരംഭിച്ചു. എസ്സ്.എ.ഐ.യുടെ പേരിൽ വാങ്ങിയിട്ടിരുന്ന സ്ഥലത്ത് ഒരു സഭാഹാൾ പണിത് 2004 ഡിസം. മുതൽ അവിടെ സഭ കൂടി വരികയും ചെയ്യുന്നു. സുവി. പി.വി. ജേക്കബ് 2001 മുതൽ ഇവിടെ സ്ഥിരമായി താമസിച്ച് പ്രവർത്തിക്കുന്നു. എന്നാൽ തനിക്ക് സ്വന്തമായി സ്ഥലമോ വീടോ ഇല്ല. അദ്ദേഹവും ഭാര്യയും 2 പെൺമക്കളുമടങ്ങുന്ന കുടുംബം കഴിഞ്ഞ 15 വർഷങ്ങളായി വാടകവീടുകളിൽ മാറിമാറി താമസിക്കുന്നു. അദ്ദേഹത്തിന് സ്വന്തമായി ഒരു വീടുണ്ടാകണമെന്നത് അദ്ദേഹത്തിന്റെ ആവശ്യമായിരിക്കുന്നതിനൊപ്പം അത് കൊടക്കലിൽ വേണമെന്നത് ഈ സഭയുടെ നിലനിൽപ്പിനും പുരോഗതിക്കുംവേണ്ടി ഞങ്ങളുടെ താല്പര്യവുമാണ്. 5 സെന്റ് സ്ഥലം വാങ്ങി ഒരു ചെറിയ വീടുവയ്ക്കുന്നതിന് 5 ലക്ഷം രൂപയാകും. ചെറുതും സാമ്പത്തിക ശേഷിയില്ലാത്തതുമായ ഈ സഭയ്ക്ക് അതു നിർവ്വഹിക്കാൻ പ്രാപ്തിയില്ല. ഈ സാഹചര്യത്തിൽ 5 സെന്റ് സ്ഥലം വാങ്ങി ഒരു ചെറിയ വീടു വെയ്ക്കുവാൻ സഭയായും വ്യക്തികളായും സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഒരു Joint SB Account SBT Kuttipuram, A/c. No. 67062711266 തുടങ്ങിയിട്ടുണ്ട്. സഹായങ്ങൾ ഈ അക്കൗണ്ടിലേക്ക് താഴെ കാണും വിലാസത്തിൽ അയയ്ക്കേണ്ടതാണ്. വിലാസം Ebenezer Daniel, Anthoor Valappil House, Codackal P.O. - 676108, Malappuram. സഭയ്ക്കുവേണ്ടി ബാബു ജേക്കബ്, ഐസക്ക് എം. വർഗ്ഗീസ്, റെജി എം.ആർ., എബനേസർ ദാനിയേൽ, റെജി. സുവി. പി.വി. ജേക്കബ് ദൈവമക്കളുടെ സഹായത്തിന് അർഹനാണ്. തനിക്ക് ഒരു വീട് അടിയന്തിരമായി അത്യാവശ്യമാണ്. വി. കുര്യാക്കോസ്, ജോ. സെക്രട്ടറി, SAI.

**ദുർഗ്** : പുതിയ സഭാഹാളിന്റെ പണിയോടുള്ള ബന്ധത്തിൽ ഗവൺമെന്റിൽ നിന്നും അനുവാദം ലഭിക്കുന്നതിനുള്ള കാലതാമസം നേരിട്ടു. എന്നാൽ എല്ലാ വിഭാഗങ്ങളിൽ നിന്നും ഇതിനോടകം അനുവാദം ലഭിച്ചു. ദൈവഹിതമെങ്കിൽ ഉടനെ സഭാഹാളിന്റെ പണി ആരംഭിക്കുവാൻ ആഗ്രഹിക്കുന്നു. ഇതുവരെ പ്രാർത്ഥിച്ചവർക്കും സഹകരിച്ചവർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു. തുടർന്നും എല്ലാ വിശ്വാസികളുടെയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു. എന്ന് പി.ജി. തോമസ്, വി.എം. മാമ്മൻ, കെ.വി. തങ്കച്ചൻ.

## സുവിശേഷ വയലിലേക്ക്

**മണ്ണാരത്തറ** : ഈ സഭാംഗം എബി ഏബ്രഹാം ഫിലിപ്പ്, യു.പിയിൽ മോറാദബാദിൽ കുടുംബമായി താമസിച്ച് 2008 മാർച്ച് മുതൽ കർത്തൃവേലയിൽ ഏർപ്പെട്ടുവരുന്നു. പ്രവർത്തനഫലമായി ചുരുക്കം ചിലർ താല്പര്യം പ്രകടിപ്പിച്ചു വരുന്നതായി അറിയുന്നു. പൂഴികുന്ന് ആലുങ്കൽ ഏബ്രഹാം ഫിലിപ്പ് ദമ്പതികളുടെ ഏകസന്താനമായ എബി, കുമ്പനാട് ബഥനി ബൈബിൾ സ്കൂളിലും പത്തനംതിട്ട ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിലും പഠനം പൂർത്തീകരിച്ച ശേഷമാണ് വേലയ്ക്ക് വേർതിരിഞ്ഞത്. സഹോദരനെയും കുടുംബത്തെയും പ്രാർത്ഥനയിൽ ഓർക്കണമെന്നപേക്ഷിക്കുന്നു. സഭയ്ക്കുവേണ്ടി വി.കെ. മാത്യു, റ്റി.കെ. ചാക്കോ വിലാസം Abey Abraham Philip, C/o Mr. Jeet Singh, D2/51, Ashiyana Phase-2, Moradadad U.P-244001.

**നോർത്ത് ലക്കിംപൂർ (ആസ്സാം)** : ഹരിദോൾ എന്ന ഗ്രാമത്തിലെ പ്രവർത്തനഫലമായി മുണ്ടവിഭാഗത്തിൽപ്പെട്ട വിജയ് ഹെരേ എന്ന യുവ സഹോദരൻ രക്ഷിക്കപ്പെട്ട് സ്നാനപ്പെടുകയും സഭയിൽ നല്ലസാക്ഷ്യം പുലർത്തിവരികയും ചെയ്യുന്നു. ബൈബിൾ സ്കൂൾ പഠനത്തിന് ശേഷം തന്നോടുള്ള ദൈവഹിതം മനസ്സിലാക്കി കഴിഞ്ഞ 8 മാസക്കാലമായി സുവിശേഷവേല ചെയ്തുവരുന്നു. അവിശ്വാസികളായ മാതാപിതാക്കളും സഹോദരങ്ങളും ഈ സഹോദരനോട് യാതൊരു സഹകരണവും കാണിക്കുന്നവരല്ല. തന്റെ കുടുംബത്തെയും ഗ്രാമത്തെയും ഉപേക്ഷിച്ച് കർത്താവിനായി ഇറങ്ങിത്തിരിച്ച ഈ യുവസഹോദരനെ ദൈവജനം പ്രാർത്ഥനയിൽ ഓർക്കണമേ. എന്ന് Joby John, Peter Kuldeep, Junah Sona. സഹോദരന്റെ വിലാസം, Bijay Here, C/o Joby John, Chandmari (Villege), Ward No-14, Khelmatti P.O., North Lakhimpur (Dist), Assam - 787 031.

**കരമന** : ഈ സഭയിലെ സി. ശശി കഴിഞ്ഞ ഒരു വർഷത്തോളമായി ക്യാൻസർ രോഗത്താൽ ഭാരപ്പെട്ടു. എന്നാൽ ദൈവമക്കളുടെ പ്രാർത്ഥനയുടെ ഫലമായി തനിക്ക് പൂർണ്ണസൗഖ്യം ലഭിച്ച വിവരം സ്തോത്രത്തിനായി അറിയിച്ചുകൊള്ളുന്നു. പ്രിയ ശശി സുവിശേഷവേലക്കായി വേർതിരിഞ്ഞ വിവരവും ഇതോടൊപ്പം അറിയിക്കുന്നു. കഴിഞ്ഞ 5 വർഷമായി ഈ സ്ഥലം സഭയിലെ സഹോദരൻമാരോട് ചേർന്ന് ശുശ്രൂഷ ചെയ്തു വരുന്നു.

തനിക്ക് ഭാര്യയും മക്കളുമുണ്ട്. സഹോദരനെ കുടുംബ മായി പ്രാർത്ഥനയിൽ ഓർക്കണമേ. വിലാസം - ശശി സി., പനയിൽവീട്, ആറ്റുകാൽ, മണക്കാട് പി.ഒ., തിരുവനന്തപുരം - 695009, ഫോൺ- 9349472709. എന്ന് സഹോദരൻമാർ.

**നെല്ലികുന്ന് :** സഹോ. ജോഷി ജോൺ സ്ഥലം സഭയോടുള്ള ബന്ധത്തിൽ സജീവമായി മുൻപോട്ടു പോകുമ്പോൾ, 2005 ൽ വേലക്കായി കർത്താവിന്റെ വിളി ലഭിക്കുകയും അത് സഭയെ അറിയിക്കുകയും ചെയ്തു. 2006 ൽ കുമ്പനാട്ടുള്ള ബഥനി ബൈബിൾ സ്കൂളിൽ ചേർന്ന് ഒരു വർഷത്തെ വേദാദ്ധ്യയനം പൂർത്തീകരിച്ചു. ഇപ്പോൾ സഭയുടെ ശുശ്രൂഷകളിൽ സഹകരിക്കുന്നതോടൊപ്പം അടുത്തുള്ള സ്ഥലമായ മൂർക്കനിക്കര തന്റെ വേലസ്ഥലമായി തിരഞ്ഞെടുത്ത് സ്ഥലത്തെ മറ്റു സഹോദരന്മാരോടു ചേർന്ന് പ്രവർത്തിച്ചു വരുന്നു. തനിക്ക് ഭാര്യയും 2 മക്കളുമുണ്ട്. വേലയ്ക്കുള്ള വിളി സഭയ്ക്കു ബോധ്യമായതിനാൽ തന്നെ സുവിശേഷകൻ എന്ന നിലയിൽ ദൈവജനസമക്ഷം പരിചയപ്പെടുത്തുവാൻ സന്തോഷമുണ്ട്. സഹോദരനെയും താൻ ചെയ്യുന്ന വേലയെയും ഓർത്ത് പ്രാർത്ഥിപ്പാനും, ഒരു കർത്തൃദാസന് അനുയോജ്യമായ അംഗീകാരവും സഹകരണവും എല്ലാ ദൈവമക്കളിൽ നിന്നും ഉണ്ടാകണമെന്നും ദൈവനാമത്തിൽ അഭ്യർത്ഥിക്കുന്നു. വിലാസം Joshy John, Cheruvathoor House, Nazareth Angadi, Nellikkunnu, Thrissur, Kerala - 680005 എന്ന് ജെയിംസ് വില്യം, പി.വി. ആന്റണി, എം.പി. ഗോഡ്ലി.

**വഴിക്കടവ് :** സഹോ. കെ. ഗോപാലകൃഷ്ണൻ 1976 ൽ രക്ഷിക്കപ്പെട്ടു. 1977ൽ സ്നാനപ്പെട്ടു. 1978 ൽ കുമ്പനാട് ബഥനി ബൈബിൾ സ്കൂളിൽ ചേർന്നു ദൈവവചനം പഠിച്ചു. 1979-1984 വരെ ഒ.എം. ടീമിൽ ചേർന്നു ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചു. കർത്താവിന്റെ വിളിയും തിരഞ്ഞെടുപ്പും പൂർണ്ണമായി ബോദ്ധ്യപ്പെട്ടപ്പോൾ കർത്തൃവേലയ്ക്കുവേണ്ടി തന്നെത്തന്നെ സമർപ്പിച്ചു. 1985 മുതൽ വടക്കേ ഇന്ത്യയിൽ ബോക്കോറോയിൽ കർത്താവിന്റെ വയലിൽ അദ്ധ്വാനിച്ചുകൊണ്ടിരിക്കുന്നു. സഹോദരന് ഭാര്യയും 2 മക്കളുമുണ്ട്. തന്നെ ദൈവജനത്തിന്റെ മദ്ധ്യത്തിൽ പ്രാർത്ഥനാപൂർവ്വം പരിചയപ്പെടുത്തിക്കൊള്ളുന്നു. മേൽവിലാസം K. Gopalakrishnan, Q.R.No. 2147/4A Sector 4, Bokaro Steel City- 827004. വഴിക്കടവ് സഭയ്ക്കുവേണ്ടി T.A. Cheriyan, V.P. Murali, Jose T.N., T.P. Mathew.

**തൃശൂർ :** ഈ സ്ഥലംസഭയിലെ സഹോ. കെ.ഡി. ജോൺസൺ തന്റെ ജോലി രാജിവെച്ച് കഴിഞ്ഞ ഒരു വർഷത്തിലധികമായി സുവിശേഷവേല ചെയ്തുകൊണ്ടിരിക്കയാണ്. സഹോദരനുള്ള ദൈവവിളി സഭയ്ക്ക് ബോധ്യമായതിനാൽ സഭ തന്നെ ഒരു മുഴുസമയ വേലക്കാരനായി അംഗീകരിച്ചിരിക്കുന്നു. ഭാര്യയും 2 മക്കളും

RN.No. 36067/ 81
Postal Reg. No. KL/TLA/44/2006-08 dt. 09-09- 05
ആത്മപ്രകാശിനി
If undelivered Please return to:
Athma Prakashini
P.B.No.10
Kumbanad
Thiruvalla 689 547
Printed and Published by
C.A.George
at Excel Offset Printers, Omallor

ഉള്ള പ്രിയ സഹോദരനെ ദൈവമക്കൾ പ്രാർത്ഥന കൊണ്ടും കൈതാങ്ങൽകൊണ്ടും സഹായിക്കണമെന്ന് താല്പര്യപ്പെടുന്നു. വിലാസം K.D. Johnson, Kavalakkadan House, Aramkallu, Pattikkad P.O., Thrissur - 680652, Mob: 9388404281 സഭയ്ക്കുവേണ്ടി എം.എ. ജോയി, എം.എ. ജോസ്, ബെന്നി മാത്യു.

## വിവിധ വിഷയങ്ങൾ

**ജീവാമൃതം ടി.വി. പ്രോഗ്രാം** : കഴിഞ്ഞ 9 മാസങ്ങൾ ക്രിസ്തീയ സഭ എന്ന വിഷയത്തെക്കുറിച്ച് 38 എപ്പിസോഡുകളിലായി 'ജീവാമൃതം' പ്രോഗ്രാം പവർവിഷൻ ചാനലിൽ പ്രക്ഷേപണം ചെയ്യുവാൻ കർത്താവ് സഹായിച്ചു. 2008 ആഗസ്റ്റ് 16 മുതൽ എല്ലാ ശനിയാഴ്ചയും രാത്രി 9 മണിക്ക് വെളിപാടു പുസ്തകത്തെ അധികരിച്ചുള്ള പഠന പരമ്പര പവർവിഷൻ ചാനലിൽ 'ജീവാമൃതം പരിപാടിയിലൂടെ ആരംഭിക്കുന്നു. ഈ പരിപാടി കാണുവാനും അനേകരോട് ഇതെക്കുറിച്ച് പറയുവാനും വിശ്വാസികൾ താല്പര്യപ്പെടേണമേ. എന്ന് ചാണ്ടപ്പിള്ള ഫിലിപ്പ്.

**ശബരിമാങ്കൽ** : വി.സി. ജോർജ്ജ് മലേക്കീഴ് എന്ന സഹോദരനെ പല കാരണങ്ങളാൽ കഴിഞ്ഞ ഒരു വർഷത്തിലധികമായി സ്ഥലംസഭാശുശ്രൂഷകളിൽനിന്നും മാറ്റി നിറുത്തിയിരിക്കയാണ്. താൻ ബ്രദറൺ സുവിശേഷകൻ എന്ന നിലയിൽ പല സ്ഥലംസഭകളിലും സന്ദർശിക്കുന്നതായി അറിയുന്നു. ഈ സഹോദരനുമായി എസ്.പി.എസ്. ഫണ്ടു പ്രവർത്തനങ്ങൾക്കോ സ്ഥലംസഭകൾക്കോ യാതൊരു ബന്ധവുമില്ല എന്ന കാര്യം അറിയിച്ചുകൊള്ളുന്നു. കമ്മറ്റിക്കുവേണ്ടി സി.സി. മാത്യു, റ്റി.പി. തങ്കച്ചൻ, എം.എസ്. ചാക്കോ, സി.എം. തോമസ്, ജോ. സെക്രട്ടറി ഈട്ടിയ്ക്കൽ കുഞ്ഞുമോൻ, സെക്രട്ടറി സി.പി. അനിയൻ.